മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 12 | THE ONLINE OFFICIAL NEWS BULLETIN | 2021 March 20

SEASON OF GREAT LENT | വലിയ നോമ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
21  ♪6 hadbšabo d Samyo (Blind Man) 6th Sunday of Great Lent Catholicate Day	22  ♪2 136th Mem. of Konattu Geevarghese Mar Julios (Pampakuda) Ushané (Osana) Monday	23 ♪6 Ushané (Osana) Tuesday	24 ♪2 Ushané (Osana) Wednesday	25   ♪4 Suboro Annunciation to St. Mary 293rd Mem. of Mar Thoma IV (Kandanad) Ushané (Osana) Thursday	26 ♪2 erubto d-arbin 40th Day of Great Lent	27  ♪6 Nuhome d l'ozar Comme. of St. Lazar of Bethany Lazarus' Saturday



മാർച്ച് 21
കാതോലിക്കാ ദിനം



കോട്ടയം ചെറിയപള്ളിക്കു സർക്കാർ അംഗീകാരം

കോട്ടയം: കേരള സർക്കാർ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ അക്ഷര നഗരിയായ കോട്ടയത്ത് ആരംഭിക്കുന്ന അക്ഷര മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി അക്ഷര ടൂറിസം എന്ന ഒരു ബൃഹത് പദ്ധതിക്കു തുടക്കമിട്ടു. അക്ഷര ടൂറിസം സ്പോട്ടുകളിൽ കോട്ടയം ചെറിയപള്ളിയും സ്ഥാനം നേടി. ചെറിയപള്ളിയിലെ അതിപുരാതനമായ ചുമർ ചിത്രങ്ങൾ, മാർ ഗബ്രിയേലിന്റെ മരണ വിവരം രേഖപ്പെടുത്തിയിരിക്കുന്ന ഫലകത്തിലെ കോലെഴുത്ത്, മാർ ഗബ്രിയേലിന്റെ ടെമ്പറ ചിത്രം, കൽത്തൂണുകളിൽ ഉറപ്പിച്ച നാടകശാല, പള്ളിയുടെ ആനപ്പള്ള മതിൽ ഇവയുടെ അക്ഷര - ചരിത്രമൂല്യം പരിഗണിച്ചാണ് സർക്കാർ തീരുമാനം. മാർച്ച് 15-ന് കോട്ടയത്ത് നടന്ന യോഗത്തിൽ സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി IAS (മുൻ കലക്ടർ, കോട്ടയം), റജിസ്ട്രാർ പി. ബി. നൂഹ് IAS എന്നിവർ നേതൃത്വം നൽകി.



ഇരുവൃക്കകളും തകരാറിലായ ഇടുക്കി സ്വദേശി അലന്റെ ചികിൽസാ സഹായനിധിയിലേക്ക് പഴന്തോട്ടം മോർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പ്രവർത്തകർ സമാഹരിച്ച എൺപതിനായിരം രൂപ ഇടുക്കി ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസിന് കൈമാറുന്നു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻ പുറത്തിറക്കിയ ഏറ്റവും പുതിയ 4 പുസ്തകങ്ങൾ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ പരുമല സെമിനാരിയിൽ പ്രകാശനം ചെയ്തു. പുസ്തകം എം.ഒ.സി. യുടെ എല്ലാ ഔട്ട്ലെറ്റുകളിലും ലഭിക്കുന്നു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department



മഹാപുരോഹിത സന്ദേശം

കർത്താവിൽ വാത്സല്യമുള്ളവരെ,

മലങ്കരസഭ അതിന്റെ രണ്ടായിരം വർഷത്തിൽ അധികമായുള്ള പ്രയാണത്തിൽ അനുഗ്രഹകരമായ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിച്ചുകൊണ്ട് ലോകമെങ്ങും വ്യാപിച്ചിരിക്കുന്നു എന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. നിരവധി പ്രതിസന്ധികളും പ്രതിബന്ധങ്ങളും നാം അഭിമുഖീകരിച്ചു എങ്കിലും ഈ സത്യസഭയെ ദൈവം കണ്ണിലെ കൃഷ്ണമണിപോലെ പരിപാലിച്ച് ഇന്നും ശോഭയോടെ നിലനിർത്തുന്നു. 2017 ജൂലൈ 03-ാം തീയതി ഉണ്ടായ സുപ്രീംകോടതി വിധി ഈ സഭയുടെ ചരിത്രവഴികളിൽ അതിനിർണ്ണായകമായ ദൈവീക ഇടപെടലായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. ഈ വിധിയുടെ പശ്ചാത്തലത്തിൽ നമ്മുടെ ഭാവി തലമുറ ഒരിക്കലും നമ്മെ കുറ്റപ്പെടുത്താനിടയാകാത്തവിധം ശക്തമായ നിലപാട് സ്വീകരിക്കണമെന്ന നമ്മുടെ ഉറച്ച ബോധ്യത്തിൽ നിന്നുകൊണ്ടാണ് ഇന്നുവരെയും നാം മുന്നോട്ട് പോയതെന്ന് ദൈവമുമ്പാകെ നമുക്ക് നിർമ്മലമനസ്സാക്ഷിയോടെ പറയുവാൻ കഴിയും. ഏറെ പഴികളും ദുഷികളും കേൾക്കേണ്ടിവന്ന, ഒരുപക്ഷെ കാർക്കശ്യമെന്ന് തെറ്റിദ്ധരിച്ച് ലോകം വിലയിരുത്തുന്ന നിലപാടിൽ നാം ഉറച്ചുനിൽക്കുന്നു എന്നതിന് ദൈവമുമ്പാകെയും നമ്മുടെ മനഃസാക്ഷിയുടെ മുമ്പാകെയും നമുക്ക് വ്യക്തമായ ഉത്തരമുണ്ട്.

1. യേശുതമ്പുരാന്റെ ശരീരമാകുന്ന ഈ സഭയുടെ സ്ഥാപകൻ കർത്താവിന്റെ ശിഷ്യനായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാണ് എന്ന അടിസ്ഥാന സത്യത്തെ ബലികഴിക്കുവാൻ നമുക്ക് മരണം വരെയും സാധ്യമല്ല. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹികതയെയും പൗരോഹിത്യത്തെയും പാടെ നിഷേധിക്കുന്ന വേദവിപരീതത്തോട് സന്ധിചെയ്തുകൊണ്ട് കപടമായ സമാധാനത്തിന്റെ വഴികളിലേക്ക് പോകേണ്ടതില്ല എന്ന് തന്നെയാണ് നമ്മുടെ ഉറച്ച ബോധ്യം.

2. ഓർത്തഡോക്സ് സഭാവിജ്ഞാനീയപ്രകാരം എല്ലാ സഭകളും സ്വയം ശീർഷകത്വമുള്ളതും സ്വയംഭരണ സ്വാതന്ത്ര്യമുള്ളതും പരസ്പരം അംഗീകരിക്കുന്നതുമായ സഹോദരീസഭകളാണ്. ഈ അടിസ്ഥാനപരമായ ദൈവശാസ്ത്ര തത്വത്തിന് വിരുദ്ധമായി ഒരു സഭയുടെമേൽ മറ്റൊരു സഹോദരീ സഭ അധീശത്വത്തിന് മുതിർന്നുകൂടാ. ഈ വസ്തുത മറന്നുകൊണ്ട് സമാധാനശ്രമങ്ങളുടെ പിന്നാലെ പോകുന്നത് ദൈവശാസ്ത്രപരമായിത്തന്നെ സാധൂകരിക്കുവാൻ കഴിയുകയില്ല.

3. മലങ്കരസഭ ഈ ദേശത്തിന്റെ സഭയാണ്. ഉത്ഭവകാലം മുതലേ തദ്ദേശീയരായ മതാദ്ധ്യക്ഷന്മാരാൽ ഭരിക്കപ്പെട്ടുവന്ന ഈ സഭ ഈ ദേശത്തിന്റെ സംസ്കാരത്തെയും ആത്മാവിനെയും ഉൾക്കൊണ്ടുകൊണ്ട് രക്ഷാകരമായ സുവിശേഷത്തെ ഈ നാട്ടിൽ അനുഗ്രഹകരമായി പ്രഘോഷിച്ച പിതാക്കന്മാരുടെ അനുഗൃഹീത പൈതൃകം പേറുന്ന ക്രൈസ്തവ സമൂഹമാണ്. ദൈവത്തിൽ അടിയുറച്ച വിശ്വാസത്തോടും സ്വാതന്ത്ര്യത്തോടുംകൂടി നിലനിൽക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതിന് നാം നമ്മുടെ നിലപാടുകളിൽ ഉറപ്പുള്ളവരാകേണ്ടത് ഏറ്റവും ആവശ്യമാണ്.

4. കൃത്യമായ തെളിവുകളുടെയും വിശദമായ വാദങ്ങളുടെയും അടിസ്ഥാനത്തിൽ നീതിപീഠങ്ങൾ നൽകുന്ന വിധികളെ പൂർണ്ണമായും സ്വീകരിക്കുന്നതിനുള്ള മനസ്സ് ജനങ്ങൾക്കുണ്ടാകേണ്ടത് അനിവാര്യതയാണ്. ഇത് ജനാധിപത്യ സമൂഹത്തിന്റെ ശ്രേഷ്ഠതയാണ്. വിധി തങ്ങൾക്കെതിരാണെന്ന് കാണുമ്പോൾ കയ്യൂക്കിന്റെയും മറ്റ് സ്വാധീനങ്ങളുടെയും പുറത്ത് ആ വിധിന്യായങ്ങളെ അട്ടിമറിക്കുന്നതിനുള്ള പരിശ്രമങ്ങളുമായി മുന്നോട്ട് പോകുന്നത് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയോടുള്ള വെല്ലുവിളിയാണെന്ന് പറയാതെ വയ്യ. നിയമവ്യവസ്ഥയ്ക്ക് വിധേയമല്ലാതിരുന്ന എല്ലാ സമാധാന ശ്രമങ്ങളും ചർച്ചകളും പരാജയപ്പെട്ടിട്ടുണ്ട് എന്നും അട്ടിമറിക്കപ്പെട്ടിട്ടുണ്ട് എന്നും ചരിത്രത്തിൽ നിന്നും നാം പഠിക്കുന്നു. ആയതിനാൽ 1934 –



5

ലെ ഭരണഘടനയും 2017-ലെ കോടതിവിധിയും അടിസ്ഥാനമാക്കിക്കൊണ്ട് ഉണ്ടാകുന്ന ഒരു സമാധാനം മാത്രമേ മലങ്കരസഭയിൽ ശാശ്വതമായി നിലനിൽക്കുകയുള്ള എന്നതാണ് നമ്മുടെ ഉറച്ച ബോദ്ധ്യം.

5. മലങ്കരസഭയെ ഇന്നുവരെ നയിച്ച അർക്കദിയോക്കന്മാരും മാർത്തോമ്മാ മെത്രാന്മാരും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെപ്പോലുള്ള മലങ്കര മെത്രാന്മാരും പരിശുദ്ധ കാതോലിക്കാ ബാവാമാരും ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ പിതാക്കന്മാരും അവരുടെ ആയുസ്സുമുഴുവൻ കണ്ണീരോടെ അധ്വാനിച്ചതും പ്രാർത്ഥിച്ചതും പോരാടിയതും ഈ സത്യസഭയെ ഈ മണ്ണിൽ സ്വാതന്ത്ര്യത്തോടും തികഞ്ഞ ക്രിസ്തീയ സാക്ഷ്യത്തോടും കൂടെ നിലനിർത്തുന്നതിനുവേണ്ടിയാണ്. ബലഹീനനായ നമ്മുടെ സൽപ്പേരിനുവേണ്ടി അവരുടെ കണ്ണുനീരുകളെയും അദ്ധ്വാനങ്ങളെയും ഈ സഭയിൽ ശാശ്വതമായ സമാധാനം പുലരുന്ന നല്ല നാളെകളെയും ബലികഴിക്കുവാൻ നാം തയ്യാറല്ല.

ആയതിനാൽ ദൈവം നമുക്ക് നീതിപൂർവ്വം തന്ന ഒരു വിധിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത് എന്ന ഉറച്ച ബോധ്യത്തിൽ ദൈവത്തോടുള്ള ആലോചനയിലും സഭയുടെയും രാജ്യത്തിന്റെയും നിയമങ്ങൾക്ക് വിധേയമായും ശാശ്വതമായ ഒരു സമാധാനം സഭയിൽ ഉണ്ടാകുന്നതിനുള്ള പോരാട്ടത്തിന്റെ ശുഭകരമായ അന്ത്യത്തിലാണ് നാം എത്തി നിൽക്കുന്നത് എന്ന ബോധ്യം നമുക്കുണ്ടാകണം. സഭാ മക്കൾ ഏവരും ഇക്കാര്യങ്ങൾ ഹൃദയത്തിൽ ഉൾക്കൊണ്ടുകൊണ്ട് സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും സഭയോടൊപ്പം നിലകൊള്ളുകയും വേണം. നിരവധി പ്രതിസന്ധികൾക്കിടയിൽ ദൈവം ബലഹീനനായ നമ്മെ ഭരമേൽപിച്ചിരിക്കുന്ന ഈ മഹാപൗരോഹിത്യ ശുശ്രൂഷയിൽ അന്ത്യത്തോളം തളർന്നുപോകാതെ നിലകൊള്ളുവാൻ പ്രാർത്ഥനയിൽ നമ്മുടെ കരങ്ങൾക്കും ശക്തി പകരണം. ദൈവം അത്ഭുതകരമായി ഇടപെട്ട് സഭാ നൗകയെ സമാധാന തുറമുഖത്ത് എത്തിക്കുമാറാകട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

> മലങ്കരസഭ ഈ ദേശത്തിന്റെ സഭയാണ്. ഉത്ഭവകാലം മുതലേ തദ്ദേശീയരായ മതാദ്ധ്യക്ഷന്മാരാൽ ഭരിക്കപ്പെട്ടുവന്ന ഈ സഭ ഈ ദേശത്തിന്റെ സംസ്കാരത്തെയും ആത്മാവിനെയും ഉൾക്കൊണ്ടുകൊണ്ട് രക്ഷാകരമായ സുവിശേഷത്തെ ഈ നാട്ടിൽ അനുഗ്രഹകരമായി പ്രഘോഷിച്ച പിതാക്കന്മാരുടെ അനുഗൃഹീത പൈതൃകം പേറുന്ന ക്രൈസ്തവ സമൂഹമാണ്. ദൈവത്തിൽ അടിയുറച്ച വിശ്വാസത്തോടും സ്വാതന്ത്ര്യത്തോടുംകൂടി നിലനിൽക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതിന് നാം നമ്മുടെ നിലപാടുകളിൽ ഉറപ്പുള്ളവരാകേണ്ടത് ഏറ്റവും ആവശ്യമാണ്.

കർത്താവിൽ പ്രിയരെ,

മുൻപ് പരാമർശിച്ചതുപോലെ നമ്മുടെ ക്രിസ്തീയ വിശ്വാസവും പ. സഭാ ജീവിതവും വേർതിരിക്കാത്തവിധം ഇഴചേർന്നിരിക്കുന്നു എന്ന വസ്തുത നാം മറന്നു പോകരുത്. മലങ്കര നസ്രാണികളുടെ പൊതുവെയും നമ്മുടെ ജന്മദേശമായ കുന്നംകുളത്തിന്റെ വിശേഷിച്ചുമുള്ള ചരിത്രം സ്വന്തവിശ്വാസത്തെ ജീവനെക്കാളേറെ സ്നേഹിക്കുന്ന മലങ്കര നസ്രാണികളുടെ ജാത്യാഭിമാനത്തിന്റെ ചരിത്രം ഉൾക്കൊള്ളുന്നതാണ്. ഇതിൽ നമുക്ക് ഏറെ അഭിമാനമുണ്ട്. പൂർവ്വസൂരികൾ ഓരോരുത്തരും പരിശുദ്ധ സഭയുടെ ചരിത്രത്തിൽ അതീവ നിർണായകമായ പങ്ക് വഹിച്ചിട്ടുള്ളവരാണ്. അവർക്ക് ലഭിച്ചിട്ടുള്ള സമാനതകളില്ലാത്ത ദൈവകൃപയുടെയും, നടത്തിപ്പിന്റെയും, കാവലിന്റെയും അനുഭവങ്ങൾ ബലഹീനനായ നമുക്കും ഇന്നുവരെയും ലഭിച്ചു കൊണ്ടിരിക്കുന്നു.

ഭാഗ്യസ്മരണാർഹരായ പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായും, പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായും തികഞ്ഞ ദൈവാശ്രയത്തോടെ പ. കാതോലിക്കേറ്റിനുവേണ്ടി നിലകൊണ്ടതിന്റെ അനുഗ്രഹകരമായ ചരിത്രം നമുക്ക് അറിവുള്ളതാണല്ലോ.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ മുതലുള്ള കാതോലിക്കാമാരെ നേരിട്ടു കണ്ടിട്ടുള്ള ഒരാളാണ് നാം. ദൈവ തേജസ് പ്രസരിക്കുന്ന മുഖവും വിശുദ്ധന്റെ ജീവിത ശൈലിയും, തന്നോട് ഇടപെടുന്ന ഏവരെയും എന്നും ആകർഷിക്കുന്ന വ്യക്തിത്വവുമെല്ലാം ചേർന്നതായിരുന്നു പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ധന്യ ജീവിതം.

തികഞ്ഞ താപസനായിരുന്ന പ. ഔഗേൻ ബാവാ 'മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം' എന്ന തലക്കെട്ട് ഒഴിവാക്കണമെന്ന ആവശ്യമുയർന്നപ്പോൾ സിംഹഗർജ്ജനത്തോടെ ഈ സഭയുടെ നിലപാട് സംരക്ഷിക്കുവാൻ മുന്നിട്ടിറങ്ങിയത് നാം ഒരിക്കലും വിസ്മരിക്കരുത്.

പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെ ജീവിതവും പ്രവർത്തനങ്ങളും ഇന്നും എന്നും ബലഹീനനായ നമ്മുടെ മനസ്സിൽ മായാതെ നിൽക്കും. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിൽ തന്റെ പദവിയുടെ ഔന്നത്യം തിരിച്ചറിഞ്ഞ് രാജകലയോടെ സിംഹപ്രതാപിയായി സഭാഭരണം നിർവ്വഹിച്ച അദ്ദേഹം പ. സഭയുടെ മാർത്തോമ്മൻ പൈതൃകം ഉയർത്തിപ്പിടിക്കുവാൻ ബദ്ധ ശ്രദ്ധനായിരുന്നു. സഭാ ഭരണത്തിന്റെ തികവുറ്റ മാതൃക കാട്ടിത്തന്ന പ. വട്ടക്കുന്നേൽ ബാവാ തന്നെയാണ് 2017 ജൂലൈ 3-നുണ്ടായ വിധിക്ക് ആധാരമായ വിധത്തിൽ സഭാ കേസിന്റെ അസ്ഥിവാരം രൂപീകരിച്ചത് എന്ന് നാം ഒരിക്കലും വിസ്മരിക്കരുത്. തുടർന്നുവന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ, പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്നീ ബാവാ തിരുമേനിമാരും ഈ പരിശുദ്ധ സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും സംരക്ഷിക്കുന്നതിന് നിലപാടെടുത്തവരാണ് എന്നത് വിസ്മരിക്കത്തക്കതല്ല.

വാത്സല്യമുള്ളവരെ,

ഇടയനെ സ്നേഹിക്കുകയും, അവന്റെ വാക്കുകൾ സർവ്വാത്മനാ ഉൾക്കൊള്ളുകയും സമ്പൂർണ്ണമായി പാലിക്കുകയും ചെയ്യുന്ന ആടുകളാണ് ഇടയന്റെ ബലം. ബലഹീനനായ നമുക്ക് തികഞ്ഞ അഭിമാനത്തോടെ പറയുവാൻ കഴിയും, ഇപ്രകാരമുള്ളൊരു ബലവും ശക്തിയുമാണ് സഭാമക്കളിൽ നിന്ന് ഇന്നുവരെയും നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

കലഹത്തിന്റെ മാർഗ്ഗമല്ല, സ്നേഹത്തിന്റെ മാർഗമാണ് നാം എന്നും ഉപദേശിച്ചു തരുന്നത്. അത് പക്ഷേ നമ്മുടെ നിലപാടുകൾ സംരക്ഷിച്ചുകൊണ്ടാവണം. മലങ്കര സഭയിലെ തർക്കങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് നൽകപ്പെട്ട വിധികളെ പൂർണ്ണമായും മാനിച്ച് സഭയിൽ ശാശ്വത സമാധാനം സ്ഥാപിക്കപ്പെടണം.

പ. സഭയുടെ നിലപാടുകൾ വിശദീകരിച്ചുകൊണ്ട് 'മലങ്കരസഭ' മാസികയുടെ ഒരു പ്രത്യേക പതിപ്പ് ഏതാണ്ട് എല്ലാ ഭവനങ്ങളിലും എത്തിക്കുവാൻ ക്രമീകരണം ചെയ്യുകയാണ്. ഇത് നമ്മുടെ സഭാമക്കൾ ഏവരും പ്രയോജനപ്പെടുത്തണം. പ. സഭയ്ക്കുവേണ്ടിയും, ബലഹീനനായ നമുക്കുവേണ്ടിയും, നമ്മുടെ മേല്പട്ടക്കാർക്കും പട്ടക്കാർക്കും ശെമ്മാശ്ശന്മാർക്കും ദയറാക്കാർക്കും വിശ്വാസികൾക്കും വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാരാൽ ഭരമേല്പിക്കപ്പെട്ട വിശ്വാസം കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിക്കണം.


ദൈവം അനുഗ്രഹിക്കട്ടെ

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

“നിങ്ങൾ കുരുടന്മാരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു; എന്നാൽ: ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നിലനില്ക്കുന്നു”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



പ്രിയ ദൈവമക്കളെ,


വലിയ നോമ്പിലെ അവസാന ആഴ്ചയിലേയ്ക്ക് ദൈവകൃപയാൽ നാം എത്തിയിരിക്കുന്നു. നമ്മുടെ കർത്താവ് പിറവി കുരുടന് സൗഖ്യം കൊടുക്കുന്ന – സമിയോ ഞായർ – സംഭവത്തിൽ ആരംഭിച്ച് അനേക അത്ഭുതപ്രവൃത്തികൾ ധ്യാനിച്ചുകൊണ്ട് നാം മുന്നോട്ടു പോകുമ്പോൾ പിതാക്കന്മാർ അനുഷ്ഠിച്ച നാല്പതു നോമ്പിന്റെ പൂർത്തീകരണമായ 40–ാം വെള്ളിയാഴ്ചയിൽ എത്തുന്നു. കർത്താവ് അനുഷ്ഠിച്ച 40 നോമ്പും അതിന്റെ ഒടുവിൽ അദ്ദേഹം നേരിട്ട പരീക്ഷണങ്ങളും തപോശക്തിയാൽ എങ്ങിനെ പരീക്ഷണങ്ങളെ വിജയകരമായി തോല്പിക്കാമെന്നും തന്റെ മനുഷ്യാവതാര വ്യാപാരത്തിൽ അവൻ നമ്മെ മാതൃകാപരമായി പഠിപ്പിക്കുന്നു. തന്റെ പരസ്യ ശുശ്രൂഷ കാലത്തിൽ ഉടനീളം അനേകർക്ക് ജീവൻ നൽകുന്ന സംഭവങ്ങൾ നാം വായിക്കുന്നുണ്ടെങ്കിലും ബഥാന്യയിലെ ലാസറിന്റെ ഭവനത്തിലും കല്ലറയിലും ചെന്ന് അവനുവേണ്ടി കരഞ്ഞ് പ്രാർത്ഥിച്ച് “ലാസറേ പുറത്തുവരിക” എന്ന് വിളിച്ച് താൻ മൃതലോകത്തു നിന്നും ജീവനിലേയ്ക്ക് തന്റെ സൃഷ്ടിയും കൈപ്പണിയുമായ മനുഷ്യകുലത്തെ ക്ഷണിച്ച് ഉയിർപ്പിക്കുന്ന സംഭവവും നേർച്ചകാഴ്ചയിൽ ധ്യാനിച്ച ശേഷമാണ് അവനോടൊപ്പം നാം യെരുശലേമിലേയ്ക്ക് കഷ്ടാനുഭവത്തിനായി യാത്ര തിരിക്കുന്നത്.

കൊത്ത്നേ ഞായറാഴ്ചയിൽ നിന്നും സമിയോ ഞായറാഴ്ചയിലേയ്ക്ക് 36 ദിവസം എന്നതിനാലാണ് 36–ാം ഞായറാഴ്ച എന്ന് ഈ ഞായറാഴ്ചയെ നാം വിളിക്കുന്നത്. ഒപ്പം മലങ്കരസഭ ഈ ദിവസത്തെ ‘സഭാദിനം’ അഥവാ ‘കാതോലിക്കാ ദിനം’ എന്നും വിളിക്കുന്നു. വർഷത്തിൽ ഒരു ദിവസം പ്രത്യേകമായി പ. സഭയ്ക്കു വേണ്ടി ഒന്നിച്ച് പ്രാർത്ഥിക്കുകയും അന്ന് സഭയുടെ ചരിത്രം, അസ്ഥിത്വം, സമകാലീന ദൗത്യം എന്നിവ പ്രത്യേകം ധ്യാനിച്ച് ദിവസം ചെലവഴിക്കുകയും അതിനായി പ്രത്യേക യോഗങ്ങൾ ചേരുകയും കാതോലിക്കേറ്റിന്റെ കൊടി – സഭാപതാക – ഉയർത്തുകയും അന്നത്തെ കാണിക്കയും ഒപ്പം ഓരോ കുടുംബത്തിന്റെയും ഒരു ദിവസത്തെ ശരാശരി വരുമാനം പ. സഭയുടെ പൊതു പ്രവർത്തനങ്ങൾക്കായി നന്ദിപൂർവ്വം ഞാൻ സമർപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണം കൊണ്ട് പ. സഭാപിതാക്കന്മാർ ഉദ്ദേശിക്കുന്നത്.

ക്രിസ്തുവിന്റെ ശരീരമായ പ. സഭ രണ്ടായിരത്തോളം വർഷങ്ങളായി എങ്ങിനെ നിലനിന്നുവെന്നും ഏതൊക്കെ പ്രതിസന്ധികളെ അഭിമുഖീകരിച്ച് പ്രതിസന്ധികളിലൂടെ വളർന്നുവെന്നും ഇന്നും പ. സഭയുടെ മുന്നിലെ പ്രതിസന്ധികളും അവയെ പരിശുദ്ധാത്മാവിൽ നേരിടേണ്ടതിന്റെ ആവശ്യകതയുമൊക്കെ വിശ്വാസികളെ ഉദ്ബോധിപ്പിക്കുവാനും അങ്ങിനെ നമ്മെ വഴിനടത്തിയ പിതാക്കന്മാരെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുവാനും ഇപ്പോൾ വഴി നടത്തുന്നവർക്ക് ദൈവത്തോട് അപേക്ഷിക്കുവാനും അവരുടെ മാദ്ധ്യസ്ഥം യാചിക്കുവാനും അങ്ങിനെ പ. മാർത്തോമ്മാ ശ്ലീഹാ മുതൽ അതതു കാലത്ത് നമ്മെ ക്രിസ്തുവിൽ നയിച്ച ‘ജാതിക്കുകർത്തവ്യന്മാരായ’ എല്ലാ പിതാക്കന്മാരുടെയും വാങ്ങിപ്പോയ വിശ്വാസ സമൂഹത്തിന്റെയും സംയുക്ത ഓർമ്മയിൽ നിറഞ്ഞു നിന്നുകൊണ്ട് കർത്താവിന്റെ കഷ്ടാനുഭവത്തിലേയ്ക്കും മരണത്തിലേയ്ക്കും കബറടക്കത്തിലേയ്ക്കും ഒടുവിൽ ഉയിർപ്പു പെരുന്നാളിലേയ്ക്കും അടുത്തു വരുവാനുമുള്ള ഒരു ക്ഷണമാണ് സഭാദിനത്തിൽ നമുക്ക് ലഭിക്കുന്നത് (1912 സെപ്റ്റംബർ 15–ൽ നടന്ന കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തിന്റെ കേവല വാർഷിക ആഘോഷം മാത്രമല്ല സഭാദിനം എന്ന് ഓർക്കണം).

സത്യവിശ്വാസികൾക്ക് ക്രിസ്തുവിൽ ഒരു പുതിയ ദർശനം സാധ്യമാവുക എന്നത് തന്നെയാണ് പിറവി കുരുടന്റെ സൗഖ്യത്തിന്റെ അടിസ്ഥാന ആശയം എന്നത് സമിയോ ഞായറാഴ്ചയുടെ പ്രാരംഭ പ്രാർത്ഥനകളിൽ വ്യക്തമാണ്: തന്റെ കിരണങ്ങളുടെ പ്രകാശത്താൽ കുരുടന്റെ കണ്ണുകളെ പ്രകാശിപ്പിക്കുകയും ഇരുണ്ടിരുന്ന കൃഷ്ണമണികളെ തന്റെ രശ്മികളാൽ ശോഭിപ്പിക്കുകയും ചെയ്ത ശോഭനവും മഹത്തരവും അവർണ്ണനീയവുമായിരിക്കുന്ന സൂര്യനായ കർത്താവേ, ഇപ്പോൾ നിന്റെ തേജസ്സിനാൽ ഞങ്ങളുടെ ബോധങ്ങളുടെ ആത്മീയ നയനങ്ങളെ പ്രകാശിപ്പിക്കണമേ” എന്ന ആഴമായ ധ്യാനചിന്തയാണ് പിതാക്കന്മാർ നൽകുന്നത്. മാതൃഗർഭം മുതൽ ഇരുട്ടിലായിരുന്നവന് ജീവന്റെ വെളിച്ചം നൽകുന്നവനാണ് മുന്നിൽ നില്ക്കുന്നത് എന്ന തിരിച്ചറിവും സത്യം കാണുവാനുള്ള അഭിവാഞ്ഛയുമാണ് ഒരു വിശ്വാസിയിൽ ഉണ്ടാകേണ്ടത് എന്ന് നമ്മെ ചിന്തിപ്പിക്കേണ്ട സുദിനമാണ് സമിയോ ഞായറാഴ്ച.

ഒട്ടും ഉൾകാഴ്ച ഇല്ലാതിരിക്കുമ്പോൾ തന്നെ നാം കാണുന്നുയെന്ന് ചിന്തിച്ച് പൊയ്കാഴ്ചകളിൽപ്പെട്ട് അന്തർമുഖരായി തീരുന്ന നമ്മുടെ അവസ്ഥയാണ് ചികിത്സിക്കപ്പെടേണ്ടത് എന്ന് വി. യോഹന്നാൻ ശ്ലീഹാ കർത്താവിന്റെ വചസ്സുകളെ ഉദ്ധരിച്ചുകൊണ്ട് നമ്മെ ഉദ്ബോധിപ്പിക്കുന്നു. “കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു” എന്ന് പ്രഖ്യാപിക്കുന്ന ക്രിസ്തുവിനോട് “അപ്പോൾ ഞങ്ങൾ കുരുടരാണോ” എന്ന അജ്ഞതയിൽ നിന്നുള്ള മറുചോദ്യം ഉന്നയിക്കുന്ന പരീശ മനസ്സുകളെ അവിടെ നാം കാണുന്നു. അതിന്റെ മറുപടിയാണ് കർത്താവ് കല്പിക്കുന്നത്: “നിങ്ങൾ കുരുടർ ആയിരുന്നുവെങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു; എന്നാൽ ഞങ്ങൾ കാണുന്നു എന്ന് നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നിലനില്ക്കുന്നു.” പിറവി കുരുടന് ശാരീരികമായി കാഴ്ചശക്തിയില്ല; എന്നാൽ സത്യത്തെ കാണുവാൻ അവന് ഏറെ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ “നീ മുഴുവൻ പാപത്തിൽ പിറന്നവൻ, നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ” എന്നാണ് പരീശന്മാരുടെ അഹന്തയിൽ നിന്നുള്ള ചോദ്യം. പിറവി കുരുടനായിരുന്ന് അവരുടെ ഇടയിൽ ഭിക്ഷാടനം നടത്തിയും മറ്റും കഴിഞ്ഞിരുന്ന ഒരു യുവാവ് കാഴ്ച പ്രാപിച്ചവനായി ഞങ്ങളുടെ മുന്നിൽ നില്ക്കുമ്പോൾ അവനെ അനുമോദിക്കാനും കൂട്ടത്തിലേയ്ക്ക് ചേർത്തു



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

നിർത്തുവാനും അവനുവേണ്ടി ദൈവത്തെ സ്തുതിക്കുവാനും സാധിക്കുന്നതിനു പകരം അവർ അവനെ സമൂഹത്തിൽ നിന്നും ആട്ടി പുറത്താക്കുന്നു; ഇതാണ് പരീശ മനസ്സ് എന്ന് ഓർക്കണം. അതിനെയാണ് കർത്താവ് ശാസിക്കുന്നതും തിരുത്തുവാൻ ശ്രമിക്കുന്നതും. എന്നാൽ പുറത്താക്കപ്പെട്ടവനോട് കർത്താവ് ചോദിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. “നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?” “യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം” എന്നു പറയുന്ന യുവാവിനോട് “നീ അവനെ കണ്ടിട്ടുണ്ട്; നിന്നോടു സംസാരിക്കുന്നവൻ അവൻ തന്നെ” എന്ന് കർത്താവ് വെളിപ്പെടുത്തുന്നു. ഉടൻ അവൻ: “കർത്താവേ, ഞാൻ വിശ്വസിക്കുന്നു” എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു. ശാരീരിക അന്ധകാരത്തിൽ ഇരുന്നവന്റെ മുന്നിൽ ആദ്യം കാഴ്ചയുണ്ടാകുന്നു, അവന്റെ അന്വേഷണങ്ങൾക്കൊടുവിൽ അവനിൽ ആത്മിക ഉൾകാഴ്ചയുണ്ടാവുകയും അവനെ സ്രഷ്ടാവിനെ കണ്ടെത്തുകയും വീണു വണങ്ങി നമസ്ക്കരിക്കുകയും ചെയ്യുന്നു. എന്നാൽ ശരീരകാഴ്ചയ്ക്ക് അപ്പുറത്തേയ്ക്ക് യാതൊരു ഉൾകാഴ്ചയുമില്ലാഞ്ഞ പരീശ മനസ്സുകൾക്ക്, അവർ ന്യായപ്രമാണ പുസ്തകം തിരിച്ചും മറിച്ചും പഠിച്ചിട്ടും ആചരിച്ചിട്ടും അവരുടെ മുന്നിൽ നിന്ന രക്ഷകനെ തിരിച്ചറിയുവാൻ സാധിക്കാതെ ഇരുട്ടിൽ തപ്പുന്നു. ഇതിനെയാണ് കർത്താവ് ദുഃഖത്തോടെയെങ്കിലും വിമർശിക്കുന്നത്. കുരുടൻ കുരുടനെ വഴി കാട്ടുന്ന സാംസ്ക്കാരിക അധഃപതനം എന്ന് വിളിക്കുന്നത്. കാണാൻ ആദ്യം വേണ്ടത് മനസ്സാണ്; കണ്ണല്ല എന്ന് നാം ഓർക്കണം.

“തന്റെ ഉഷപ്പിനാൽ ലോകത്തിന് വെളിച്ചം നൽകിയ കർത്താവേ, എന്റെ കണ്ണാൽ കാണാത്തതിനാൽ കണ്ണ് തരേണമേ” എന്നാണ് പ. സഭാപിതാക്കന്മാർ ഏറെ വിനയത്തോടെ ധ്യാനിച്ച് പ്രാർത്ഥിക്കുന്നത്. “വെളിവു നിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു’’വെന്ന് പാടിക്കൊണ്ടാണ് വി. കുർബാനയ്ക്കു മുമ്പ് വി. മദ്ബഹായിൽ, ത്രോണോസ്സിൽ നാം തിരി തെളിയിക്കുന്നത്. ഇത് ക്രിസ്തുവിൽ പ. സഭയ്ക്ക് ലഭിച്ച അവകാശമാണ് എന്ന് നാം ഓർക്കണം. ഓരോ തവണയും ഈ ധ്യാനത്തോടെയായിരിക്കണം ഓരോ തിരിയും നാം തെളിയിക്കേണ്ടത്.

“ശുഭം കരോതി കല്യാണം, ആരോഗ്യം ധനസംപതാഃ
ശത്രുബുദ്ധി വിനാശയ ദീപജ്യോതിർ നമോ സ്തുതേ” എന്നാണ് ദീപം തെളിയിക്കുമ്പോൾ നാം പ്രാർത്ഥിക്കുന്നത്. ക്ഷേമം, ഐശ്വര്യം, ആരോഗ്യം, ധന്യത, ശത്രുതാ ഭാവം ഇല്ലായ്മ എന്നീ വിശിഷ്ട ഗുണങ്ങൾ ഈ ദീപം തെളിയപ്പെടുമ്പോൾ എന്നിൽ തെളിയിക്കണമേ എന്ന് പ്രാർത്ഥിച്ചശേഷം “ആത്മ ദീപോ ഭവഃ” (എന്റെ ആത്മാവേ പ്രകാശിക്കണമേ) എന്ന് ക്രിസ്തുവിന്റെ പ്രതീകമായ ദീപത്തെ നോക്കി ധ്യാനിക്കുന്നു.

“തമസ്സോമാ ജ്യോതിർഗമയാ” (അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേയ്ക്ക് ഞങ്ങളെ നയിക്കണമേ) എന്ന പ്രാർത്ഥനയോടെ വിശുദ്ധ ദിനങ്ങളിലേയ്ക്ക് നമുക്ക് പ്രവേശിക്കാം. കുരുടന് കാഴ്ച നൽകിയ കർത്താവ് നമ്മെയും സന്ദർശിക്കുവാനും എല്ലാ അന്ധകാരത്തിൽ നിന്നും നമ്മെ ഉദ്ധരിച്ച് സത്യത്തിൽ നമ്മെ നയിക്കുവാൻ നമുക്ക് ഇടയാകട്ടെ.

ഏവർക്കും സഭാദിന ആശംസകൾ നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ.



മുപ്പത് സെക്കൻഡ് കൊണ്ട് ഏറ്റവും കൂടുതൽ ഹാൻഡ് ക്ലാപ് പുഷ്അപ്പ്സ് എടുത്തു ഏഷ്യ ബുക്ക് ഓഫ് റെക്കോർഡിലും ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡിലും ഇടം നേടിയ ലിനു എബ്രഹാം. മലങ്കര ഓർത്തഡോക്സ് സഭയുടെ കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗവും സെന്റ് തോമസ് കത്തീഡ്രൽ യുവജനപ്രസ്ഥാന പ്രവർത്തകനുമാണ്.

സാക്ഷര കേരളമേ ലജ്ജിക്കൂ...

അഡ്വ. ഗിൽബർട്ട് ചീരൻ

ആത്മരോഷത്തോടും അതിലുപരി ഹൃദയവേദനയോടും കൂടി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാധ്യമ വിഭാഗം അധ്യക്ഷനും അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്തയുമായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് 10-03-2021-ന് പരുമലയിൽ വച്ച് നടത്തിയ അഭിമുഖത്തിൽ, കേരളീയ പൊതു സമൂഹത്തോട് ഉന്നയിച്ച ചോദ്യങ്ങൾക്ക് ഇന്നല്ലെങ്കിൽ നാളെ സാക്ഷര കേരളം മറുപടി നൽകാതിരിക്കില്ല.

?വ്യാജ പ്രചരണങ്ങളും മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങളും വ്യക്തിഹത്യകളും മറ്റും നടത്തുമ്പോൾ, ക്രിസ്തീയ സഭയാണെങ്കിൽ, സ്വന്തം വിശ്വാസികളെ നിയന്ത്രിച്ചു നിർത്താനുള്ള ഉത്തരവാദിത്വം, അപലപിക്കാനെങ്കിലും ഉള്ള ധാർമിക ബോധം അവർ പ്രതിനിധാനം ചെയ്യുന്ന വിഭാഗത്തിലെ അഭിവന്ദ്യ മെത്രാൻമാർക്കില്ലേ...?

? ഇത്ര സാംസ്ക്കാരിക ’പൈതൃകമുള്ള നാട്ടിൽ, ഞങ്ങൾ എന്താണ് നിങ്ങളെ പിടിച്ചടക്കാൻ വന്നിട്ടുള്ളത്...?

? സ്വന്തം ജനതയെ നിയന്ത്രിക്കാൻ ധാർമ്മികമായ ഒരു ഉത്തരവാദിത്വവും നിറവേറ്റാതെ സഭയെ ക്രൈസ്തവീകതയെ ഇത്രകണ്ട് അപഹസിക്കുന്ന ... ഒരു അധഃപതിച്ച സമൂഹമായി നിങ്ങൾ മാറിയതിൽ മലങ്കര സഭക്ക് ലജ്ജയുണ്ട്...!

? ഒരു ശവത്തെ പോലും ബഹുമാനിക്കാത്ത, ഒരു സംസ്ക്കാരിക ധാർമികതയുമില്ലാത്ത പിശാച് പോലും ലജ്ജിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന, ഇവരെയാണോ കൂട്ടി ചേർക്കേണ്ടത് എന്നാണ് പലരും ചോദിക്കുന്നത്...!

? രാഷ്ട്രീയ നേതാക്കൻമാരോടും സഹോദര സഭാ നേതാക്കളോടും ചോദിക്കുകയാണ്, എന്തു തെറ്റാണ് മലങ്കര സഭ ചെയ്തത്?

? പൈശാചികമായി... നിരന്തരമായി ഉപദ്രവിക്കാൻ നടക്കുന്നവരെ, നിയമപരമായി നേരിടുന്നതാണോ ഞങ്ങൾ ചെയ്യുന്ന തെറ്റ്...?

? ഇവിടത്തെ സാധാരണക്കാരായ...നിയമം അനുസരിക്കുന്ന... പൗരന്റെ ന്യായമായ ആവശ്യങ്ങളെ കാണാൻ ഭരണകൂടത്തിന് സമയമില്ല... ഇവിടത്തെ ആഭ്യന്തര വകുപ്പിന് താൽപ്പര്യം മറ്റു പലതുമായിരുന്നു... സാക്ഷര കേരളമേ ലജ്ജിക്കൂ...

? ഇവർ എന്തിനാണ് മതങ്ങളുടേയും സഭകളുടേയും പിന്നാലെ നടക്കുന്നത്...?

? ഏത് പാർട്ടി അധികാരത്തിൽ വന്നോട്ടെ ... എന്തും മലങ്കര സഭക്കിട്ട് ചെയ്തോളൂ. ? ദൈവത്തിന്റെ സഭയാണിത്. തൊടാൻ നിങ്ങൾക്കൊക്കില്ല. ആർക്കും ഒക്കുകയില്ല.

അഭിമുഖം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ലേഖനം



യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും ക്രൂശുമരണത്തിന്റെയും ഉയിർപ്പിന്റെയും പരമ്പരാഗത വാർഷികാനുസ്മരണദിനങ്ങൾ മുമ്പിലെത്തിയിരിക്കുകയാണ്. ഇവ തിന്മയുടെയും മരണത്തിന്റെയും മേലുള്ള വിജയമായിട്ടാണ് നാം മനസ്സിലാക്കുന്നതുംആചരിക്കുന്നതും. മതഭ്രാന്തന്മാരുംനീതിരഹിതമായ ഘടനകളും മൂലംക്രിസ്തു അനുഭവിച്ച യാതന ദുരന്തമോ ദൗർഭാഗ്യമോ ആയിട്ടല്ല നാം വിലയിരുത്തുന്നത്. സ്നാപക യോഹന്നാനും അപ്പോസ്തോലന്മാരും മുതൽ ഗാന്ധിജിയും ലൂഥർകിംഗും ബോൺഹൊഫറും ആർച്ച്ബിഷപ്പ് റൊമേറോയും വരെയുള്ളവർ കൊല്ലപ്പെട്ടപ്പോൾ സത്യവുംനീതിയും ധർമ്മവും മരിച്ചിട്ടില്ല എന്ന സത്യമാണ് വെളിപ്പെട്ടത്.അനീതിക്കെതിരെ നിലപാടെടുക്കുന്നവരും സത്യത്തിന് സാക്ഷികളാകുന്നവരും എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട് എന്നതാണിതിന്റെ സൂചന. നീതിക്കു വേണ്ടിയുള്ളപോരാട്ടം യാതനയുടെതാണ്. അത്പലപ്പോഴും ഭീകരമായ കൊലപാതകത്തിൽ വരെ ചെന്നെത്തുന്നു.

ഇക്കാര്യം നാം വിസ്മരിക്കുകയാണ് പതിവ്. യേശുവിന്റെ പീഡാനുഭവം മനുഷ്യനന്മയ്ക്കുവേണ്ടിയുള്ള ദൈവീകപദ്ധതിയാണെന്നും അതുകൊണ്ട് നാം യാതനയിൽ നിന്നും ഒഴിവായി എന്നുമാണ് നാമൊക്കെ ധരിച്ചുവച്ചിരിക്കുന്നത്. യാതനയും പീഡയും ശിക്ഷയായിട്ട് കരുതുന്ന ചിന്താധാര ക്രിസ്തീയജീവിതത്തിലും വേദശാസ്ത്രത്തിലും പോലുണ്ട്. അതുകൊണ്ട് സമ്പത്തും അധികാരവുമെല്ലാം ഈശ്വരാനുഗ്രഹമായി നാം കാണുന്നു. അല്ലലും അലച്ചിലുമില്ലാത്ത ജീവിതം വരദാനമെന്നാണ് നമ്മുടെ വിചാരം. സത്യത്തിൽ ഈ ധാരണയ്ക്ക് ഒരു തിരുത്താണ് ക്രിസ്തുവിന്റെ ജീവിതവും മരണവും. അതുകൊണ്ട് ജീവിതത്തെ സംബന്ധിച്ച് അടിസ്ഥാനപരമായിനിലനിന്നുവരുന്ന സങ്കല്പം മാറ്റിയെടുക്കുന്നതാണ് യേശുവിന്റെ പീഡാനുഭവം.

യേശുവിന്റെ കാലത്ത് നിലവിലിരുന്ന മത-സാമൂഹിക നിയമങ്ങളോട് അദ്ദേഹം ശക്തിയായി പ്രതികരിച്ചിരുന്നു. അദ്ദേഹം സമൂഹത്തിലെ സാമുദായികവും ധാർമ്മികവും മതപരവുമായ മേഖലകളിൽ നിലവിലിരിക്കുന്ന പാരമ്പര്യ സമവാക്യങ്ങളെ ചോദ്യം ചെയ്തത് യാഥസ്ഥിതിക യഹൂദ സമൂഹത്തിൽ അസഹിഷ്ണുത സൃഷ്ടിച്ചു എന്നത് തികച്ചും സ്വാഭാവികവുമായിരുന്നു. ഈ വിമർശനാത്മക സമീപനമാണ് അദ്ദേഹത്തിന് ശത്രുക്കളെ വർദ്ധിപ്പിച്ചതും പീഡാനുഭവത്തിന് കാരണമായതും. ക്രിസ്തു തന്റെ നിലപാട് വ്യക്തമാക്കുന്നത് ഇങ്ങനെയാണ്. ലോകത്തിന്റെ ഇഷ്ടമല്ല താൻ പ്രവർത്തിക്കുന്നത്, അതുകൊണ്ടാണ് ലോകം തന്നെ പകയ്ക്കുന്നത്.

“ലോകം” എന്നതുകൊണ്ട് യേശു അർത്ഥമാക്കുന്നത് ദൈവരാജ്യമൂല്യങ്ങളെയും ദൈവീകവെളിപാടുകളെയും ചെറുക്കുന്ന മത-സാമൂഹ്യഘടനകളെയാണ്. ഇവ മനുഷ്യനെ അടിമത്തത്തിലേക്ക് നയിക്കുന്ന, പരിവർത്തനവിധേയമാകാത്ത പ്രസ്ഥാനങ്ങളാണ് അവ. ഇവയുടെ താത്പര്യം മനുഷ്യന്റെ വിമോചനമല്ല. ഇവ നിഷ്കർഷിക്കുന്ന ആചാരാനുഷ്ഠാനങ്ങളുടെ നിർബാധമായ നിർവഹണവും നിക്ഷിപ്ത താത്പര്യങ്ങളുടെ നിറവേറ്റലുമാണ്. ഈ പ്രവണതയോടുള്ള യേശുവിന്റെ കരക്കശമായ നിലപാടാണ് അന്നത്തെമതനേതൃത്വത്തെ പ്രകോപിപ്പിച്ചത്. അതുകൊണ്ട് ലോകത്തോടുള്ളഅദ്ദേഹത്തിന്റെ പോരാട്ടം തന്റെജീവിതം സഹനത്തിന്റേതാക്കിമാറ്റി. ഇത് തന്റെ മാത്രം വിധിയായിയേശു കാണുന്നില്ല. ഈ പോരാട്ടം തന്റെ കാലഘട്ടത്തിനുശേഷവും തുടരുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. തന്റെ ശിഷ്യന്മാരുടെ ഭാവിയെക്കുറിച്ച് യേശു മുന്നറിയിപ്പ് നൽകുന്നു. “അവർ എന്നെ പീഡിപ്പിച്ചെങ്കില നിങ്ങളെയും പീഡിപ്പിക്കും. കാരണം, നിങ്ങൾ ലോകത്തിനുള്ളവരല്ല. നിങ്ങളെ ഞാൻ തിരഞ്ഞെടുത്തവരാണ്”. അതായത് ലോകവുമായുള്ള ഏറ്റുമുട്ടൽ യുഗാന്ത്യത്തോളം തുടരേണ്ട പ്രതിഭാസമാണ്. ഇതിന്റെ അനന്തരഫലം യാതനയാണ്. അതുകൊണ്ട് ക്രിസ്തീയ ശിഷ്യത്വത്തിന്റെ അനിവാര്യമായ ബാധ്യതയാണ് പീഡാനുഭവം എന്നത്. യേശു വ്യക്തമായി പറയുന്നു: “ഒരുവൻ എന്നെ അനുഗമിക്കുന്നെങ്കിൽ തന്റെ കുരിശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരട്ടെ‘. മനുഷ്യത്വരഹിതമായ മത - രാഷ്ട്രീയ സാമൂഹിക ഘടനകൾ എന്നെന്നും നിലനിൽക്കുമെന്നും അതിനെതിരെയുള്ള തികഞ്ഞ ജാഗ്രതയും നിരന്തര പോരാട്ടവുംക്രിസ്ത്വാനുകരണത്തിന്റെ അമ്ല പരിശോധനയും മാനദണ്ഡവുമാണെന്നും നാം മനസ്സിലാക്കണം. ഈ പോരാട്ടമാകട്ടെ സഹനവും കുരിശുമാണ്. ഇത് ഒരുക്കുന്ന സംഘർഷമാണ് ക്രിസ്തീയ ജീവിതമർമ്മം. യേശുവിന്റെ ജീവിതത്തിന്റെ ഉള്ളടക്കം ഇതായിരുന്നെങ്കിൽ ഇതിന്റെ സാക്ഷികൾ ആകാനാണ് യേശു തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി ശിഷ്യഗണത്തോട് കൽപിച്ചത്. അതുകൊണ്ട് മതപ്രചരണവും മതഘടനയുടെ പരിപാലനവും അല്ല ക്രിസ്തീയ സാക്ഷ്യമെന്ന് ഇനിയെങ്കിലും നാം തിരിച്ചറിഞ്ഞെങ്കിൽ നന്നായിരുന്നു!

യേശുവിനെ യഹൂദമതനേതാക്കൾ പീഡിപ്പിച്ചത് അദ്ദേഹം എന്തെങ്കിലും കുറ്റം ചെയ്തിട്ടല്ല. അന്ന് നിലനിന്നിരുന്ന മതജീവിതത്തിന്റെ പൊള്ളത്തരവും അനുഷ്ഠാനങ്ങളുടെ കാപട്യവും തുറന്നുകാട്ടി മതഘടനയുടെ മനുഷ്യത്വപരവും വിമോചനോന്മുഖവുമാക്കാൻ ശ്രമിച്ചതിനാലാണ്. യേശുവിനെ തങ്ങളുടെ മതത്തിന് ഭീഷണിയായി മതനേതാക്കൾ കണ്ടു. ശാബതിൽ രോഗികളെ സൗഖ്യമാക്കിയതും കൈകഴുകാതെ ഭക്ഷണം കഴിച്ചതും യാത്രയ്ക്കിടയില വയലിൽ നിന്ന് കതിരുകൾ പറിച്ച് ഭക്ഷിച്ചതും ദേവാലയത്തിലെ ബലിമൃഗങ്ങളെ അഴിച്ചുവിട്ട് മൃഗബലിയെ ചോദ്യം ചെയ്തതുമെല്ലാം തങ്ങളുടെ മതനിയമങ്ങളോടുള്ള യേശുവിന്റെ അനാദരവായിട്ടാണ് അവർ കണ്ടത്. മതത്തിന്റെ വിമോചനസ്വഭാവം നഷ്ടപ്പെട്ട് അനുഷ്ഠാനമേഖലയാകുന്നത് ഒരു സ്ഥിരസാധ്യതയായതുകൊണ്ട് ദൈവരാജ്യത്തിന്റെ കെട്ടുപണിക്കുള്ള പ്രതിബദ്ധത മതഘടനയോടുള്ള സ്ഥിര എതിർപ്പായിട്ട് എന്നും വീക്ഷിക്കപ്പെടുന്ന കാര്യമാണ്.

മതത്തിന്റെ വിശ്വാസം കഷായക്കുറിപ്പടപ്പോലെ ഒരിക്കലും മാറ്റമില്ലാതെ നിലനിൽക്കുന്ന കാര്യമല്ല. വിശ്വാസത്തിന് ചരിത്രത്തിൽഅതിന്റെ ചലനാത്മകത വെളിപ്പെടുത്തേണ്ടതുണ്ട്. അങ്ങനെയാണ്അത് വിമോചനാത്മകമാകുന്നത് .നേരെമറിച്ച് മതത്തിന്റെ ഈ സവിശേഷത നഷ്ടപ്പെട്ട് സംഘടിത പ്രസ്ഥാനമായി മാറുമ്പോൾ അത് പലപ്പോഴും മനുഷ്യനെ മതതീവ്രവാദത്തിലേക്കും ഭീകരവാദത്തിലേക്കും അതുവഴി അടിമത്തത്തിലേക്കും നയിക്കുന്ന സംഘടനയായി മാറുന്നു. കെട്ടുറപ്പും സ്ഥാപനസമ്പത്തുക്കളുമല്ല സഭയുടെസവിശേഷത. പീഡനവും കുരിശും വിമോചന ദൗത്യനിർവഹണവുമാണ് . കാരണം, അവ നിമിത്തമാണ് ക്രിസ്തുസാന്നിധ്യം ലോകത്തിൽ കാലികമാകുന്നത്. അവയാണ് ക്രിസ്തീയ നിലനിൽപ്പിന്റെയും ശിഷ്യത്വത്തിന്റെയും അനിവാര്യ സംഭവങ്ങളായി പരിഗണണിക്കപ്പെടേണ്ട വസ്തുതകൾ.

തിന്മയുടെ ഘടനകൾ ശക്തിപ്പെടുന്ന സാഹചര്യങ്ങൾ എവിടെയുമുണ്ട്. ധാർമ്മിക ബോധവും സുവിശേഷത്തോട് പ്രതിബദ്ധതയുമുള്ളവർക്ക് ഈ ഘടനകളുമായി നിരന്തരപോരാട്ടം ആവശ്യമായി വരുന്നു എന്നതും നിസ്തർക്കമാണ്. ഇവിടെ നിഷ്ക്രിയം ആകുന്നതും തിന്മയുമായി സന്ധിയുണ്ടാക്കുന്നതും സുവിശേഷത്തെ ഒറ്റിക്കൊടുക്കുന്നതിന് തുല്യമാണ്. ഇടവകകളിലും സഭയിലും തിന്മയുടെവളർച്ചയും തേർവാഴ്ചയും നടക്കുമ്പോൾ നിസംഗരാകുവാനും പിന്തുണയ്ക്കുവാനും അതിനോട് പൊരുത്തപ്പെടാനുമുള്ള പ്രേരണയ്ക്ക് അധികം പേരും വശംവദരാകുന്നതായിട്ടാണ് കാണുന്നത്. ഇവർ ക്രിസ്തീയസാക്ഷ്യത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടാണ് നിഷേധിക്കുന്നത്. തിന്മയോട് ചെറുത്തുനിൽക്കാനും അതുവഴി പീഡനം സഹിക്കാനും സാധിക്കുന്നില്ലെങ്കിൽ കഷ്ടാനുഭവ ആഴ്ചയുടെ ആചാരണത്തിന് പ്രസക്തിയും അർത്ഥവും നഷ്ടപ്പെടും.

ക്രിസ്തുവിന്റെ പീഡാനുഭവം ആഘോഷമാക്കി മാറ്റുന്ന ഇപ്പോഴുള്ള പതിവിന് തിരുത്ത് ആവശ്യമായി വന്നിരിക്കുന്നു.

ലോകത്ത് തിന്മയുടെ സാന്നിധ്യം ദൈവം തന്നെ അനുവദിച്ചിരിക്കുന്നതാണ്. ഗോതമ്പിന്റെയും കളകളുടെയും ഉപമയിൽ കളകൾ നീക്കം ചെയ്യാൻ കൃഷിക്കാരൻ ശ്രമിക്കുന്നില്ല. 'കളയെടുത്ത്, വളം നൽകിയാലേ വിള നന്നാവൂ' എന്ന വസ്തുത അദ്ദേഹം അംഗീകരിക്കുന്നില്ല. കള നിൽക്കുന്നത് ഗോതമ്പിന് ഗുണം ചെയ്യും എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഗോതമ്പിന്റെ നന്മയെ പ്രതി കളകൾ നിലനിൽക്കട്ടെ എന്ന് പറയുന്നതുവഴി ഒരു വിചിത്രന്യായമാണ് അദ്ദേഹം ഉന്നയിക്കുന്നത്. നന്മയുടെ വളർച്ചയ്ക്ക് തിന്മയുടെ സാന്നിധ്യം അനുപേക്ഷണീയമാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. തിന്മയുടെ സാന്നിധ്യത്തിലും അതിനോടുള്ള പോരാട്ടവും വഴി നന്മ വളരട്ടെ എന്നത് ദൈവഹിതവും ദൈവീകപദ്ധതിയുടെ ഭാഗവും തന്നെ. കളുകൾ നിലനിൽക്കുന്നത് ഗോതമ്പിന്റെ വളർച്ചയെ പ്രതിയാണത്രേ! അവ നശിക്കുന്നത്ഗോതമ്പുചെടിക്ക് ഹാനികരമാണ്. തിന്മയുടെ നാശം യുഗാന്ത്യത്തിൽ നന്മയുടെ വീണ്ടെടുപ്പിനുശേഷം മാത്രമാണ് ഉദ്ദേശിക്കുന്നത്. തിന്മയുമായുള്ള നിരന്തരസംഘട്ടനത്തിലാണ് നന്മയ്ക്ക് യഥാർത്ഥ തിരിച്ചറിവും വളർച്ചയും ഉണ്ടാകുന്നത്. തിന്മയെ മനസ്സിലാക്കി ചെറുത്ത് കീഴടക്കി മുന്നേറണം എന്നതാണ് സൂചന.

തിന്മയുമായുള്ള ഏറ്റുമുട്ടൽ വിശ്വാസിയുടെ അനുഭവജ്ഞാനവും ആത്മബലവും ഉൾക്കരുത്തും വർദ്ധിപ്പിക്കുന്നു. തിന്മ എന്തെന്നറിയാതെ നന്മയെ ഗ്രഹിക്കുവാൻ സാധിക്കുകയില്ല. തിന്മയെ ചെറുക്കുന്ന നിരന്തര ശ്രമങ്ങളിലൂടെയാണ് നന്മയുടെ വികാസവും ശാക്തീകരണവും സാധിക്കുന്നത്. ചുറ്റുപാടുകളുമായുള്ള പ്രതി-പ്രതികരണത്തിലൂടെ വേണംമനുഷ്യൻ ബൗദ്ധിക-മാനസിക-ശാരീരിക തലങ്ങളിൽ ശേഷി വർദ്ധിപ്പിക്കുന്നത്. അതുപോലെ തന്നെഅനീതിയോടും തിന്മയോടുമുള്ള പോരാട്ടത്തിലൂടെയാണ് നന്മയുടെ സൗന്ദര്യവും ആർജ്ജവവും തിളക്കമാർജ്ജിക്കുന്നത്.

തിന്മയോടു പൊരുതുന്നത് തിന്മ കൊണ്ടായിരിക്കരുത്. തിന്മമൂലമുണ്ടാകുന്ന വേദനകൾക്ക് പിറുപിറുപ്പു കൂടാതെ വിധേയപ്പെടുകയാണ് അതുവഴി തെളിയിക്കാനുള്ള മാർഗ്ഗം. തിന്മയെ നിരാകരിക്കുന്ന സക്രിയമായ ചെറുത്തുനിൽപ്പാണ് സഹനത്തിൽ പ്രകടമാകുന്നത്. ഇത് പിന്മാറ്റമല്ല, നിസ്സംഗതയുമല്ല. ഇതാണ് കുരിശിലെ മരണത്തിൽ യേശു പ്രകടമാക്കിയത്. തിന്മയോടുള്ള ഈ പ്രതികരണംബോധപൂർവ്വമായിരുന്നു; മനഃപൂർവ്വവും. തിന്മയുമായി സന്ധിക്ക് തുനിയുകയല്ല പീഡനങ്ങൾക്ക് നിർഭയമായി വിധേയപ്പെട്ട് അതിനെ അംഗീകരികരിക്കാതിരിക്കുകയാണ് ചെയ്തത്. അതുകൊണ്ട്ക്രിസ്തുവിനെ ഓരോ കാലഘട്ടത്തിലും ലോകത്തിന് വെളിപ്പെടുത്തുന്നതും, മനുഷ്യാവതാര മർമ്മം വ്യാഖ്യാനിക്കുന്നതും രക്ഷ കാലികവത്കരിക്കുന്നതും ഈ സഹനമാതൃകയിലൂടെ വീണ്ടെടുപ്പ് പ്രകിയ യാഥാർത്ഥ്യമാക്കിയാണ്. എവിടെ നന്മയ്ക്കുവേണ്ടി പീഡ സഹിക്കുന്നോ അവിടെയാണ് ക്രിസ്തുസാന്നിധ്യം വെളിപ്പെടുന്നത്. ഇന്ന് മനുഷ്യൻ മതത്തിന്റെയും മതവിശ്വാസത്തിന്റെയും പേരിൽപോലും ഭീഷണിയും ഭീകരവാദവും ഉയർത്തുന്നു. കൊലയ്ക്കുംകൊള്ളിവയ്പ്പിനും എടുത്തുചാടുന്നു. സഭാനേതൃത്വം പോലുംചാവേർപ്പട സംഘടിപ്പിക്കുകയുംരക്തപ്പുഴ ഒഴുക്കുമെന്ന് നിർലജ്ജമായി പരസ്യ പ്രസ്താവന നടത്തുകയും ചെയ്യുന്നു. ഇവർ സ്വാർത്ഥസ്ഥാപിത താത്പര്യങ്ങൾക്കായിസഭയെയും മതത്തെയും ദുരുപയോഗപ്പെടുത്തുകയാണെന്ന് വിശ്വാസികൾ തിരിച്ചറിയുന്നില്ല. സഭ എന്തെന്നും ആത്മീയത എന്തെന്നും അറിയാത്ത ക്രിമിനലുകൾമതരംഗം അടക്കി വാഴുമ്പോൾ പീഡാനുഭവദിനങ്ങളുടെ പ്രസക്തി വർദ്ധിക്കുകയാണ്.

മതത്തിലെ അധർമ്മത്തോട് സക്രിയമായി പ്രതികരിക്കാതിരിക്കുന്നത് തിന്മയോട് സമരസപ്പെടലാണ്; സുവിശേഷത്തെ ഒറ്റിക്കൊടുക്കലാണ് ദുഷ്ടതയുടെ നിലനിൽപ്. രക്ഷയുടെ കാര്യവിചാരക നടത്തിപ്പി (economy of salvation) ന്റെ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ. എന്തെന്നാൽ തിന്മയുമായുള്ള ഏറ്റുമുട്ടലിലാണ് രക്ഷ സാധ്യമാകുന്നത് എന്നുള്ള തിരിച്ചറിവാണ് മനുഷ്യനെ പീഡാനുഭവത്തിന് സന്നദ്ധനാക്കുന്നത്.

നാം ദുഷ്ടത നിറഞ്ഞ സാമൂഹ്യ-മത-രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ജീവിക്കുന്നത്. ഇവയോടൊന്നും പ്രതികരിക്കാതെ സ്വന്തംകാര്യം നോക്കി ആചാരാനുഷ്ഠാനങ്ങൾ നടത്തി ഒതുങ്ങിക്കഴിഞ്ഞുകൂടാനാണ് മിക്കവർക്കും താത്പര്യം. സഭയെ സംബന്ധിച്ച് തിന്മയ്ക്കെതിരെയുള്ള പോരാട്ടംഅതിന്റെ പ്രവർത്തന കാര്യപരിപാടിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പലരും സംഘർഷങ്ങളിൽ നിന്നൊഴിഞ്ഞുമാറി ജീവിക്കാനായി സ്വകാര്യതയുടെ ആത്മീകത പ്രചരിപ്പിച്ചുവരികയാണ്. ഇതിന്റെ ഫലമായി മതം ദൈവവും വ്യക്തിയും തമ്മിലുള്ളൂ സ്വകാര്യ വിഷയമായിത്തീരുന്നു.അപ്പോൾ അന്യനെ പ്രതിയുള്ള ബാധ്യതയും കരുതലും സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടവുംഒന്നും ആവശ്യമില്ല എന്ന് വരും.ഇത്തരത്തിലുള്ള സ്വകാര്യമത അനുഭവത്തിന്റെയും അനുഷ്ഠാനആത്മീകതയുടെയും സംഘടനയല്ല ക്രിസ്തീയ കൂട്ടായ്മ. ബഹുമുഖ വിമോചനത്തിനായി നിരന്തര സംഘർഷത്തിലേർപ്പെട്ട് നന്മ തെളിയിക്കുന്ന രക്ഷാപ്രസ്ഥാനമാണത്. അതിന്റെ വഴിയാകട്ടെ ത്യാഗത്തിന്റെയും സഹനത്തിന്റെയുമാണ്. കുരിശിന്റേതാണ്. സഭാജീവിതത്തിന്റെ ഈ അടിസ്ഥാനപാഠംഉൾക്കൊള്ളാൻ നമുക്ക് സാധിക്കട്ടെ.

എല്ലാവർക്കും ഉയിർപ്പുപെരുന്നാളിന്റെ ആശംസകൾ നേരുന്നു.

❑



പിറവം MKMHS സ്കൂൾ നടത്തിപ്പ് ചുമതല മലങ്കര ഓർത്തഡോക്സ് സഭയിലേക്ക്. കോടതി ഉത്തരവിനെ തുടർന്ന് സ്കൂളിന്റെ താക്കോൽ നിയമാനുസൃത മാനേജരായ ഫാ. മാത്യൂസ് വാതക്കാട്ടെലിന് കൈമാറി.



കോലഞ്ചേരി സെൻറ് പീറ്റേഴ്സ് & സെൻറ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നിന്ന് ഇടവകാംഗത്തിനു വേണ്ടി നിർമ്മിച്ചു നൽകുന്ന സ്നേഹ ഭവനത്തിനു് വികാരി ഫാ. ജേക്കബ് കുര്യൻ തറക്കല്ലിടുന്നു. സഹവികാരിമാരായ ഫാ. ചാണ്ടി, ഫാ. ജോബി, ഇടവക പട്ടക്കാരൻ ഫാ. കുര്യാക്കോസ്, ട്രസ്റ്റിമാർ, മാനേജിഗ് കമ്മറ്റി അംഗങ്ങൾ സമീപ വാസികൾ എന്നിവർ പങ്കെടുത്തു. പള്ളി നിർമ്മിച്ചു നൽകുന്ന ആറാമത്തെ ഭവനമാണ് ഇത്.

നിലപാടുകൾ സത്യസന്ധമാകണം

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ
(ഓർത്തഡോക്സ് സഭാ മാധ്യമവിഭാഗം അദ്ധ്യക്ഷൻ)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ നിന്നും കഴിഞ്ഞ 45 വർഷങ്ങളായി വിഘടിച്ച് നിന്നും, പ. സഭയുടെ ഭരണഘടന അംഗീകരിക്കുന്നുവെന്ന് കോടതികളിൽ സത്യവാങ്മൂലം നൽകുമ്പോൾ തന്നെ സഭയുടെ ഭരണസംവിധാനത്തെ ധിക്കരിക്കുകയും, സ്ഥിരമായി വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സഭയുടെ ദേവാലയങ്ങളിൽ അരാജകത്വം സൃഷ്ടിച്ച് അവയിൽ പലതും അക്രമത്തിലൂടെ കൈയ്യടക്കി വയ്ക്കുകയും അവിടെ സമാന്തരസംവിധാനങ്ങൾ ഉണ്ടാക്കി പ. സഭയെ കൊള്ളയടിക്കുകയും വിശ്വാസികളുടെ ആരാധനാ ജീവിതത്തെ നിരന്തരം അലോസരപ്പെടുത്തുകയും ചെയ്യുന്ന ഒരു സമൂഹം അവരുടെ അതിജീവനം എന്ന പേരിൽ ഇന്ന് ഏറെ നുണപ്രചരണങ്ങൾ നടത്തി പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുന്നതായി കാണുന്നതിനാലാണ് ഈ കുറിപ്പ് എഴുതുന്നത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എ. ഡി. 52-ൽ പ. മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതവൃത്തിയിൽ ആരംഭിച്ച് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിലൂടെ സ്ഥാപിതമായി (എ.ഡി. 72) നൂറ്റാണ്ടുകളിലൂടെ വളർന്ന് പന്തലിച്ച ദൈവത്തിന്റെ സഭയാണ്. യേശുക്രിസ്തുവിന്റെ സുവിശേഷ ദൗത്യത്തിൽ പ. ആത്മാവിന്റെ കൃപയാൽ ഈ സഭ ചൈതന്യത്തോടെ ഇന്നും നിലനിൽക്കുന്നു; ദൈവത്തിന് സ്തുതി!

ആദിമ ക്രൈസ്തവ കാലം മുതൽ തന്നെ ഒരേസമയം ഈ ദേശത്തിന്റെ സാംസ്കാരിക പൈതൃകങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച് സഹജീവനം നടത്തിയിട്ടുള്ള ഈ സമൂഹം, അതേ സമയം തന്നെ മദ്ധ്യ പൗരസ്ത്യ ദേശത്തുനിന്നും നൂറ്റാണ്ടുകളിലായി വിവിധ കാരണങ്ങളാൽ ഭാരതത്തിലെത്തിക്കൊണ്ടിരുന്ന മറ്റു ക്രൈസ്തവ സമൂഹങ്ങളെയും, അവരുടെ ദേശ-വർഗ്ഗ-വിശ്വാസ വൈജാത്യങ്ങളോ വേദശാസ്ത്ര നിലപാടുകളോ ഗണ്യമാക്കാതെ തന്നെ സ്വീകരിക്കുകയും അവരെ ചേർത്തു നിർത്തുകയും ആവശ്യത്തിലധികം ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ഏറെ പാരസ്പര്യത്തോടെ വളർന്ന ഭാരത ക്രൈസ്തവ സമൂഹത്തിൽ ഈവണ്ണം പേർഷ്യയിൽ നിന്നും അർമേനിയയിൽ നിന്നും ഈജിപ്തിൽനിന്നും യെരുശലേമിൽനിന്നും ഒക്കെ വന്നവരും ഉണ്ടായിരുന്നതായി ചരിത്രപഠനങ്ങൾ സാക്ഷിക്കുന്നു. എന്നാൽ വിദേശ കോളനിവൽക്കരണം ആരംഭിച്ച കാലം മുതൽ ഭാരത ക്രൈസ്തവ ഗാത്രത്തെ വിഘടിപ്പിക്കുവാൻ വിവിധ വിദേശ ക്രൈസ്തവ സഭകൾ ശ്രമം ആരംഭിക്കുകയും അവരെല്ലാം അതിൽ ഏറെ വിജയിക്കുകയും അങ്ങനെ 17-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഒന്നായിരുന്ന ദേശീയസഭ വിവിധ വൈദ്ദേശിക കോളനി സഭകൾ ആയി മാറ്റപ്പെടുകയും ചെയ്തു.

1599-ൽ ഉദയംപേരൂർ സുന്നഹദോസിലൂടെ റോമൻ നുകത്തിൽ അടിമപ്പെട്ട മലങ്കരസഭ അന്നുമുതൽ ആരംഭിച്ച സ്വാതന്ത്ര്യസമരം 1653-ൽ വിജയിച്ചുവെങ്കിലും അപ്പോഴേക്കും സഭയുടെ പാതിയെങ്കിലും പിടിച്ചെടുക്കുവാൻ റോമാക്കാർക്ക് കഴിഞ്ഞിരുന്നു. അന്നത്തെ മലങ്കര മൂപ്പൻ, തോമസ് അർക്കദിയോക്കനെ 12 വൈദീകർ ചേർന്ന് 'മാർത്തോമ്മ' എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അവരോധിച്ച് പള്ളിയോഗങ്ങളും ചട്ടവര്യോലകളും ക്രൈസ്തവ മര്യാദകളും പാലിച്ച് ദേശീയ സഭയായി ദൈവകൃപയാൽ മാർത്തോമ്മൻ പൈതൃകം വീണ്ടും വളരുവാൻ തുടങ്ങി.

ഇതേ മാർത്തോമ്മൻ പൈതൃകം പേറുന്ന പേർഷ്യയിലെ ക്രൈസ്തവസമൂഹം പൗരസ്ത്യ "യാക്കോബായ" സുറിയാനി സമൂഹം എന്ന പൊതുനാമത്തിൽ മൂന്നു പൊതുസുന്നഹദോസിലെ (നിഖ്യാ-കുസ്തന്തീനോപ്പോലീസ്-എഫേസൂസ്സ്) സത്യവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് സമന്മാരായ മൂന്നു പാത്രിയർക്കീസന്മാരാൽ മേയ്ച്ചു ഭരിക്കുന്ന ഏക സഭയായി ഇക്കാലത്ത് അറിയപ്പെട്ടിരുന്നു. കല്കദോന്യ സുന്നഹദോസിനെ നിരാകരിച്ച ഈ വിശ്വാസസമൂഹത്തിന്റെ റോമാ സാമ്രാജ്യത്തിനകത്ത് ഉള്ളവർ 'അന്ത്യോഖ്യൻ പാത്രിയർക്കീസ്' എന്ന പേരിൽവിളിക്കുന്ന ഇഗ്നാത്യോസും പേർഷ്യാസാമ്രാജ്യത്തിൽ ഉൾപ്പെട്ടവരെ, തിഗ്രീസ്സിലെ കാതോലിക്കാ അഥവാ മഫ്രിയാനാ എന്ന നാമത്തിൽ അറിയപ്പെടുന്ന ബസ്സേലിയോസ്സും ഈ രണ്ടു സാമ്രാജ്യങ്ങളിൽ നിന്നും പിൽക്കാലത്ത് യെരുശലേമിൽ താസമിച്ചിരുന്നവരെ ഗ്രിഗോറിയോസ് എന്ന നാമത്തിൽ അറിയപ്പെട്ട പിതാക്കന്മാരും വഴിനടത്തിവന്നു.

ഒരേ വിശ്വാസവും ആരാധന ഭാഷയും (സുറിയാനി) സംസ്കാരിക ഐക്യതയുമുള്ള ഈ സമൂഹത്തിലെ ഒരു പിതാവിന്റെ സാന്നിധ്യം മലങ്കരസഭ ഇക്കാലത്ത് ആഗ്രഹിക്കുകയും 1665-ൽ യെരുശലേം പാത്രിയർക്കീസ് എന്ന് വിശ്വസിക്കപ്പെടുന്ന അബ്ദുൾ ജലീൽ ഗ്രീഗോറിയോസ് മലങ്കരയിൽ എത്തുകയും ചെയ്തത് മലങ്കരസഭയ്ക്ക് അന്ന് ഏറെ ആശ്വാസത്തിന് കാരണമായി, തുടർന്ന് ഇതേ സഭാപാരമ്പര്യത്തിൽപ്പെടുന്ന രണ്ട് മഫ്രിയാനാ (കാതോലിക്കാ) മാർ 1685-ലും 1751-ലും മലങ്കരയിൽ എത്തി. ചില വൈദ്ദേശീക മേൽക്കോയ്മ വാദങ്ങൾ ഒക്കെ

> 'സത്യം നിങ്ങളെ സ്വതന്ത്ര്യരാക്കും
> (വി. യോഹ. 8:32)'

ഇവരുടെ കാലത്തും സംഭവിച്ചുവെങ്കിലും പൗരസ്ത്യ സഭാവിജ്ഞാനീയത്തിലും വേദശാസ്ത്രപാതയിലും ആരാധന സംവിധാനത്തിലും സ്വതന്ത്രമായി വളരുവാൻ ഈ സന്ദർശനങ്ങളും ബന്ധങ്ങളും മലങ്കരസഭയെ സഹായിച്ചു എന്നത് വസ്തുതയാണ്.

എന്നാൽ ഇതിനിടയിൽ റോമൻ പേർഷ്യൻ സാമ്രാജ്യത്വവാദങ്ങൾ തമ്മിലുള്ള രാഷ്ട്രീയവും വേദശാസ്ത്രപരവുമായ കുടിപകകളാലും സംഘട്ടനങ്ങളാലും ഏറെ ശോഷിക്കുകയും ഒപ്പം ഇസ്ലാമിക രാഷ്ട്ര-മത പീഡനങ്ങളാൽ നാശോന്മുഖമാവുകയും ചെയ്ത സുറിയാനി സഭാപാരമ്പര്യം ഇഗ്നാത്യോസ് പാത്രിയർക്കീസിലേക്ക് മാത്രം ചുരുക്കപ്പെടുകയും ഗ്രീഗോറിയോസും ബസ്സേലിയോസും ചരിത്രഗതിയിൽ ഇല്ലാതാവുകയും ചെയ്തു. ഇതോടെ 1860-കൾ മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിൽ നേരിട്ട് ഇടപെടുവാൻ തുടങ്ങിയെന്നു മാത്രമല്ല 1875-ലെ മുളന്തുരുത്തി സുന്നഹദോസിലൂടെ മലങ്കരസഭയെ അന്ത്യോഖ്യയുടെ അടിമസഭയാക്കുവാനുള്ള ശ്രമങ്ങൾ ശക്തമായി ആരംഭിക്കുകയും ചെയ്തു.

1653-ൽ പൂർണ്ണമായും തള്ളിക്കളയുകയും തുടർന്ന് അതിശക്തമായി പ്രതിരോധിക്കുകയും ചെയ്തിരുന്ന വൈദ്ദേശിക ആധിപത്യ പ്രവണത പത്രോസ് മൂന്നാമൻ പാത്രിയർക്കീസിലൂടെ തിരിച്ചുവരുന്നതായി കണ്ടപ്പോൾ പ. സഭ അതിനെ ശക്തിയുക്തം എതിർക്കുകയും റോയൽകോടതി വിധിയിലൂടെ 1889-ൽ വിദേശസഭാ മേലദ്ധ്യക്ഷന്മാർക്ക് മലങ്കര സഭയിൽ ഭൗതീകമായി യാതൊരു സ്ഥാനവുമില്ലെന്നും സഭ അനുവദിക്കുന്നിടത്തോളം അവർക്ക് ആത്മീക സ്ഥാനങ്ങൾ വഹിക്കുന്നതിൽ വിരോധമില്ലെന്നും ഉത്തരവായി.

എന്നാൽ കോടതിവിധികൾ കേവലം ഭൗതീകവും തന്നിൽ നിക്ഷിപ്തമായിരിക്കുന്നത് ദൈവീകമായ ആത്മീക അധികാരവുമാണെന്നും, ആ അധികാരം മനുഷ്യനാൽ ചോദ്യം ചെയ്യപ്പെടുവാൻ സാധ്യമല്ലാത്തതുമാണെന്നുമൊക്കെ അവകാശപ്പെട്ടാണ് അന്ത്യോഖ്യൻ അധീശത്വം ഇതിനെ പ്രതിരോധിക്കുവാൻ ശ്രമിച്ചത്. പത്രോസ് മൂന്നാമന്റെ പിൻഗാമി മലങ്കരയിലേക്ക് 'എഴുന്നള്ളി'യതും മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദീവന്നാസ്യോസിനെ മുടക്കിയതും ഒക്കെ ഇപ്രകാരമാണ്.

1912-ലെ മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിലൂടെയും 1934-ലെ മലങ്കരസഭയുടെ ഭരണഘടനയിലൂടെയുമാണ് പ. സഭ ഈ നീക്കങ്ങളെ ശക്തമായി പ്രതിരോധിച്ചത്. 1913 മുതൽ തന്നെ ഇതിനെ ചോദ്യം ചെയ്യുവാൻ പാത്രിയർക്കീസ് പക്ഷവും പാത്രിയർക്കാ സ്ഥാനപതി എന്ന പേരിൽ സ്ഥിരം മലങ്കര സഭയുടെ ചോരകുടിച്ച് വളർന്ന വിദേശ മെത്രാന്മാരും ശ്രമിച്ചുവെങ്കിലും വിവിധ കോടതിവിധികളിലൂടെ ആ ശ്രമങ്ങൾ എല്ലാം ദയനീയമായി പരാജയപ്പെടുകയായിരുന്നു.

ഇതിനിടയിൽ ഭാരതത്തിലെ എല്ലാ രാഷ്ട്രീയ കോളനിവൽക്കരണങ്ങളും അവസാനിച്ച് 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുകയും 1950 ൽ രാജ്യം ഒരു സ്വതന്ത്ര-ജനാധിപത്യ-റിപ്പബ്ലിക്ക് ആയി മാറുകയും ചെയ്തു. 1958-ൽ രാജ്യത്തിന്റെ പരമോന്നത നീതിപീഠം മലങ്കര സഭാതർക്കത്തിൽ ശാശ്വതപരിഹാരമായി ഒരു വിധി പുറപ്പെടുവിക്കുകയും ആ വിധിയിലെ നന്മയെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അന്നത്തെ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ സഭാസമിതികളുടെ പൂർണ്ണ പിന്തുണയോടെ ഭരണഘടനാനുസൃതമായി പ. അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിക്കുകയും അദ്ദേഹം വരുകയുമൊക്കെ ചെയ്ത് മലങ്കര സഭാസമാധാനം ഒരു യാഥാർത്ഥ്യമായി തീർന്നു.

എന്നാൽ 'വളയിലും തുളയിലും' കൂടെ ഓടുവാൻ പഠിച്ചിട്ടില്ലാത്ത, സ്വാർത്ഥലാഭങ്ങൾക്കും അധികാരസ്ഥാനങ്ങൾക്കും വേണ്ടി എന്തും ചെയ്യുവാൻ മടിയില്ലാത്ത ഒരു വിമതകൂട്ടം 1964 മുതൽ തന്നെ ഒളിഞ്ഞും തെളിഞ്ഞും പ. സഭയ്ക്ക് എതിരെ തലപൊക്കുവാൻ തുടങ്ങുകയും ഒടുവിൽ അവരുടെ പ്രലോഭനങ്ങളിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് വീഴുകയും ചെയ്തപ്പോൾ 1970-ൽ അദ്ദേഹം വി. മാർത്തോമ്മാശ്ലീഹായെ തന്നെ മുൻകാല പ്രാബല്യത്തോടെ പൗരോഹിത്യത്തിൽ നിന്നും മുടക്കി 203/70 കല്പന പുറപ്പെടുവിച്ചു!

ഭാരത സഭയെ ആദ്യനൂറ്റാണ്ടുകൾ മുതൽ തന്നെ വി. തോമാശ്ലീഹായുടെ സഭ എന്ന് അറിയപ്പെട്ടിരുന്നതായി അനവധി തെളിവുകൾ ഉണ്ട്. ഭാരതസഭയെ പ്രതിനിധീകരിക്കുന്ന മെത്രാപ്പോലീത്തന്മാരും ഭാരതത്തിൽ ഭരിക്കുവാൻ വന്നവരും (ഉദാഹരണം യുയാക്കീം മാർ കൂറിലോസ്-19-ാം നൂറ്റാണ്ടിന്റെ മദ്ധ്യം) അവർ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹീക സിംഹാസനത്തെ പ്രതിനിധീകരിക്കുന്നവരാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മലങ്കരയിൽ ആദ്യമായി ഒരു ദേശീയ മെത്രാപ്പോലീത്താ ഉണ്ടായപ്പോൾ അദ്ദേഹത്തെ 'മാർത്തോമ്മാ' എന്നാണ് നാമകരണം ചെയ്തത് എന്നും അറിയാമല്ലോ. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി പ. മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോലിക പിൻഗാമിയുടെ സ്ഥാനനാമത്തിൽ 'മാർത്തോമ്മാ' എന്നത് അഭിമാനത്തോടെ എക്കാലവും നിലനിൽക്കുന്നു.

1974-മുതൽ 'അന്ത്യോഖ്യയിൽ' പണവും 'കാഴ്ചകളു'മായി എത്തുന്ന ഏവനും അവൻ ചോദിക്കുന്ന ഏതു പൗരോഹിത്യ സ്ഥാനവും നൽകികൊണ്ട് മലങ്കരയിലാകെ ശീമോന്യസന്തതികളെ ജനിപ്പിക്കുവാനും അവരിലൂടെ അന്ത്യോഖ്യാ പാത്രിയർക്കീസന്മാർക്കും അവരുടെ അടിമത്വത്തിൽ മലങ്കരയിൽ സ്വാർത്ഥലാഭം കൊയ്യുന്നവർക്കും അരാജകത്വം സൃഷ്ടിക്കുവാനും വീണ്ടും വേദിയൊരുങ്ങി. മലങ്കരസഭയുടെ അനേകം ദേവാലയങ്ങൾ ഇക്കൂട്ടർ ബലപ്രയോഗത്താൽ കയ്യടക്കി വിശ്വാസികളെയും പുരോഹിതന്മാരെയും ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യുവാൻ മടിച്ചില്ല. പാത്രിയർക്കീസിനെയും കബളിപ്പിച്ചുകൊണ്ട് 'ശ്രേഷ്ഠന്മാർ' കൂടുതൽ കൂടുതൽ ശീമോന്യസന്തതികളെ ജനിപ്പിക്കുകയും അവരിലൂടെ പ. സഭാഗാത്രം ഏറെ അവമതിക്കപ്പെടുകയും മലങ്കരസഭയുടെ മാത്രമല്ല; ഭാരത ക്രൈസ്തവ സമൂഹത്തിന്റെ തന്നെ സാക്ഷ്യം നഷ്ടപ്പെടുത്തുന്ന വിദ്ധ്വംസക പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു.

ദൈവകൃപയിൽ മാത്രം ശരണപ്പെട്ടുകൊണ്ട് മലങ്കരസഭ അചഞ്ചലയായി മുന്നോട്ടുപോയി. സഭയുടെ സങ്കടം രാജ്യത്തിന്റെ വ്യവസ്ഥാപിത നീതിപീഠങ്ങളെ അറിയിച്ചു. അവർ വിഷയം കുലംകഷമായി പഠിച്ചശേഷം 1995-ൽ വീണ്ടും സുപ്രീംകോടതിയിൽ നിന്നും വിധിയുണ്ടായി. വിധി വിഘടിത വിഭാഗത്തിന് സ്വീകാര്യമല്ലായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. വീണ്ടും ഹർജികളും പുനപരിശോധന അപേക്ഷകളുമൊക്കെയായി കോടതി കയറിയെങ്കിലും നിലപാടിൽ നീതിയില്ലെന്ന് മനസ്സിലാക്കിയ കോടതി മലങ്കര സഭയിലെ എല്ലാ ദേവാലയങ്ങളും 1934 ഭരണഘടനാപ്രകാരം ഭരിക്കപ്പെടണമെന്ന സുപ്രധാന വിധി 2017 ജൂലൈ 3-ന്, വി. മാർത്തോമ്മാശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ദിനത്തിൽ, പുറപ്പെടുവിച്ചു. 2002-ൽ മലങ്കരസഭാ അസ്സോസിയേഷനിൽ നിന്ന് വിട്ടുനിന്ന്, മലങ്കര മെത്രാപ്പോലീത്തായെ അനുസരിക്കാതെ സമാന്തര ഭരണസംവിധാനവും സ്ഥാനങ്ങളും പ്രഖ്യാപിച്ചിരുന്നതെല്ലാം രാജ്യത്തിന്റെ പരമോന്നത കോടതി പൂർണ്ണമായും അസാധുവാക്കി. അങ്ങനെ പ. മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭ, അദ്ദേഹത്തിന്റെ വലിയ ഓർമ്മപ്പെരുന്നാൾ ദിവസം വിദേശ അടിമത്വത്തിൽ നിന്നും അടിമത്വ-അധീശത്തിന്റെ പേരിൽ സ്വാർത്ഥലാഭങ്ങൾ ഉണ്ടാക്കിയവരിൽനി ന്നും നിയമപരമായി പൂർണ്ണമോചനം നേടി. അവർ തന്നെ ആദ്യം 1064 എന്നും പിന്നീട് 1602 എന്നും പുതുക്കി നൽകിയിരുന്ന എല്ലാ ദേവാലയങ്ങളും 1934 ഭരണഘടനാപ്രകാരം ഭരിക്കപ്പെടണമെന്ന് വന്നതോടെ 'അന്ത്യോഖ്യാ-മലങ്കര ബന്ധമെന്ന്' ആക്രോശിച്ച് ഇക്കൂട്ടർ നടത്തിവന്നിരുന്ന പള്ളികൊള്ള പൂർണ്ണമായും കോടതി അലക്ഷ്യവും ക്രിമിനൽ കുറ്റവും ആയിതീർന്നു.

കോടതികളിൽ പരാജയപ്പെട്ടപ്പോൾ കോടതികൾ മല

ങ്കരസഭയോട് ഒപ്പമാണെന്നും, വിധികൾ വിലകൊടുത്ത് വാങ്ങിയതാണെന്നും ഒക്കെ പറയുവാനും അതിനാൽ കോടതിവിധികൾ ഒരു നിയമനിർമ്മാണത്തിലൂടെ മറികടക്കണമെന്നുമായി അടുത്ത ആവശ്യം! ഇതിനായി കേരളത്തിലുടനീളം നടന്ന് തങ്ങൾക്ക് നീതി നിഷേധിക്കപ്പെടുന്നുവെന്നും 'മെത്രാൻ കക്ഷികൾ' തങ്ങളെ ദേവാലയങ്ങളിൽ നിന്നും ഇറക്കിവിടുന്നുവെന്നും സംസ്ഥാന സർക്കാർ ഇടപെടണമെന്നുമൊക്കെ പറയുക മാത്രമല്ല, പ. സഭയെയും അതിലെ പിതാക്കന്മാരെയും പൊതുസമൂഹത്തിന്റെ മുന്നിൽ ആക്ഷേപ-അപഹാസ്യ പദങ്ങൾ കൊണ്ട് അഭിഷേകം ചെയ്ത് ശപിക്കുവാനും 'അന്ത്യോഖ്യൻ പാരമ്പര്യം' അവകാശപ്പെടുന്ന മെത്രാൻ വേഷധാരികൾക്കും അനുയായികൾക്കും ഒരു മടിയും ഉണ്ടായില്ല.

വിധി പൂർണ്ണമായും നടപ്പായ ദേവാലയങ്ങളിൽ ഏതൊക്കെ വിധത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുകയും ദേവാലയങ്ങൾ നശിപ്പിക്കുകയും ചെയ്യാമോ അത് ചെയ്യുന്നതിനും യാതൊരു മടിയും ഇല്ലാതെ അവരുടെ അറിവില്ലായ്മ തുടരുന്നു. ഫലമോ ഒരു ഭാഗത്ത് ക്രൈസ്തവസാക്ഷ്യം നഷ്ടപ്പെടുന്നു, സമൂഹത്തിൽ അശാന്തി പടരുന്നു. ഒപ്പം നിയമലംഘനം നടത്തുന്നവരുടെ പേരിൽ അനേകം ക്രിമിനൽ കേസുകൾ ഉണ്ടാകുന്നതു വഴി വിശ്വാസികളുടെ ഭാവി ഇരുളടഞ്ഞതാകുകയും അവരെ അജ്ഞാന-അന്ധകാരത്തിലേക്ക് നേതൃത്വം തള്ളിവിടുകയും ചെയ്യുന്നു.

'അന്ത്യോഖ്യാ വിശ്വാസം' എന്ന ഒരു മാന്ത്രിക വിലാസം ഉപയോഗിച്ച് പാവപ്പെട്ട വിശ്വാസസമൂഹത്തെ തെരുവിലിറക്കിയും അധാർമ്മിക രാഷ്ട്രീയം കളിച്ചും തങ്ങളുടെ സ്ഥാനങ്ങൾ പിടിച്ചുനിർത്താമെന്ന് സ്വപ്നം കാണുന്ന ഒരു കൂട്ടം മേല്പട്ടക്കാരും പട്ടക്കാരും എന്തും പറയുവാനും പ്രവർത്തിക്കുവാനും സമൂഹത്തിലേക്ക് ഇറങ്ങുമ്പോൾ അവരെ വിശ്വസിച്ച് കൂടെ നിൽക്കുന്നവരുടെ ആത്മീയവളർച്ചയോ ധാർമ്മിക നിലപാടുകളോ ഒന്നും അവരുടെ മുന്നിൽ ഒരു വിഷയമേ അല്ലാതെ വന്നിരിക്കുന്നു. തങ്ങളുടെ കപടതന്ത്രങ്ങൾ വിജയിക്കുകയില്ല എന്ന് മനസ്സിലാക്കുംതോറും ഇക്കൂട്ടർ പ. സഭയെ കൂടുതൽ കൂടുതൽ കുറ്റപ്പെടുത്തുകയും പൊതുസമൂഹത്തിന്റെ മുമ്പാകെ മലങ്കരസഭ വലിയ അപരാധം ചെയ്യുന്നുവെന്ന് നിരന്തരം ആരോപിക്കുകയും ചെയ്യുന്നു.

കേരള സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന ഇക്കാലത്ത് എന്ത് അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ടിലൂടെയും കാര്യം കാണുവാൻ ഇവർ ശ്രമിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ, മതസമൂഹങ്ങൾ, വാർത്താമാധ്യമങ്ങൾ തുടങ്ങി എല്ലായിടത്തും തങ്ങൾ പീഡിപ്പിക്കപ്പെടുന്നുവെന്നും, തങ്ങൾക്ക് നീതി നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നും, ആരാധനാ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നുവെന്നും, ശവസംസ്കാരംപോലും സാധ്യമല്ലാതെ വരുന്നുവെന്നും എല്ലാത്തിനും കാരണം 'മെത്രാൻ കക്ഷി'കളുടെ ധാർഷ്ട്യമാണെന്നുമൊക്കെ ശക്തമായി പ്രചരിപ്പിക്കുന്നു.

ഇത്തരം ഒരു സാഹചര്യത്തിലാണ് 'മലങ്കരസഭ' ഈ വിഷയങ്ങളിലെ നിജസ്ഥിതി എന്താണെന്ന് വിശ്വാസികളെയും പൊതുസമൂഹത്തെയും അറിയിക്കുവാൻ, പ്രത്യേകാൽ പ. ബാവാ തിരുമേനിയുടെ ആഗ്രഹപ്രകാരം, നമ്മുടെ ഏതാണ്ട് എല്ലാ ഭവനങ്ങളിലും ഓരോ കോപ്പി എത്തത്തക്കവിധം 2021 മാർച്ച് ലക്കം പ്രസിദ്ധീകരിക്കുന്നത്. കൂടാതെ ഓൺലൈൻ പിഡിഎഫ് ആയും ഈ ലക്കം എല്ലാ സഭാമക്കളിലേക്കും എത്തിക്കുവാനുള്ള ക്രമീകരണം 'മലങ്കരസഭ' എഡിറ്റോറിയൽ ബോർഡ് ചെയ്തുവരികയാണ്.

വിശ്വാസികളും പൊതുസമൂഹവും സത്യം മനസ്സിലാക്കി പ. സഭയോടൊപ്പം നിൽക്കുകയും വിഘടിച്ചുനിൽക്കുന്നവരുടെ മാനസാന്തരത്തിനും തിരിച്ചുവരവിനുമായി, പ്രത്യേകാൽ ഈ വലിയനോമ്പുകാലത്ത് പ്രാർത്ഥിക്കണം എന്നും ഒപ്പം പ. ബാവ തിരുമേനിയെയും പിതാക്കന്മാരെയും വൈദീകസമൂഹത്തേയും വിശ്വാസികളെയും എല്ലായ്പ്പോഴും ഓർത്തു പ്രാർത്ഥിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ○

മലങ്കരസഭയിലെ കാതോലിക്കാദിനപ്പിരിവിന്റെ ആരംഭം

പി. തോമസ് പിറവം

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിൽ ഇന്നത്തെ കാതോലിക്കാദിന പിരിവിന്റെ ആരംഭം എന്നായിരുന്നെന്നും അതിന്റെ രീതി എന്തായിരുന്നെന്നും ഈ തലമുറയിലെ പലർക്കും, തൊണ്ണൂറിനു് അടുത്തു് പ്രായമില്ലാത്തവർക്കാർക്കും, നേരിട്ടുള്ള അറിവ് ഉണ്ടാകില്ല. ആദ്യത്തെ 'പൗരസ്ത്യ കാതോലിക്കേറ്റു് വ്യവസ്ഥാപന മലങ്കര നിധി' പിരിവു് സംബന്ധിച്ച വിശദമായ റിപ്പോർട്ടു് അച്ചടിച്ചു് പ്രസിദ്ധീകരിച്ചിരുന്നു. (പൗരസ്ത്യ കാതോലിക്കേറ്റു് വ്യവസ്ഥാപന മലങ്കര നിധി 1110, പ്രസാധകന്മാർ ദിവ്യശ്രീ എം.സി.കുര്യാക്കോസ് കശ്ശീശ ബി.എ., റാവു സാഹിബ് ഒ.എം. ചെറിയാൻ, മലയാളമനോരമ പ്രസ്, കോട്ടയം, 1936)

ഉള്ളടക്കം

പത്രത്തിന്റെ അരത്താൾ വലിപ്പത്തിൽ ആണു് ഈ ഗ്രന്ഥം അച്ചടിച്ചിട്ടുള്ളത്. ആദ്യ പേജുകളിൽ പ.അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവ, പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത എന്നിവരുടെ ചിത്രങ്ങൾ മേനിക്കടലാസിൽ അച്ചടിച്ചിരിക്കുന്നു. ശേഷം പുറങ്ങൾ പത്രക്കടലാസിലാണുള്ളത്. നിധി സെക്രട്ടറിമാരായ റാവു സാഹിബ് ഒ. എം. ചെറിയാൻ ബി.എ.എൽ.റ്റി., (തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പിൽ ചീഫ് ഇൻസ്പെക്ടർ, സഭാഭരണഘടന നിർമ്മാണക്കമ്മറ്റി കൺവീനർ) ദിവ്യശ്രീ എം. സി. കുര്യാക്കോസ് കശ്ശീശ ബി.എ., പാത്താമുട്ടം (പിൽക്കാലത്തു് റമ്പാൻ, 1943 മുതൽ 46 വരെ സമുദായ സെക്രട്ടറി) എന്നിവർ 1111 മേടം 3-നു് എഴുതിയ അവതാരികയും, റാവു സാഹിബ് ഒ. എം. ചെറിയാൻ മലങ്കരസഭാചരിത്രം സംബന്ധിച്ചു് എഴുതിയ ലേഖനവും, നിധിപിരിവു് സംബന്ധിച്ച നിർദ്ദേശങ്ങളും ഒരുക്കങ്ങളും ഉൾപ്പെടുത്തി പുറത്തിറക്കിയ ഒൻപതു വിജ്ഞാപനങ്ങളും, പിരിവിനെപ്പറ്റി പുറത്തിറക്കിയ മറ്റൊരു വിജ്ഞാപനവും, പിരിവിനു സന്നദ്ധസേവനം ചെയ്ത ഗ്രൂപ്പ് ലീഡർമാരുടെ റിപ്പോർട്ടുകളും, ഭദ്രാസനം തിരിച്ചു് പള്ളികളിൽ നിന്നു് സംഭാവന ചെയ്തവരുടെ ലിസ്റ്റും, ഒരു കാതോലിക്കേറ്റു് നിധി വഞ്ചിപ്പാട്ടും റിപ്പോർട്ടിലുണ്ടു്. അവതാരികയിൽ കാതോലിക്കായും മെത്രാന്മാരുമുള്ള ഒരു ഗ്രൂപ്പ് ഫോട്ടോയും, നിധിഭാരവാഹികളും ബാവായും മെത്രാന്മാരും ഉൾക്കൊള്ളുന്ന മറ്റൊരു ഗ്രൂപ്പു് ഫോട്ടോയും ഒന്നാം കാതോലിക്കാ ബാവായുടെ പൂർണ്ണകായചിത്രവും നിധി ട്രസ്റ്റിമാരുടെയും (കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, എ. എം. വർക്കി, കെ. സി. ചാക്കോ എന്നിവർ) നിധിപിരിവിൽ കാര്യമായി സഹകരിച്ച രണ്ടുപേരുടെ ചിത്രങ്ങളും ഉൾപ്പെടുത്തി. റാവു സാഹിബ് ഒ.എം.ചെറിയാൻ 'മലങ്കരസഭ' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനം, ഒർതോദുക്സോ എന്നതാണു് ഈ സഭയുടെ ശരിയായ പേരെന്നും യാക്കോബായ എന്നതു് സാരമായ ഒരിടത്തും കാണുകയില്ലെന്നും തെളിയിക്കുന്നു. അതോടൊപ്പം ബാറെബ്രായയുടെ സഭാചരിത്രം ആധാരമാക്കി കാതോലിക്കേറ്റിന്റെ ചരിത്രവും മലങ്കരയിലെ കാതോലിക്കേറ്റിന്റെ സ്ഥാപനത്തെപ്പറ്റിയുള്ള വിശദീകരണവും സമർത്ഥമായി വിവരിക്കുന്നു. പ. അബ്ദേദ് മശിഹാ പാത്രിയർക്കീസും ഒന്നാം കാതോലിക്കാ ബാവായും അന്നത്തെ നാലു മെത്രാന്മാരും ഉൾക്കൊള്ളുന്ന ഗ്രൂപ്പ് ഫോട്ടോയും, പ. വട്ടശ്ശേരിൽ തിരുമേനി, തീമോത്തിയോസ് മെത്രാപ്പോലീത്താ, കോനാട്ടു് മാത്തൻ കോറെപ്പിസ്കോപ്പാ, ഇ.ജെ.ജോൺ എം.എ. ചാക്കോ എന്നിവരുടെ ഫോട്ടോകളും ചേർത്തിട്ടുണ്ടു്. അബ്ദുള്ള പാത്രിയർക്കീസ് ബാവ മലങ്കരയിലേക്കു വരുന്നതിലുള്ള ആശങ്കയും മറ്റും വിവരിച്ചു് കോനാട്ടു് മാത്തൻ കോറെപ്പിസ്കോപ്പാ അബ്ദേദ് മശിഹാ പാത്രിയർക്കീസിനയച്ച കത്തിന്റെ ഫോട്ടോയും ഇതിന്റെ കൂടെ ഉണ്ടു്.

32 ഗ്രൂപ്പുകളിൽ നിന്നു് 30 ലീഡർമാരുടെ റിപ്പോർട്ടും അവരിൽ പലരുടെയും ഫോട്ടോകളും ചേർത്തിട്ടുണ്ടു്. ചില ഗ്രൂപ്പുകൾക്കു് അ, ആ, ഇ വിഭാഗങ്ങൾ ഉണ്ടായിരുന്നു. അഞ്ചൽ, തലവടി ഗ്രൂപ്പുകളുടെ റിപ്പോർട്ടു് ലഭിക്കാഞ്ഞതിനാൽ ചേർത്തിരുന്നില്ല. അക്കാലത്തെ പ്രശസ്തരായ സഭാനേതാക്കളുടെ രൂപവും, സഭയെപ്പറ്റിയും അവരുടെ ഗ്രൂപ്പുകളിലെ പള്ളികളെപ്പറ്റിയും ഉള്ള അവരുടെ വിലയിരുത്തലും അതിൽ കണ്ടെത്താം. അക്കാലത്തെ പ്രഗത്ഭരായ സമുദായനേതാക്കളുടെ മുഖങ്ങളാണു് ഗ്രൂപ്പ് റിപ്പോർട്ടുകളിൽ വെളിപ്പെടുന്നതു്.

ഗ്രൂപ്പുകളും ലീഡർമാരും

കൊല്ലം ഭദ്രാസനം

കൊല്ലം – റ്റി.ഒ. കോശി വൈദ്യൻ ബി.ഡി. (തിരുവനന്തപുരം ഇടവക – കെ.എം.ജോർജ്ജ് ബി.എ.), കുണ്ടറ – മോടിശ്ശേരിൽ എം.പി. മാത്യൂസ് കശ്ശീശ, ചങ്ങരമ്പള്ളിൽ കെ. ഗീവറുഗീസ് ശെമ്മാശൻ, കൊട്ടാരക്കര – ടി.എസ്. വറുഗീസ് ബി.എ.എൽ.റ്റി. അയിരൂർ, അഞ്ചൽ – പി.സി. അലക്സാണ്ടർ കത്തനാർ, പത്തനാപുരം – എം. ഐപ്പ് ബി.എ.എൽ.റ്റി., കെ.റ്റി. സക്കറിയ ബി.എ., കടമ്പനാടു് – റ്റി.ജി. എബ്രഹാം ബി.എ. കടമ്പനാടു്, അടൂർ – ഡോ. സി.റ്റി. ഈപ്പൻ എം.എ. ബി.എസ്.സി. പി.എച്ച്.ഡി. അടൂർ, കായംകുളം – സി.ജി. വറുഗീസ് ബി.എ.എൽ.റ്റി. തിരുവല്ല, മാവേലിക്കര – ജേക്കബ് കുര്യൻ, മാവേലിക്കര.

തുമ്പമൺ ഭദ്രാസനം

തുമ്പമൺ – റവ. റ്റി.ജി. കോശി കത്തനാർ എം.എ., പന്തളം – പി.വി. വറുഗീസ് ബി.എ.എൽ.റ്റി., ഓമല്ലൂർ – വി.ജി. തോമസ് ബി.എ.ബി.ഡി., കൈപ്പട്ടൂർ, കൈപ്പട്ടൂർ – കെ.ജി. ചെറിയാൻ ബി.എ.എൽ.റ്റി. പുത്തൻകാവു്, കോന്നി – വി.ജി. ജോർജ്ജ് ബി.എ.എൽ.റ്റി., കൈപ്പട്ടൂർ, കുമ്പഴ – എ.ജി. എബ്രഹാം കത്തനാർ, മൈലപ്ര, റാന്നി – കെ.എ. ഫിലിപ്പ് ബി.എ.എൽ.റ്റി. കോഴഞ്ചേരി (കണക്കിൽ പി.എ. പൈലൊ ബി.എ.എൽ.റ്റി.), അയിരൂർ – ഡബ്ലിയു. സി. ഗീവറുഗീസ് കത്തനാർ ബി.എ.എൽ.റ്റി. ഇടത്വാ, കോഴഞ്ചേരി – റ്റി.എസ്. അബ്രഹാം കത്തനാർ ബി.എ.എൽ.റ്റി. അയിരൂർ, ചെങ്ങന്നൂർ – സി.എം. ജോൺ എം.എ. പുലിയൂർ, പുത്തൻകാവു് – ഫാ. കെ. ഡേവിഡ് ബി.എ.ബി.ഡി. ചന്ദനപ്പള്ളി.

നിരണം ഭദ്രാസനം

നിരണം – വക്കീൽ സി.എം. മാത്യു തിരുവല്ല, കാർത്തികപ്പള്ളി – കെ.എം. മാമ്മൻ മാപ്പിള തിരുവല്ല, തലവടി – അടങ്ങപ്പുറത്തു് ദിവ്യശ്രീ ബഹനാൻ കത്തനാർ, തിരുവല്ല അ പി.എം. ജേക്കബ് തിരുവല്ല, തിരുവല്ല ആ കെ. ജോർജ്ജ് ബി.എ.എൽ.റ്റി. തിരുവല്ല, കവിയൂർ – കെ.എം. സക്കറിയ എം.എ. എൽ.റ്റി. പള്ളം, മല്ലപ്പിള്ളി – എം.കെ. ജോസഫ് ശെമ്മാശൻ, നിലയ്ക്കൽ, പുതുപ്പള്ളി.

കോട്ടയം ഭദ്രാസനം

കോട്ടയം A (മാങ്ങാനം) – മാളേയ്ക്കൽ എം.എം. എബ്രഹാം, കോട്ടയം, കോട്ടയം B കെ.എ. മാത്യു ബി.എ.എൽ.റ്റി. ഒളശ്ശ, പള്ളം – വി.സി. മാത്യു ബി.എ.എൽ.റ്റി. പുതുപ്പള്ളി, വാകത്താനം – ചെറിയമഠത്തിൽ സ്കറിയ കശ്ശീശ, വൈദികസിമ്മനാരി, കോട്ടയം, പുതുപ്പള്ളി A പാറേട്ടു് മാത്യൂസ് കശ്ശീശ, പുതുപ്പള്ളി B (നിലയ്ക്കൽ പള്ളി) – റ്റി.സി. ഉമ്മൻ ബി.എ.എൽ.റ്റി. പുതുപ്പള്ളി, പുതുപ്പള്ളി C പി.കെ. വർക്കി, പാമ്പാടി – കെ. പീലിപ്പോസ് ശെമ്മാശ്ശൻ, കോട്ടയം, വാഴൂർ – പി.എം. മാണി, നട്ടാശ്ശേരിയിടം, കോട്ടയം.

ഇതിന്റെ പ്രസിദ്ധീകരണത്തിനും പിരിവിനും അഹോരാത്രം ദീർഘനാൾ പ്രവർത്തിച്ച നിധി സെക്രട്ടറിമാരുടെ ഒറ്റയ്ക്കുള്ള പടങ്ങൾ ചേർത്തിട്ടില്ലെന്നതു് തെല്ല് അദ്ഭുതത്തോടെ സൂചിപ്പിക്കുന്നത് ഇന്നത്തെ രീതിയോടുള്ള താരതമ്യം കൂടിയാണ്. നിധിപിരിവിന്റെ ചുമതലക്കാരുടെ ഗ്രൂപ്പ് ഫോട്ടോയിൽ മാത്രമേ അവരെ കണ്ടെത്താനാകൂ.

കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം എന്നീ ഭദ്രാസനങ്ങളിലെ പള്ളികളിൽ നിന്നു് പിരിവു തന്നവരുടെ പേരുവിവരം ഗ്രൂപ്പു തിരിച്ചാണു് ചേർത്തിട്ടുള്ളത്. വടക്കൻ ഭദ്രാസനങ്ങളിൽ നിന്നും കേരളത്തിനു പുറത്തുനിന്നും ലഭിച്ചതിന്റെ പേരുവിവരം പ്രത്യേകം ചേർത്തു.

ഇത്രയും വിശദമായി എഴുതിയതു് ചരിത്രപരമായി പ്രാധാന്യമുള്ള ഈ പ്രസിദ്ധീകരണം അധികം പേർക്കു് ഇന്നു് കാണുവാൻ സൗകര്യമില്ലെന്നു് ഓർത്തിട്ടാണ്.

(1935, 1936 വർഷങ്ങളിലെ കാതോലിക്കാനിധിയുടെ റിപ്പോർട്ടുകൾ സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് സമാഹരിച്ച് ഇ ബുക്കായി ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്. Pl. visit https://sophiaelibrary.blogspot.com/search/label/Catholicate%20Day)

സെക്രട്ടറിമാരുടെ അവതാരിക

ഭരണഘടനയും സമുദായനിധി സംഭരണവും മലങ്കര ഓർതോദുക്സോ സഭയുടെ രണ്ട് അത്യാവശ്യങ്ങളാണു്. 1106 ൽ നിധിസംഭരണത്തെക്കുറിച്ചും അതിനു വേണ്ട വ്യവസ്ഥയുണ്ടാക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും പ്രധാന പട്ടക്കാരും അല്മായരും ഒരുമിച്ച് പ. കാതോലിക്കാബാവാ തിരുമനസ്സിനെ അറിയിച്ചു. സമുദായഭരണഘടനയ്ക്കു മുമ്പ് നിധിക്ക് ഒരു പ്രത്യേക ഭരണക്രമവും കമ്മറ്റിയും ഉണ്ടായാൽ സമുദായ ഭരണചക്രവുമായി ഇണങ്ങാതെ പിണങ്ങിപ്പോയേക്കുമെന്ന ഭയം ബാവ വെളിപ്പെടുത്തി. നിധിസംഭരണ തല്പരർ അങ്ങനെ പിൻവാങ്ങി.

ഭരണഘടന പാസ്സായപ്പോൾ പ്രധാനവിഘാതം നീങ്ങിയതിനാൽ താമസം കൂടാതെ നിധിസംഭരണത്തിനുള്ള നിശ്ചയങ്ങൾ ഉണ്ടായി. 1110 ധനു 11 നു് കൂടിയ മാനേജിങ് കമ്മറ്റിയാണു് മലങ്കരസഭയുടെ നിലനില്പിനും പുരോഗതിക്കും ഒരു ധനശേഖരപദ്ധതി അനുവദിച്ചതു്.

ഈ പദ്ധതിയുടെ അവതാരകൻ ശ്രീ കെ.സി. മാമ്മൻ മാപ്പിളയും അനുവാദകൻ ഒ.എം. ചെറിയാനും ആയിരുന്നു.

ധനശേഖരപദ്ധതി

1. സ്ഥിരമാസപ്പടിയോ ആദായമോ ഉള്ളവരെ നേരിട്ടു കണ്ടോ കത്തിടപാടിലൂടെയോ പണപ്പിരിവിനായി ശ്രീ.കെ. സി.മാമ്മൻ മാപ്പിള, എ.എം. വർക്കി എന്നിവരെയും, (ഇതിലേക്കു് പത്രോസ് മത്തായി, കെ.എം. മാത്തൻ മാപ്പിള, സി.പി. തരകൻ, പി.എ. ജയിക്കബ് എന്നിവരെയും 1111 കുംഭം 9 ലെ കമ്മറ്റി ചേർത്തു) ഒരു ക്ലിപ്തദിവസം സകല സഭാംഗങ്ങളുടെയും ഭവനങ്ങളിൽ ആളുകളെ അയച്ച് ശക്ത്യാനുസരണമുള്ള സംഖ്യ സ്വരൂപിക്കുന്നതിനു് വേണ്ട ഏർപ്പാടുണ്ടാക്കുവാൻ ദിവ്യശ്രീ എം.സി. കുര്യാക്കോസ് കശ്ശീശ, റാവുസാഹിബ് ഒ.എം.ചെറിയാൻ എന്നിവരെയും സബ്കമ്മറ്റികളായി നിയമിച്ചു.

2. സബ്കമ്മറ്റികൾ വസൂലാക്കുന്ന തുക ട്രസ്റ്റിമാരായ കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും എ.എം. വർക്കി, കെ.സി. ചാക്കോ എന്നിവരുടെയും പേരിൽ അംഗീകരിക്കപ്പെട്ട ബാങ്കുകളിൽ അപ്പപ്പോൾ നിക്ഷേപിക്കും.

3. ഈ സംഖ്യയിൽ 25% ൽ കുറയാത്ത ഒരു സംഖ്യ മിഷനറി ജോലിക്ക് വിനിയോഗിക്കേണ്ടതാണ്. ശേഷമുള്ളതു് കാതോലിക്കാബാവ, മേല്പട്ടക്കാർ എന്നിവരുടെ ആവശ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനും പട്ടക്കാർക്കു് ആവശ്യമായ വരവുണ്ടാക്കുന്നതിനും ഒരു വൈദികപാഠശാല സ്ഥാപിച്ചു നടത്തുന്നതിനും സമുദായനിലനില്പിനും പുരോഗതിക്കും ഒഴിവാക്കുവാനാകാത്ത മറ്റാവശ്യങ്ങൾക്കും വിനിയോഗിക്കണം.

4. മേൽവിവരിച്ച തത്ത്വങ്ങൾക്കനുസരണം സംഖ്യ ഇന്നിന്ന പോലെ വിനിയോഗിക്കണമെന്നതിനു് മാനേജിങ് കമ്മറ്റിക്കു് ശുപാർശ ചെയ്യുവാൻ മാർ ഗ്രീഗോറിയാസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനും ഫാ. അലക്സിയോസ്, ഫാ. എം.സി. കുര്യക്കോസ്, എ.എം. വർക്കി, കെ.സി. ചാക്കോ എന്നിവർ അംഗങ്ങളായും ഒരു സബ്കമ്മറ്റിയെ വച്ചു. (പിന്നൊരിക്കൽ ഇതിലേക്കു് ടി.എസ്. അബ്രഹാം കത്തനാരെയും ചേർത്തു)

കമ്മറ്റിനിർദ്ദേശപ്രകാരമോ അതിൽ കുറഞ്ഞതോ ആയ സംഖ്യ അനുവദിക്കുകയോ കമ്മറ്റിനിർദ്ദേശം വിസമ്മതിക്കുകയോ ചെയ്യുവാൻ പരമാധികാരം മാനേജിങ് കമ്മറ്റിക്കുണ്ട്. എന്നാൽ കമ്മറ്റിനിർദ്ദേശങ്ങളിൽ പെടാത്തവയ്ക്കു് സംഖ്യ വിനിയോഗിക്കുന്നതിനോ ശുപാർശയ്ക്കപ്പുറം സംഖ്യ അനുവദിക്കുന്നതിനോ മാനേജിങ് കമ്മറ്റിക്ക് അധികാരമില്ല.

പിരിവുദിനം

1110 മേടം 20-ാം തീയതി വെള്ളിയാഴ്ച (1935 മെയ് 3) മോറാൻ മോർ ബസ്സേലിയോസ് പൗലോസ് കാതോലിക്കാ ബാവാ തിരുമനസ്സിലെ ഓർമ്മദിവസം സർവ്വഗൃഹങ്ങളിലും നിന്നു് പിരിവു് നടത്തണം എന്നാണു് തീരുമാനിച്ചത്.

ആദ്യത്തെ കാതോലിക്കേറ്റു് നിധിപ്പിരിവിന്റെ തീയതി (1110 മുപ്പത്തിയാറാം ഞായറാഴ്ച എന്നു്) ഇസ്സഡ്. എം. പാറേട്ട് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണ് (മലങ്കര നസ്രാണികൾ 5, പേജ് 73-77). 1110 മേടം 20 വെള്ളിയാഴ്ചയായിരുന്നല്ലോ പിരിവ്. റിപ്പോർട്ടിന്റെ പകർപ്പു് (24 x 16 ഇഞ്ച് വലുപ്പത്തിൽ അച്ചടിച്ച കാതോലിക്കാനിധി നിത്യ റിക്കാർഡ് പുസ്തകം) കണ്ടതുപോലെ തോന്നിപ്പിക്കുന്ന അദ്ദേഹത്തിന് ഈ തെറ്റുപറ്റിയതെങ്ങനെ എന്ന് അദ്ഭുതപ്പെടുന്നു. ആ വർഷം വലിയനോമ്പു വീടൽ മേടം 15-നായിരുന്നു (വിജ്ഞാപനം 7).

നിധിപിരിവിന്റെ ആദ്യനടപടി, അതിനായി കാതോലിക്കാ ബാവ 1935/1110 മകരം 24 നു് കല്പന (നമ്പർ 55) പുറപ്പെടുവിച്ചതാണ്. പിന്നീട് നിധിക്കമ്മറ്റി അദ്ധ്യക്ഷനും ട്രസ്റ്റികളിൽ എപ്പിസ്കോപ്പാ പ്രസിഡണ്ടുമായ കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും 1935/1110 മകരം 26 നു് ഒരു കല്പന (നമ്പർ 294) അയച്ചു. മറ്റു തിരുമേനിമാർ കല്പന അയയ്ക്കുകയും വേണ്ട പ്രേരണ നല്കുകയും യോഗങ്ങൾ വിളിച്ചു ചേർക്കുകയും ചെയ്തു.

നിധിസംഭരണത്തിനു് ഓരോ ഇടവകയും നടത്തിയ പ്രവർത്തനങ്ങൾ ഏതാണ്ട് ഇപ്രകാരമായിരുന്നു. ഇടവകയെ വലിപ്പമനുസരിച്ച് വാർഡുകളായി തിരിച്ച് അതിലുൾപ്പെടുന്ന വീടുകളുടെ സെൻസസിനു് ആളുകൾ നിയുക്തരായി. അവർ ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര നിധി ഓഫീസിലേക്കു് അയയേ്ക്കണ്ടിയിരുന്നു. ഓരോ വീടിന്റേയും മുഖത്തു് ഒട്ടിക്കുന്നതിനു് വികാരിയുടെ പേരിലുള്ള ഒരു നോട്ടീസ് അച്ചടിപ്പിച്ച് ആഫീസിൽനിന്നു് പള്ളികൾക്കു് അയച്ചുകൊടുത്തു. പുരവാതിൽപിരിവു് എന്നാണു് ഇതിനെ വിളിച്ചതു്.

പിരിവു് നടക്കേണ്ട മേടം 20 നു മുമ്പു് ഓർഗനൈസിങ് സെക്രട്ടറി ഏറെ സ്ഥലങ്ങളിൽ പോയി സഭാംഗങ്ങളെ പ്രബോധിപ്പിച്ചു. അദ്ദേഹത്തിന്റെ കൂടെ പല സ്ഥലങ്ങളിലും അതിനായി ക്ഷണിക്കപ്പെട്ട പ്രഗത്ഭരായ കശ്ശീശന്മാരും ശെമ്മാശന്മാരും അന്മേനികളും ഉണ്ടായിരുന്നു. പലരും സെക്രട്ടറിയെ കൂടാതെ തന്നെ അത്തരം സന്ദർശനങ്ങൾ നടത്തി. (പി.എം. മാമ്മൻ, പി.എം. ജയിക്കബ്, കെ.റ്റി. സ്കറിയ ബി.എ., എം.സി. കുര്യാക്കോസ് കശ്ശീശ ബി.എ., ഇലഞ്ഞിക്കൽ ഉണ്ണൂണ്ണി, കെ.എ. മാമ്മൻ വക്കീൽ, സി.ജി. വറുഗീസ് ബി.എ.എൽ.റ്റി., കെ.റ്റി. ചെറിയാൻ, എം.എം. അബ്രാഹാം, റവ.ഫാ. ഡേവിഡ് ബി.എ.ബി.ഡി., റവ. ഡീക്കൻ ജോസഫ് എം.എ., ചെറിയമഠത്തിൽ സ്കറിയ മല്പാൻ, വടക്കേടത്തു് ഗീവറുഗീസ് കത്തനാർ, കല്ലട വറുഗീസ് കത്തനാർ, സി.ഒ. ഉമ്മൻ, കൂടത്തുംമുറിയിൽ വറുഗീസ്, കെ.ഐ. വറുഗീസ് മാപ്പിള, ജേക്കബ് കുര്യൻ, കെ.പി. വറുഗീസ് മാപ്പിള, വി.ജി. ജോർജ്ജ് ബി.എ.എൽ.റ്റി., കെ.എം. മാത്തൻ മാപ്പിള ബി.എ., ഇ.ജെ. പീലിപ്പോസ് ബി.എ.ബി.എൽ., ഇടിച്ചാണ്ടിപ്പണിക്കർ, കെ.സി. മാമ്മൻ മാപ്പിള, എ.എം. വർക്കി, കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർ, കുണ്ടറ ഉണ്ണൂണ്ണിത്തരകൻ, കിഴക്കേവീട്ടിൽ ഉണ്ണൂണ്ണി മുതലാളി എന്നീ സമുദായനേതാക്കളാണ് അത്തരം സേവനത്തിൽ ഏർപ്പെട്ടവർ.)

ഈയാവശ്യത്തിനു് ഓർഗനൈസിങ് സെക്രട്ടറി മിക്കപ്പോഴും സഞ്ചാരത്തിലായതിനാൽ വിജ്ഞാപനങ്ങളും എഴുത്തുകളും മറുപടികളും തയ്യാറാക്കുകയും ഇടവകകളിൽ എത്തിക്കുകയും ചെയ്യേണ്ട ഭാരം മുഴുവനും ഓഫീസ് സെക്രട്ടറി എം. സി. കുര്യാക്കോസ് കശ്ശീശ തന്നെ ഭരമേറ്റു (ഒ.എം. ചെറിയാൻ തന്റെ ഉത്സാഹവും കാര്യനിർവ്വഹണശക്തിയും നിധി പിരിവിലേക്കു് തിരിച്ചുവിട്ടു. അവ പകരുന്ന രോഗം പോലെ അടുത്തുചെന്നവരിൽ പകർന്നു. പ്രകൃത്യാ ശാന്തനായ എം.സി. കുര്യാക്കോസ് കശ്ശീശയ്ക്കു് ഒരു തലയെടുപ്പും ചുറുചുറുക്കും അദ്ദേഹം അറിയാതെതന്നെ ഉണ്ടായി എന്നു് ഇസഡ്.എം. പാറേട്ടു് എഴുതിയിട്ടുണ്ടു് (മലങ്കരനസ്രാണികൾ V, പേ. 74). ഒ.എം. ചെറിയാന്റെ നിധി പ്രസ്ഥാനത്തിൽ സഹകരിച്ച് ആപ്പീസിലിരുന്നു് കാര്യങ്ങൾ നടത്തുന്നതിനു് സമർത്ഥനാണെന്ന സമ്മതി സമ്പാദിച്ച എം.സി. കുര്യാക്കോസ് റമ്പാനെ സമുദായ സെക്രട്ടറിയായി നിയമിച്ചു എന്നും അദ്ദേഹം എഴുതി. (ടി. പേ. 223) പുരവാതില്ക്കൽ പതിവിനുള്ള നോട്ടീസ് 25,000 പ്രതികളും, രസീതുകൾ 75,000 പ്രതികളുമാണു് ഓഫീസ് സെക്രട്ടറി അയച്ചതു്. മുന്നൂറോളം പള്ളികളും 25,000 വീടുകളും സംബന്ധിച്ച എഴുത്തുകുത്തുകൾ രാപകലില്ലാതെ ചെയ്തു്

അദ്ദേഹം കിടപ്പിലാകുകപോലുമുണ്ടായി. ഏതാനും ദിവസങ്ങൾക്കകം സുഖം പ്രാപിച്ച് പഴയപടി ബദ്ധപ്പെട്ടു. 25,000 ത്തോളം ആളുകളുടെ ലിസ്റ്റ് എഴുതുന്നതിനു മാത്രമേ ശമ്പളത്തിന് ആളെ വച്ചുള്ളു.

തിരുവിതാംകൂറിലെ പള്ളികളെ 32 ഗ്രൂപ്പുകളായാണ് തിരിച്ചിരുന്നത്. ഗ്രൂപ്പുകളിൽ ഒന്നിലധികം പള്ളികൾ ഉൾപ്പെട്ടിരുന്നു. ഏറ്റവും കൂടുതൽ പള്ളികൾ ഉണ്ടായിരുന്നത് (18) കൊല്ലം ഗ്രൂപ്പിലായിരുന്നു.

വളന്റിയർമാർക്ക് നിർദ്ദേശങ്ങളും ചുമതലകളും നിശ്ചയിക്കുക, എല്ലാ വീടുകളിലും പിരിവു നടന്നെന്ന് നിശ്ചയം വരുത്തുക, രസീതു കൊടുക്കുക, പിരിയുന്ന പണം കോട്ടയത്തെത്തിക്കുക എന്നിവയ്ക്ക് ഒരോ ഗ്രൂപ്പിനും ലീഡർമാരെ നിശ്ചയിച്ചിരുന്നു. മേടം 1 ന് അവർ ഗ്രൂപ്പുകളിൽ ചെന്ന് പ്രാരംഭക്രമവത്കരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. രണ്ടോ മൂന്നോ പേരൊഴികെ എല്ലാ ലീഡർമാരും അപ്രകാരം ചെയ്തു.

എല്ലാ അച്ചന്മാരും ലീഡർമാരും നാലായിരത്തിലധികം വാളന്റിയർമാരും ഏകശ്വാസമായി പണിതു് എട്ടു മണിക്കൂർകൊണ്ട് 20,000 രൂപ പിരിച്ച് വേറെ ചെലവുചെയ്ത് മോട്ടോർ കാറുകളിൽ കോട്ടയത്ത് എത്തിച്ച മഹാപ്രയത്നമാണ് നിധിപിരിവിൽ നടന്നത്.

കൊച്ചിരാജ്യത്തെ പള്ളികളിലും തിരുവിതാംകൂറിന്റെ വടക്കേ അതിരടുത്തുള്ള ഏതാനും പള്ളികളിലും മേടം 20 ന് പിരിവ് നടന്നില്ല. സമുദായകേന്ദ്രത്തിൽ നിന്നുള്ള അകലമായിരുന്നു പ്രധാനകാരണം. 1110 അവസാനം പ്ലേഗ് പടർന്നതും കാരണമായി. വടക്ക് ലീഡർമാർ മുഖേന പിരിവ് അസാദ്ധ്യമെന്ന് കണ്ടതിനാൽ ഓർഗനൈസിങ് സെക്രട്ടറി അവിടങ്ങളിൽ ചെന്നു താമസിച്ച് 1111 തുലാം മുതൽ കുംഭം വരെ പിരിവു നടത്തി. കുന്നംകുളം, വടക്കാഞ്ചേരി, ചേലക്കര, കോട്ടപ്പടി, പറവൂർ, പള്ളിക്കര, തൃപ്പൂണിത്തുറ, കണ്ടനാട്, മുളന്തുരുത്തി, പിറവം , ആരക്കുന്നം, മാന്തുരുത്തേൽ എന്നീ ഇടവകകളിലാണ് അദ്ദേഹം ഇക്കാര്യത്തിന് നേരിട്ടു പോയത്. വടക്കുള്ള പല സമുദായ നേതാക്കളും ഇതിന് സഹായികളായി കൂടെയുണ്ടായിരുന്നു.

1110 മകരം 1 മുതൽ 1111 മേടം 10 വരെയുള്ള കണക്ക് പ്രസിദ്ധീകരിച്ചതിൽ വരവ് 19819 രൂപ 13 ചക്രം ഉണ്ടായിരുന്നു. അച്ചടി, സ്റ്റേഷനറി, തപാൽ, യാത്രപ്പടി, ശമ്പളം എന്നിവ അടക്കം 1961 രൂപ 10 ചക്രം 48 കാശ് ചെലവുണ്ടായി. 17858 രൂപ 2 ചക്രം 16 കാശാണ് നിധിവകയിൽ നേട്ടമുണ്ടായത്.

വിജ്ഞാപനങ്ങൾ

നിധിസംഭരണത്തിന്റെ ഒരുക്കങ്ങൾക്കായി 9 വിജ്ഞാപനങ്ങൾ കേന്ദ്രത്തിൽ നിന്ന് അയച്ചു. ഒന്നാമത്തെ വിജ്ഞാപനം 1935/1110 ധനു 19 ന് സെക്രട്ടറി ഒ.എം. ചെറിയാൻ എഴുതി. നിധിസംഭരണത്തിനുള്ള 1110 ധനു 11-ലെ അസോസ്യേഷൻ നിശ്ചയത്തെക്കുറിച്ച് സൂചിപ്പിച്ചിട്ട് പിരിവിൽ സകലരും പങ്കെടുക്കണമെന്ന് അതിൽ അഭ്യർത്ഥിച്ചു. തോൾ കൊടുക്കാഞ്ഞാൽ ഭാരമറിയില്ല; ഭാരമറിഞ്ഞാൽ തോൾ കൊടുക്കും എന്നായിരുന്നു ആഹ്വാനം. കാതോലിക്കേറ്റ് നിധിയിലേക്ക് കാശെങ്കിലും കൊടുക്കാത്ത ഒരു ഗൃഹമോ ആളോ ശേഷിക്കരുതെന്ന് എരിവോടെ അദ്ദേഹം എഴുതി. പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥിരപ്പെട്ട് ബലപ്പെടണമെന്നല്ലാതെ നേതാക്കൾക്കും ഈ പ്രസ്ഥാനം രൂപപ്പെടുത്തിയവർക്കും മറ്റൊരു ലക്ഷ്യവുമില്ലെന്ന് വെളിപ്പെടുത്തി. സഭാംഗങ്ങൾ ഇതു സംബന്ധമായി നിരൂപണങ്ങളും പിശകുകളും ചൂണ്ടിക്കാണിക്കുവാൻ നിർദ്ദേശിച്ചു. പുറംനാടുകളിലും മറ്റും ഒറ്റപ്പെട്ടുകിടക്കുന്നവരെ പിരിവിൽ സംബന്ധിപ്പിക്കുവാൻ അവരെക്കുറിച്ചുള്ള വിവരങ്ങൾ നേതാക്കന്മാർക്ക് ബന്ധപ്പെടത്തക്കവിധം എത്തിക്കണമെന്ന് ആവശ്യപ്പെട്ടു. സാഹചര്യങ്ങൾ നിമിത്തം അന്ത്യോഖ്യൻ ഭാഗത്തു നില്ക്കുന്നവരും സഹായിക്കണം; അവരും ലേഖനങ്ങൾ അയയ്ക്കണം. സ്ത്രീകൾ ഇതു സംബന്ധമായ ആശയങ്ങൾ എഴുതി അറിയിക്കണം. നമ്മുടെ വീടുകളുടെ സംഖ്യ ഒരു ലക്ഷം; പിരിയേണ്ട സംഖ്യ ഒരു ലക്ഷം എന്ന ലക്ഷ്യമാണ് അതിൽ പ്രഖ്യാപിച്ചത്. 'യുവജനങ്ങൾ ഇതിനായി തീ പിടിച്ചു നില്ക്കണം; അച്ചന്മാർ പ്രയത്നിക്കണം' എന്നും ഉദ്ബോധിപ്പിച്ചു. ഇടവകയെ രണ്ടോ നാലോ അംശങ്ങളായി തിരിച്ച് ഗൃഹങ്ങളുടെയും നായകന്മാരുടെയും പേരുകൾ എഴുതി ലിസ്റ്റ് യുവാക്കൾ തയ്യാറാക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടത്. ഇടവകയിലെ പിരിവ് നിരീക്ഷിക്കുവാൻ ഇടവകക്കാരല്ലാത്ത രണ്ടു പേർ വാളന്റിയർമാരായി ഉണ്ടായിരിക്കണം എന്നും ആവശ്യപ്പെട്ടു.

രണ്ടാം വിജ്ഞാപനം മകരം 15 ന് സെക്രട്ടറിമാർ പുറപ്പെടുവിച്ചു. കാതോലിക്കേറ്റ് നിധി ഓഫീസ് രൂപപ്പെട്ടതായി എഴുതി. പ്രാർത്ഥനായോഗങ്ങൾ, വായനശാലകൾ, മർത്തമറിയം സമാജം ശാഖകൾ, സമുദായം വക സ്ഥാപനങ്ങൾ എന്നിവകൾക്ക് എത്തിക്കുവാൻ പിരിവിനുള്ള വിജ്ഞാപനത്തിന്റെ എത്ര പ്രതികൾ വേണമെന്ന് അച്ചന്മാർ അറിയിക്കണമെന്ന് ഇതിൽ ആവശ്യപ്പെട്ടു. ഇടവകയിൽ പിരിവ് നടത്തുവാൻ വികാരിയുടെ അദ്ധ്യക്ഷതയിൽ 15/20 പേരടങ്ങുന്ന കമ്മറ്റി ഉണ്ടാക്കണം; അതിന്റെ ലിസ്റ്റ് ആഫീസിൽ എത്തിക്കണം; അവർ ഇടവകയിലെ ഭവനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കണം; ഒരണയ്ക്ക് നാലുവീതം കിട്ടുന്ന കടലാസിന്റെ അരഷീറ്റിൽ മഷികൊണ്ട് നല്ല കൈപ്പടയിൽ പേരുകൾ പത്തിപത്തിയായി എഴുതണം; രണ്ടുവശവും എഴുതരുത് എന്നിങ്ങനെ കൃത്യമായ നിർദ്ദേശമാണ് നല്കപ്പെട്ടത്. 15 ദിവസത്തിനകം 500 പള്ളികളിലെ ഈ ലിസ്റ്റ് ആഫീസിൽ വന്നുചേരണമെന്ന് അറിയിച്ചു. ഈ നടപടിക്ക് പ്രായോഗികപ്രയാസം വരുമോ എന്നറിയാൻ കുഴിമറ്റം ഇടവകയിൽ പരീക്ഷണവും നടത്തിയതായി വിജ്ഞാപനം വെളിപ്പെടുത്തുന്നു.

സെക്രട്ടറിമാരുടെ മൂന്നാം വിജ്ഞാപനം മകരം 23-നായിരുന്നു. അടുത്ത 29 നകം പിരിവിന്റെ ലിസ്റ്റ് വന്നുചേരണമെന്ന് അതിൽ നിർബ്ബന്ധിച്ചു. മേടം 20 രാവിലെ 7 മണി മുതൽ വൈകിട്ട് 4 മണി വരെയുള്ള പരിശ്രമംകൊണ്ട് മലങ്കരസമുദായം അഭിവൃദ്ധിയുടെ ആധാരം പ്രതിഷ്ഠിക്കണമെന്ന പ്രതീക്ഷ അതിൽ വെളിപ്പെടുത്തി. വാളന്റിയർമാരായി 1500 പേരെ വേണം. അങ്ങനെ പ്രവർത്തിക്കുവാൻ തയ്യാറുള്ളവർ തങ്ങളുടെ മേൽവിലാസം അറിയിക്കണം. ഏതിടവകയിലും പോകുവാൻ അവർ സന്നദ്ധരായിരിക്കണം. പോകുവാൻ സൗകര്യമുള്ള ഇടവകകൾ ഏതെന്ന് അയയ്ക്കുന്ന എഴുത്തിൽ കാണിക്കണം. അതിനുള്ള സാമ്പിൾ ഫാറം അയയ്ക്കുന്നുണ്ട്. അതിൽ വികാരയച്ചൻ ഒപ്പിട്ടിരിക്കണം. വിഘ്നങ്ങൾ ഉണ്ടാകാതിരിക്കുവാനാണ് ഈ സാക്ഷ്യപ്പെടുത്തൽ. വാളന്റിയർസംഘത്തിലേക്ക് കോളജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വക്കീലന്മാർ എന്നിവരുടെ പ്രത്യേക ശ്രദ്ധ വേണമെന്ന് സെക്രട്ടറിമാർ അഭ്യർത്ഥിച്ചു. നിധിപിരിവിന്റെ തലേന്ന് വാളന്റിയർമാർ നിർദ്ദിഷ്ടം ഇടവകയിൽ ചെല്ലണം. പിരിവിന്റെ ഏർപ്പാടു് അപൂർണ്ണമെന്നു കണ്ടാൽ അവർ ഉണ്ണരുത്; ഉറങ്ങരുത്; രാത്രിതന്നെ പിറ്റേന്നത്തെ പരിപാടി നിശ്ചയിച്ച് നിർവ്വഹിക്കണം. പിരിവുകാരോടുകൂടി ഇറങ്ങി നടക്കണം. 20-ാം തീയതി നാലു മണിയോടെ പിരിഞ്ഞ സംഖ്യയുടെ വിവരം കുറിച്ച് വികാരിയുടെയും കമ്മറ്റിക്കാരിൽ ഏതാനും പേരുടെയും ഒപ്പുകളോടെ ആപ്പീസിലേക്ക് അയയ്ക്കണം. പിരിവ് വിജയിപ്പിക്കുന്നതിന് അതതിടവകകളിൽ അത്യാവശ്യം ഉണ്ടായിരിക്കേണ്ടവർ വാളന്റിയർമാരാകരുതെന്നും നിർദ്ദേശിച്ചിരുന്നു.

കുംഭം 15 ന് ഇറക്കിയ നാലാം വിജ്ഞാപനം പ്രവർത്തനക്കമ്മറ്റി രൂപീകരിച്ചു കഴിഞ്ഞുള്ള ഘട്ടമായിരിക്കുന്നുവെന്ന് വെളിപ്പെടുത്തി. ഓരോ വീടിന്റെയും നായകന്റെ പേര് ഓഫീസിൽ കിട്ടണമെന്ന് അറിയിച്ചു. നടപ്പിലായ ഭരണഘടനപ്രകാരം ഇടവകയിലെ ആളുകളുടെ സെൻസസ് എടുക്കേണ്ടതുണ്ട്. അതിന് ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിന്റെ ഒരു പ്രതി പള്ളിയിൽ സൂക്ഷിക്കുന്നത് നല്ലതാണെന്ന് നിർദ്ദേശിച്ചു. വീടിന്റെ പേരു കുറിക്കുവാൻ പോകുന്നവർ വിജ്ഞാപനത്തോടൊപ്പം അയയ്ക്കുന്ന അച്ചടിച്ച അറിയിപ്പിന്റെ പ്രതി പുരയുടെ മുൻവശത്ത് പ്രധാനസ്ഥാനത്ത് പതിക്കണം. പിരിവിനു ചെല്ലുന്ന വിവരവും അറിയിക്കണം. പിരിവ് ആദ്യമാദ്യം ധനവാന്മാരിൽ നിന്നല്ല, ദരിദ്രരിൽനിന്ന് വേണമെന്ന് വിജ്ഞാപനം നിർദ്ദേശിച്ചു. (ദരിദ്രരുടെ വിഹിതത്തെക്കാൾ ധനവാന്മാരുടേത് കവിഞ്ഞതായിരിക്കണമെന്ന ചിന്തയായിരുന്നു ഇതിനു പിന്നിൽ.) ദാനസംഖ്യ സ്ഥിരറിക്കാർഡാക്കി സൂക്ഷിക്കുവാനുള്ള ആലോചനയും ഇതിൽ വെളിപ്പെടുത്തിയിരുന്നു.

അഞ്ചാമത്തെ വിജ്ഞാപനത്തിൽ (മീനം 5) പ്രാരംഭനടപടികളെല്ലാം മേടം 5 നകം നടന്നിരിക്കണമെന്ന് നിർദ്ദേശിച്ചു. വീടുകളുടെ ലിസ്റ്റെടുപ്പും അറിയിപ്പിന്റെ പുരവാതില്ക്കൽ പതിപ്പിക്കലും നടത്തേണ്ടതിന്റെ ഓർമ്മപ്പെടുത്തലും അതിൽ ചേർത്തു. കമ്മറ്റിക്കാരുടെയും ഗൃഹനായകരുടെയും ലിസ്റ്റും ഉടൻ അയയ്ക്കണമെന്നും ഓർമ്മിപ്പിച്ചു. ഈ വിജ്ഞാപനം പ്രവർത്തകകമ്മറ്റിയെ നിയമിക്കുവാൻ വൈകിയ പള്ളിക്കാർക്കു മാത്രമേ അയച്ചുള്ളു.

മീനം 12 ന് പുറപ്പെടുവിച്ച ആറാം വിജ്ഞാപനത്തിൽ നിധിപിരിവിനുള്ള കമ്മറ്റിയിൽ 15 വീടിന് 2 പേർ വീതമെങ്കിലും ഉണ്ടാകണമെന്നും ആളുകൾ കുറവുണ്ടെങ്കിൽ കൂടുതൽ പേരെ ചേർക്കണമെന്നും നിർദ്ദേശിച്ചു. ഓരോരുത്തരും കൊടുക്കേണ്ട സംഖ്യ എത്രയെന്നുള്ളത് പലരും ചോദിച്ചു. ധനം കുറഞ്ഞവർക്ക് കുടുംബത്തിൽ ഏറ്റവും അടുത്ത കാലത്ത് കൊടുക്കുകയോ

വാകുകയോ ചെയ്ത സ്ത്രീധനത്തിന്റെ ഇരുന്നൂറിൽ ഒരു ഭാഗം നിധിയിലേക്കു കൊടുക്കേണ്ട തോതായി നിശ്ചയിച്ചിരിക്കുന്നു എന്നു് നിർദ്ദേശിച്ചു. ഇതു് ധനം കുറഞ്ഞവർക്കു മാത്രമാണു് ബാധകമായിരിക്കുക. മേടം 20 നു് ഇടവകയിൽനിന്നു് ഇന്ന സംഖ്യ കിട്ടുമെന്നുള്ള കണക്കു് 10 ദിവസത്തിനകം അറിയിക്കണമെന്നു് അഭ്യർത്ഥിച്ചു. അച്ചടിച്ച രസീതുകൾ സകലർക്കും കൊടുക്കത്തക്കവിധം അയയ്ക്കും; രസീതു കിട്ടാതെ പണം കൊടുക്കരുതു്; വാകുകയുമരുതു് എന്നു് കർശനമായി പറഞ്ഞിരുന്നു. സംഭാവന തന്നവരുടെ പേരുവിവരമുള്ള പുസ്തകം ഓഫീസിൽ സൂക്ഷിക്കത്തക്കവിധം പള്ളിക്കു് അയയ്ക്കും; കാതോലിക്കാബാവ, മെത്രാപ്പോലീത്താമാർ എന്നിവരുടെ ആഫീസിലും അതു് സൂക്ഷിക്കും; ഒരു രൂപയോ അതിലധികമോ കൊടുക്കുന്നവരുടെ പേരു് ഇടവക തിരിച്ചു് രേഖപ്പെടുത്തിയ പുസ്തകം ഉണ്ടാക്കും എന്നീ കാര്യങ്ങളും ഇതിൽ വെളിപ്പെടുത്തി.

മീനം 29 ലെ ഏഴാം വിജ്ഞാപനത്തിൽ വീടുകളുടെ ലിസ്റ്റും വാഗ്ദാനലിസ്റ്റും അയച്ചുതരാത്ത പള്ളിക്കാരുള്ളതിൽ മനസ്താപിച്ചു. ഇതുവരെ അയയ്ക്കാത്തവർ അവ രണ്ടും ഒരുമിച്ചു് അയയ്ക്കണമെന്നു് നിർദ്ദേശിച്ചു. സുറിയാനി സഭയിൽ ജനിച്ചു വളർന്ന ഒരുവൻ പോലും ഒന്നും കൊടുത്തില്ലെന്നു വരരുതു്; വെള്ളിനാണയം - രൂപ - വേണം കൊടുക്കുവൻ എന്നൊക്കെ നിർദ്ദേശിച്ചു. മേടം 10 നു മുമ്പു് വീടുകളുടെ സംഖ്യ കിട്ടണം; അതിനനുസരിച്ചു് വേണം രസീതുകൾ അയയ്ക്കുവാനെന്നും പറഞ്ഞു. നോമ്പു വീടുന്നതു് മേടം 15-ാം തീയതിയാണു്. അതു മുതൽ പിരിവു നടക്കേണ്ട വെള്ളിയാഴ്ച വരെ ഇടവകകളിൽ നാടകം, അടിയന്തിരം, വർഷസമ്മേളനം യാതൊന്നുമരുതു് എന്നും ആഹ്വാനം ചെയ്തു. മേടം 19 നു തുടങ്ങേണ്ട വിദ്യാർത്ഥിസമ്മേളനം മാറ്റിവച്ചതു് അനുകരണോചിതം എന്നു് രേഖപ്പെടുത്തി. യുവജനങ്ങളുടെ ചുമതല ഓർമ്മിപ്പിച്ച പ്രയോഗം ഇങ്ങനെ: 'യുവജനങ്ങൾ തീ പിടിച്ചു് തികന്നുനിന്നു് എല്ലാ വിഷയങ്ങളിലും ദൃഷ്ടി പതിപ്പിച്ചു് സർവ്വകാര്യങ്ങളും സാധിക്കണം'. ഓരോ പള്ളിക്കാർക്കും പകർപ്പു് എത്തിച്ചുകൊടുക്കത്തക്കവിധം ഈ വിജ്ഞാപനത്തിന്റെ പകർപ്പുകൾ ലീഡർമാർക്കാണു് അയച്ചതു്.

മേടം 7 നു് എട്ടാം വിജ്ഞാപനം പുറത്തുവന്നു. അന്യ ഇടവകകളിൽനിന്നു് പിരിവുകാര്യത്തിനു് ആളുകൾ വരണമെന്നു് നിർബ്ബന്ധം വരുന്നുണ്ടു്. ഇവിടെ നിന്നു് ആളുകളെ നിയമിച്ചു് അയയ്ക്കുന്നുണ്ടു്. ഓരോ ഇടവകയ്ക്കും ഓരോ ആളെ ലഭിക്കുവാൻ പ്രയാസമാകയാൽ പത്തുപന്ത്രണ്ടു് ഇടവകകളെ ഗ്രൂപ്പായി തിരിച്ചു് ഒരു ഗ്രൂപ്പിനു് ഒരു ലീഡറെയാണു് അയച്ചിരിക്കുന്നതു്. ലീഡർക്കു് സഹായികളെ വയ്ക്കുവാൻ അനുവാദമുണ്ടു്. ലീഡർ ആരെന്നതു് ബന്ധപ്പെട്ട വികാരിമാരെ അറിയിച്ചിട്ടുണ്ടു്. ലീഡർമാർ ഉള്ളതുകൊണ്ടു് സ്ഥലത്തുള്ളവർക്കു് ഭാരം കുറഞ്ഞുവെന്നു് തെറ്റിദ്ധരിക്കരുതെന്നു് പ്രത്യേകം ഉപദേശിച്ചു. തുമ്പമൺ ഭദ്രാസനത്തിൽ മെത്രാപ്പോലീത്താ തിരുമനസ്സു് ചട്ടംകെട്ടിയവർ ലീഡർമാരെ സഹായിച്ചു പ്രവർത്തിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. 37 ഗ്രൂപ്പുകളായാണു് ഭദ്രാസനങ്ങളെ തിരിച്ചിരുന്നതു്. തിരുവനന്തപുരം ഗ്രൂപ്പിൽ ആ പള്ളി മാത്രമാണു് ഉണ്ടായിരുന്നതു്. ലീഡർമാരുടെ ലിസ്റ്റിൽ കത്തനാർമാരും ഉണ്ടായിരുന്നു.

മേടം 9 നു് അയച്ച ഒൻപതാം വിജ്ഞാപനം ലീഡർമാർക്കു് രസീതുകളും സംഭാവന തരുന്നവരുടെ പേരുകൾ എഴുതുവാനുള്ള നമ്പരിട്ട അച്ചടിഷീറ്റുകളും അയച്ചുകൊണ്ടുള്ളതായിരുന്നു. എങ്ങനെ രസീതെഴുതണം; അച്ചടിഷീറ്റിൽ പേരും രസീതു തുകയും എപ്രകാരം ചേർക്കണം എന്നെല്ലാം വിശദമായി ഇതിൽ വിവരിച്ചിരുന്നു. വാർഡുകളിൽ നിന്നുള്ള പിരിവു് വികാരിമാർ അഥവാ പ്രധാനികൾക്കു് ചെന്നുചേരണം; അവർ തുക ഒത്തുനോക്കണം; പണവും രസീതുകുറ്റിയും അച്ചടിഷീറ്റും റിപ്പോർട്ടും ബലമുള്ള സഞ്ചിയിലോ കോടിക്കുറിയിലോ കെട്ടണം; ആ കെട്ടിന്റെ കെട്ടിനു് മുദ്ര വയ്ക്കണം; അതിനു് ചരടും കോലരക്കും അയയ്ക്കുന്നുണ്ടു്; ആ കെട്ടിൽ ലീഡറോടു വാങ്ങിയ എല്ലാ രസീതുകുറ്റികളും ഉപയോഗിക്കാത്ത രസീതുകളും ഉണ്ടായിരിക്കണം; ഒരു പള്ളിക്കു് ഒരു ഭാണ്ഡം മതി തുടങ്ങിയ നിർദ്ദേശങ്ങളും നല്കിയിരുന്നു. തയ്യാറായ കെട്ടുകൾ ലീഡർക്കു് എത്തിക്കണം; ലീഡർ ഓരോ കെട്ടും ഏതു് ഇടവകയുടേതെന്നു് എഴുതി കെട്ടിൽ തൂക്കണം; ആ കെട്ടുകൾ എത്രയുംവേഗം എം.ഡി. സിമ്മനാരിയിൽ എത്തിക്കണം; വെള്ളിയാഴ്ച 4/5 മണി മുതൽ കെട്ടുകൾ എത്തണം; പിറ്റേന്നു് ശനിയാഴ്ച 3 മണിക്കു മുമ്പു് കെട്ടുമായി വന്നു ചേരാത്ത ലീഡർ ഉണ്ടാകരുതു് എന്നിങ്ങനെ കർശനവും വ്യക്തവുമായ അറിയിപ്പാണു് നല്കിയതു്. ലീഡർമാരുടെ പക്കലേക്കു് പിരിവു് കൊണ്ടുപോകുന്നവർ വിശ്വസ്തരായിരിക്കണമെന്നു് പ്രത്യേകം സൂചിപ്പിച്ചു. നിധിപിരിവിൽ നിന്നു് ഒരു കാശെങ്കിലും ചോദിക്കുവാൻ ഒരുവനും അവകാശമില്ല; നിധിയിൽ നിന്നു് ചെലവു് ചെയ്യുവാൻ ലീഡർക്കു് അർഹതയില്ല; അത്യാവശ്യം വേണ്ട പണം ലീഡർക്കു് അയച്ചുകൊടുക്കും എന്നെല്ലാം അറിയിച്ചിരുന്നു.

ഈ വിജ്ഞാപനം കിട്ടുന്നതുമുതൽ പണവും മറ്റുമായി തിരികെ പോരുന്നതു വരെ ഗ്രൂപ്പു് ലീഡർമാർ ഗ്രൂപ്പുകളിൽതന്നെ താമസിക്കണമെന്നായിരുന്നു നിർദ്ദേശം.

നിധിപ്പണം പോസ്റ്റൽ സേവിങ്സ് ബാങ്ക്, ഇംപീരിയൽ ബാങ്ക് ഇവയിൽ നിക്ഷേപിക്കുമെന്നും വ്യക്തമാക്കിയിരുന്നു.

മേടം 25 നു് പുറപ്പെടുവിച്ച പത്താം വിജ്ഞാപനം ആദ്യമായി നടത്തിയ നിധിപിരിവിന്റെ ആവേശകരമായ നടത്തിപ്പിന്റെ യഥാതഥ വർണ്ണന ഉൾക്കൊള്ളുന്ന റിപ്പോർട്ടാണു്. ലീഡർമാർ ഇടവകകളുടെ ആത്മികനില, സൺഡേസ്കൂൾ, അച്ചന്മാരുടെ ആത്മികലൗകികാവസ്ഥ, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള വിദ്യാഭ്യാസ സൗകര്യം, അത്മായരുടെ സമുദായഭക്തി, പള്ളിക്കെട്ടിടങ്ങളുടെ രീതി, പുതിയ പള്ളികളുടെ ആവശ്യം, ഉദ്ധാരണമാർഗ്ഗങ്ങൾ എന്നിങ്ങനെ എഴുതണമെന്നുള്ളതെല്ലാം വിവരമായി റിപ്പോർട്ടു് എഴുതണം; തിരുമേനിമാരുടെ സന്ദർശനം ആവശ്യമെങ്കിൽ അതും സൂചിപ്പിക്കണം; ഈ റിപ്പോർട്ടുകൾ ബാവാ തിരുമനസ്സിലേക്കു സമർപ്പിക്കും; അതു് ഇടവം 15-നു മുമ്പു് കിട്ടിയിരിക്കണം എന്നിങ്ങനെ അറിയിച്ചിരുന്നു.

അഞ്ചൽ, തലവടി ഗ്രൂപ്പുകളുടേതൊഴികെ 30 ഗ്രൂപ്പുലീഡർമാരുടെ ഇത്തരം റിപ്പോർട്ടുകൾ ലീഡർമാരുടെ ചിത്രങ്ങളോടെ നിധിയുടെ ഈ പ്രസിദ്ധീകരണത്തിൽ ചേർത്തിരുന്നു. കശ്ശീശന്മാർ ശെമ്മാശന്മാർ, ബിസിനസുകാർ, അദ്ധ്യാപകർ, വക്കീലന്മാർ, തറവാട്ടുകാരണവന്മാർ, പ്ലാന്റർമാർ, പത്രാധിപന്മാർ, ഉദ്യോഗസ്ഥന്മാർ എന്നുവേണ്ട ജീവിതത്തിന്റെ നാനാതുറകളിൽപെട്ടവർ അക്കൂട്ടത്തിൽ ഉണ്ടു്. സഭയെക്കുറിച്ചുള്ള അവരുടെ കരുതലും കാഴ്ചപ്പാടും പുരോഗമന നിർദ്ദേശങ്ങളും എല്ലാം ആ റിപ്പോർട്ടുകളിലുണ്ടു്.

ഭദ്രാസനം തിരിച്ചുള്ള പിരിവ്

കൊല്ലം 4057 രൂപ 12 ചക്രം 8 കാശു്, തുമ്പമൺ 5031 രൂപ 3 ചക്രം 3 കാശു്, നിരണം 5455 രൂപ 15 ചക്രം 11 കാശു്, കോട്ടയം 4583 രൂപ 22 ചക്രം 8 കാശു്, വടക്കൻ ഇടവകകൾ 674 രൂപ 27 ചക്രം 8 കാശു്.

കാതോലിക്കാദിനപ്പിരിവു് ഒന്നാം കാതോലിക്കാബാവായുടെ ഓർമ്മദിവസത്തിൽ നിന്നു് പിൽക്കാലത്ത് നോമ്പിന്റെ മുപ്പത്തിയാറാം ഞായറാഴ്ചയിലേക്കു മാറ്റി. നിധി സെക്രട്ടറിയായിരുന്ന എം.സി. കുര്യാക്കോസ് കശ്ശീശാ 1944 ൽ സമുദായസെക്രട്ടറിയായിരിക്കുമ്പോഴാണ് ഈ മാറ്റമുണ്ടായതു്. അദ്ദേഹത്തിന്റെ മുൻഗാമി എ.എം. വർക്കി ഇത് ആസൂത്രണം ചെയ്തിരുന്നുവെങ്കിലും നടപ്പിലാക്കിയത് കുര്യാക്കോസ് കശ്ശീശായാണ്. ഒരു പക്ഷെ നോമ്പുകാലത്തെ ജനങ്ങളുടെ പള്ളിഹാജർ വർദ്ധന കണക്കിലെടുത്താകാം മാറ്റം വരുത്തിയത്. അതിനു തൊട്ടു മുമ്പു് 1943-ൽ മുപ്പത്തിയാറാം ഞായറാഴ്ച സെമിനാരിദിനമായി ആഘോഷിക്കുവാൻ കാതോലിക്കാബാവ കല്പന പുറപ്പെടുവിച്ചിരുന്നു.

ഇപ്പോഴത്തെ പിരിവിന്റെ ഒരുക്കവും യഥാർത്ഥപിരിവും നടക്കുന്നത് പള്ളി മാനേജിങ് കമ്മറ്റിയുടെ ചുമതല കൈമാറ്റം നടക്കുന്നതിനിടയിലാണു്. അതിനാൽ പഴയ കമ്മറ്റിക്കാർക്കും പുതിയവർക്കും പരസ്പരം പഴി ചാരി ഒഴിഞ്ഞു മാറുവാനുള്ള പഴുതുണ്ടെന്ന് പറയുന്നവരുണ്ടു്. ആരു മാറിയാലും വികാരി മാറുന്നില്ലല്ലോ എന്നു് സമാധാനം പറയുന്നവരുമുണ്ട്. ജനപങ്കാളിത്തമില്ലെങ്കിലും കുഴപ്പമില്ല; വൈദികാധിപത്യം മതി എന്ന ചിന്തയാകാം ഈ ആശ്വസിക്കലിനു കാരണം. ആദ്യപിരിവിലെ ജനപങ്കാളിത്തത്തിന്റെ ശക്തിയും പ്രയോജനവും മനസ്സിൽ വയേക്കണ്ടതാണെന്നു തോന്നുന്നു.

പ്രഥമ കാതോലിക്കാനിധി പിരിവിന്റെ ഈ റിപ്പോർട്ടു് കണ്ടപ്പോൾ അന്നത്തെ അത്മേനിമാരുടെ സഭയോടുള്ള താല്പര്യവും സഭയ്ക്കായി കഷ്ടപ്പെടുന്നതിൽ അവർക്കുണ്ടായിരുന്ന ആവേശവും അത് പ്രയോജനപ്പെടുത്തുന്നതിൽ വൈദികശ്രേണിയിലുള്ളവരുടെ സഹകരണവും എത്ര മാതൃകാപരമായിരുന്നു എന്ന ചിന്തയാണു് മനസ്സിൽ ഉണർന്നതു്. ഇന്നു് അത്മേനിമാരുടെ പങ്കാളിത്തം വേണ്ടപോലെ ഇല്ലെന്നതിന് കാരണം അവരുടെ ഉത്സാഹക്കുറവോ അവരെ പങ്കെടുപ്പിക്കുന്നതിലുള്ള വിമുഖതയോ എന്നു് തുറന്ന മനസ്സോടെ വിമർശനം ചെയ്യണം. വൈദികകേന്ദ്രീകൃതവും സ്ഥാപനാത്മകവും മാത്രമായ പ്രവർത്തനശൈലി സാധാരണജനങ്ങളെ സഭയിൽ നിന്നു് അകറ്റും എന്ന സത്യം ഏവരും കരുതേണ്ടതുണ്ട്. ❑

6

1958: നിഴലും പൊരുളും

ഡോ. എം. കുര്യൻ തോമസ്

മലങ്കര നസ്രാണികളുടെ ഉയർന്ന സാമ്പത്തികസ്ഥിതിയെപ്പറ്റിയും അവര നുഭവിക്കുന്ന രാഷ്ട്രീയ സ്വാതന്ത്ര്യത്തെപ്പറ്റിയും അന്ത്യോഖ്യാ പാത്രിയർക്കീസുമാർക്ക് വ്യക്തമായ ധാരണ കിട്ടിയത് പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്. ആ കാലംമുതൽ തുർക്കി സാമ്രാജ്യത്തിൽ സാമ്പത്തികമായും രാഷ്ട്രീയമായും നൂറ്റാണ്ടുകളായി ഞെരിക്കപ്പെട്ടിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസുമാർ മലങ്കര സഭയുടെ ലൗകീക ഭരണം കൈക്കലാക്കാനും സ്വത്തും പണവും കുത്തിവാരാനും നടത്തിയ ശ്രമങ്ങളാണ് അന്നു മുതൽ ഇതഃപര്യന്തം മലങ്കര സഭയിലുണ്ടായ പ്രശ്നങ്ങളുടെയെല്ലാം മൂല കാരണം. 1750-കളിൽ അന്ത്യോഖ്യയുടെ ഗീവർഗീസ് ത്രിതീയൻ പാത്രിയർക്കീസ് മലങ്കരയിലേയ്ക്കയച്ച കല്പന മുതലുള്ള രേഖകൾ ഇത് വ്യക്തമാക്കുന്നുണ്ട്.

മറുവശത്ത് നസ്രാണിയും മോശമല്ലായിരുന്നു. തങ്ങൾക്ക് തദ്ദേശീയ മെത്രാനുണ്ടായ കാലംമുതൽ മെത്രാനെതിരെ ഓരോ കക്ഷികൾ കാലാകാലങ്ങളിൽ രൂപപ്പെട്ടിരുന്നു. താത്വിക - വിശ്വാസ ഭിന്നതകളൊന്നുമായിരുന്നില്ല ഇത്തരം വിഭാഗീയതകൾക്ക് കാരണമായിരുന്നത്. അനേകരുടെ വ്യക്തിപരമായ അഭിപ്രായ ഭിന്നതകളും കുടുംബ വഴക്കുകളുമൊക്കെ മെത്രാനെതിരായി തിരിയുമ്പോൾ അവർ താൽക്കാലികമായി ഒരുമിക്കുന്ന ഒരു പ്രതിഭാസം മാത്രമായിരുന്നു അത്. പാത്രിയർക്കീസും കാലാകാലങ്ങളിൽ മലങ്കരയിലുണ്ടായിരുന്ന ശീമ മെത്രാന്മാരും ഇത്തരക്കാരെ പിന്തുണച്ചതോടെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര മോഹത്തിന് ഭാഗികമായെങ്കിലും പിന്തുണ ലഭിച്ചു. ആ പ്രക്രിയ ഇന്നും തുടരുന്നു.

തമ്മിൽതല്ലുക എന്നത് നസ്രാണിയുടെ ഒരു പൊതു സ്വഭാവമാണ്. നസ്രാണി പാരമ്പര്യം അവകാശപ്പെടുന്ന ചെറുതും വലുതുമായ സഭകളിലെല്ലാം ഏതെങ്കിലും വിധത്തിലുള്ള വിഭാഗീയത നിലവിലുണ്ട്. സീറോ-മലബാർ റോമൻ കത്തോലിക്കാ വിഭാഗത്തിലെ കൽദായ-ലത്തീൻ വിഭാഗങ്ങളും വർത്തമാനകാല സംഭവങ്ങളും, മാർത്തോമ്മാ സഭയിലെ പ്രൊട്ടസ്റ്റന്റ് - ഓർത്തഡോക്സ് പക്ഷങ്ങൾ.... അങ്ങിനെ നീളുന്നു. പലതും പുറത്തറിയുന്നില്ല എന്നുമാത്രം. എന്തിന്? നസ്രാണി പാരമ്പര്യമുള്ള കേരളത്തിലെ ഏറ്റവും ചെറിയ സഭയായ പൗരസ്ത്യ കൽദായ സഭയിലെ *മെത്രാൻ - ബാവാ* കക്ഷികൾ തമ്മിൽ സുപ്രീം കോടതി വരെ നീണ്ട കേസുകൾ അവസാനിച്ചിട്ട് രണ്ടു ദശവൽസരം പോലുമായിട്ടില്ല.

സഭയിൽ ഭിന്നതകളുണ്ടായപ്പോൾ വലിയ മാർ ദീവന്നാസ്യോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് എന്നിവർ അനുരഞ്ജനത്തിനു ശ്രമിച്ചു. പക്ഷേ പരമാവധി വിട്ടുവീഴ്ചകളോടെ നടത്തിയ ശ്രമങ്ങളിൽ വലിയ മാർ ദീവന്നാസ്യോസ് മാത്രമാണ് വിജയം കണ്ടത്. പിന്നീട് അനുരഞ്ജനത്തിൽ വിജയമധുരം നുണഞ്ഞത് 1958-ൽ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ മാത്രമാണ്.

1929-ലാണ് കൊല്ലം മുതലായ ഇടവകകളുടെ കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്ന നാമത്തിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടത്. 1934-ൽ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ കൂടിയായി അസോസിയേഷൻ തിരഞ്ഞെടുത്തു. എതിർപക്ഷം കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസിനെ ബദൽ മലങ്കര മെത്രാനായി നിയോഗിച്ചതോടെ ഒന്നാം സമുദായക്കേസിനു പ്രാരംഭമായി.

പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് കാലം ചെയ്തതിനു ശേഷം അടുത്ത മലങ്കര മെത്രാനെ തിരഞ്ഞെടുക്കുന്നതിനു മുമ്പ് പാത്രിയർക്കീസുമായി ചർച്ച ചെയ്ത് ഭാവി കലഹങ്ങൾ ഒഴിവാക്കാനുള്ള ശാശ്വത സമാധാന സാദ്ധ്യതകൾ ആരായണമെന്ന് ഒരു ചിന്ത സഭയിൽ പരക്കെയുണ്ടായി. അതനുസരിച്ച് പ. ഗീവർഗീസ് ദ്വിതീയൻ 1934-ൽ ജറുശലേമിലും ഹോംസിലുമെത്തി അന്ത്യോഖ്യയുടെ പ. അപ്രേം പ്രഥമൻ ബർസോം പാത്രിയർക്കീസിനെ കണ്ടു. പക്ഷേ പാത്രിയർക്കീസ് തന്റെ സമഗ്രാധികാര വാദത്തിൽ ഉറച്ചു നിൽക്കയും പ. ഗീവർഗീസ് ദ്വിതീയന്റെ ജീവനു ഭീഷണിയുണ്ടാവുകയും ചെയ്തതോടെ ചർച്ച പരാജയപ്പെട്ടു. ഇതിനെ തുടർന്ന് കോട്ടയം എം. ഡി. സെമിനാരിയിൽ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടി പ. ഗീവർഗീസ് ദ്വിതീയനെ മലങ്കര മെത്രാനായി തിരഞ്ഞെടുക്കുകയും സഭാ ഭരണഘടന പാസാക്കുകയും ചെയ്തു.

ഇതിനെ തുടർന്നാണ് കോട്ടയം ജില്ലാ കോടതിയിൽ അസൽ നമ്പർ 1113 -ലെ 111-ാം നമ്പറായി 1938-ൽ ഒന്നാം സമുദായക്കേസ് ഫയൽ ചെയ്യപ്പെടുന്നത്. പ. ഗീവർഗീസ് ദ്വിതീയനെ മലങ്കര മെത്രാനായി തിരഞ്ഞെടുത്തത് നിയമവിധേയമായി ആണോ, സഭാ ഭരണഘടന പാസാക്കിയത് സാധുവാണോ എന്ന രണ്ടു വിഷയങ്ങളാണ് ഈ കേസിലെ അടിസ്ഥാന വിഷയങ്ങളായി പിന്നീട് കോടതിക്കു മുമ്പിൽ ഉയർന്നു വന്നത്.

ഈ കേസ് പല കോടതികൾ കയറിയിറങ്ങി മുമ്പോട്ടു പോകവെതന്നെ വിവിധ സമാധാനശ്രമങ്ങളും മുന്നേറിയിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയും നാടൻ ക്വാജോമാരുടെയും പിടിവാശികൾക്കു മുമ്പിൽ അവയെല്ലാം എരിഞ്ഞടങ്ങി. ഭൂമിയോളം താഴാൻ പോലും പ. ഗീവർഗീസ് ദ്വിതീയനും മലങ്കര സഭയും തയാറായിരുന്നു. പക്ഷേ കാതോലിക്കാ സ്ഥാപനം ഇല്ലാതാക്കുവാനോ അബ്ദൽ മ്ശീഹാ പാത്രിയർക്കീസു വഴിയുള്ള പട്ടത്വ പിന്തുടർച്ചയെ തള്ളിപ്പറയാനോ ലൗകീകാധികാരം അടിയറവയ്ക്കാനോ അവർ ഒരിക്കലും തയാറായിരുന്നില്ല. ഇരുപക്ഷവും തയ്യാറായിരുന്നിട്ടും സമാധാനം സാധിതപ്രായമാകാതെ പോയത് ഒരു പരിധിയിലധികം ആലുവായിലെ വലിയ തിരുമേനി എന്നറിയപ്പെടുന്ന കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസിന്റെ *ഈഗോ* കാരണമായിരുന്നു.

സഹപാഠികളും കത്തനാർ, റമ്പാൻ സ്ഥാനങ്ങൾ ഒരുമിച്ച് സ്വീകരിച്ചവരുമായിരുന്നു പ. ഗീവർഗീസ് ദ്വിതീയനും മാർ അത്താനാസ്യോസും. ഇരുവരിൽ ആദ്യം മേല്പട്ടസ്ഥാനം ലഭിച്ചത് മാർ അത്താനാസ്യോസിനായിരുന്നു. പിന്നീട് കാതോലിക്കാ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട സഹപാഠിയെ മേൽസ്ഥാനിആയി അംഗീകരിക്കാനുള്ള വിമുഖതയാണ് പല സമാധാന ചർച്ചകളേയും അട്ടിമറിക്കാൻ മാർ അത്താനാസ്യോസിനെ പ്രേരിപ്പിച്ചതെന്നു ചില സമകാലിക രേഖകൾ സൂചന നൽകുന്നുണ്ട്.

1953-ൽ മാർ അത്താനാസ്യോസ് കാലം ചെയ്തു. തൽസ്ഥാനത്ത് ഏബ്രഹാം മാർ ക്ലീമീസ്, പാത്രിയർക്കീസ് വിഭാഗം മലങ്കര മെത്രാനായി കേസിൽ കക്ഷി ചേർന്നു. 1958 സെപ്റ്റംബർ 12-ന് ഇന്ത്യൻ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് മലങ്കര സഭയ്ക്ക് പൂർണ്ണമായും അനുകൂലമായി വിധി പ്രഖ്യാപിച്ചു. അതോടെ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാനായി തിരഞ്ഞെടുത്തത് നിയമാനുസൃതമാണെന്നും സഭാ ഭരണഘടന പാസാക്കിയ നടപടി സാധുവാണെന്നുമുള്ള വസ്തുതകൾ അസന്നിഗ്ദമായി വ്യക്തമായി.

സുപ്രീം കോടതി വിധി വന്ന ഉടൻതന്നെ സഭാ സമാധാനത്തിനുള്ള ചർച്ചകൾ ആരംഭിച്ചു എന്നുതന്നെ പറയാം. ചിങ്ങവനം ദയറാ കേന്ദ്രീകരിച്ചായിരുന്നു മുൻ പാത്രിയർക്കീസ് വിഭാഗം ഉഭയകക്ഷി ചർച്ചയിൽ പങ്കെടുത്തത്. പ. ഗീവർഗീസ് ദ്വിതീയന്റെ ആലോചനക്കാരായി ഉണ്ടായിരുന്നത് തോമ്മാ മാർ ദീവന്നാസ്യോസ്, പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് (പിന്നീട് പ. മാത്യൂസ് പ്രഥമൻ), മണലിൽ യാക്കോബ് കത്തനാർ, തലക്കുളത്ത് ടി. സി. ജേക്കബ് കത്തനാർ, കെ. ചെറിയാൻ വക്കീൽ, എറികാട്ട് ഇ. ജെ. ജോസഫ് മുതലായവരായിരുന്നു.

അനേകം ആശയ വിനിമയങ്ങൾ ഇരുപക്ഷവും തമ്മിൽ നടന്നു. അന്നു ഇരുപക്ഷത്തിനുമിടയിൽ സന്ദേശവാഹകനായി പ്രവർത്തിച്ചത് കെ. ചെറിയാൻ വക്കീലിന്റെ ബന്ധുവും മാർത്തോമ്മാ സഭാംഗവുമായ ഒരു വ്യക്തിയായിരുന്നു. ഈ വസ്തുത രണ്ടു ദശാബ്ദംമുമ്പ് അദ്ദേഹം ഈ ലേഖകനോട് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, ഏബ്രഹാം മാർ ക്ലീമീസ്, കല്ലുപ്പറമ്പിൽ വി. എം. ഗീവർഗീസ് കത്തനാർ, പാലാമ്പടം പി. റ്റി. തോമസ് മുതലായ പ്രഗത്ഭർ മറുഭാഗത്തിനു നേതൃത്വം കൊടുത്തതിനാൽ ആശയവിനിമയം സുഗമമായിരുന്നെങ്കിലും പരിഹാരം ലഘുവായിരുന്നില്ല. നിരുപാധികമായ ഒത്തുതീർപ്പിന് മലങ്കരസഭാ നേതൃത്വം തയാറല്ലായിരുന്നു എന്നതായിരുന്നു പ്രധാന പ്രതിസന്ധി. പാത്രിയർക്കീസിന്റെ അമർത്തിവയ്ക്കാൻ നിർബന്ധിതമായ അധികാരമോഹവും സമാധാനത്തിനു തടസമായിരുന്നു.

അവസാനം ഒത്തുതീർപ്പിലെത്തി. പരസ്പര സ്വീകരണ കല്പനകൾ പാത്രിയർക്കീസും അംഗീകരിച്ചതിനെ തുടർന്ന് 1958 ഡിസംബർ 16-ന് രാത്രി ഏറെ വൈകി പഴയ സെമിനാരിയിൽ വച്ച് പരസ്പര സ്വീകരണ കല്പനകൾ കൈമാറി. പൗരസ്ത്യ കാതോലിക്കായെ അന്ത്യോഖ്യാ പാത്രിയർക്കീസ് നിരുപാധികം സ്വീകരിച്ചപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസിനെ *സഭാ ഭരണഘടനയ്ക്ക് വിധേയമായി സ്വീകരിക്കുവാൻ നാം പ്രസാദിച്ചിരിക്കുന്നു* എന്നാണ് പ. ഗീവർഗീസ് ദ്വിതീയൻ മറുപടി നൽകിയത്. മുൻകൂർ ധാരണയനുസരിച്ചു തയാറാക്കിയ ഈ കല്പനകൾ അംഗീകരിക്കാൻ സ്വകക്ഷിയാൽത്തന്നെ യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് നിർബന്ധിതനായി എന്നതാണ് യാഥാർഥ്യം.

മലങ്കരയിലെ മുൻ പാത്രിയർക്കീസ് വിഭാഗ നേതൃത്വവും ഭൂരിപക്ഷം അനുയായികളും ഈ സമാധാനത്തെ സർവാത്മനാ അംഗീകരിച്ചു എന്നതാണ് പിൽക്കാല ചരിത്രം നൽകുന്ന സാക്ഷ്യങ്ങൾ. പിറ്റെ വർഷം തന്നെ അങ്കമാലി ഭദ്രാസനത്തിൽ 1934-ലെ സഭാ ഭരണഘടന നടപ്പിലാക്കി വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് കല്പന പുറപ്പെടുവിച്ചു. അതിനേക്കാൾ മുമ്പ് 1958 ഡിസംബർ 26-ന് പുത്തൻകാവിൽ വിളിച്ചുകൂട്ടിയ അസോസിയേഷനിൽ കൊച്ചി ഭദ്രാസനത്തിലെ പള്ളികൾ പങ്കെടുക്കാൻ ആവശ്യപ്പെട്ട് മുളയിരിക്കൽ പൗലൂസ് മാർ സേവേറിയോസ് 1958 ഡിസംബർ 19-ന് കല്പന അയച്ചു.

മുൻ പാത്രിയർക്കീസ് ഭാഗത്തെ മെത്രാന്മാരിൽ ഏറ്റവും ചെറുപ്പക്കാരനും തീവ്രവാദിയുമായിരുന്നു മുളയിരിക്കൽ പൗലൂസ് മാർ സേവേറിയോസ്. പരസ്പര സ്വീകരണത്തെ ആദിമുതൽ എതിർത്തിരുന്ന അദ്ദേഹം ചർച്ചകളിലോ 1958 ഡിസംബർ 16-ന് നടന്ന പരസ്പര സ്വീകരണത്തിലോ പങ്കെടുത്തില്ല. ഇടവകപ്പള്ളികൾ പോയാലും താൻ സ്ഥാപിച്ച കൊരട്ടി സെമിനാരി മാത്രം തനിക്ക് മതി എന്നതായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്ന നിലപാട്. എന്നാൽ പരസ്പര സ്വീകരണം യാഥാർത്ഥ്യമായതിനെത്തുടർന്ന് അദ്ദേഹം നിലപാട് മാറ്റി. 1958 ഡിസംബർ 18-ന് ദേവലോകത്തെത്തി പ. ഗീവർഗീസ് ദ്വിതീയനോട് വിധേയത്വം പ്രഖ്യാപിച്ചു.

എടുത്ത നിലപാടിൽ ഉറച്ചു നിൽക്കുന്ന വ്യക്തിത്വമായിരുന്നു മുളയിരിക്കൽ പൗലൂസ് മാർ സേവേറിയോസിന്റേത്. കാതോലിക്കേറ്റിനോടുള്ള വിധേയ വാഗ്ദാനത്തിൽ അദ്ദേഹം ഉറച്ചു നിന്നു. തന്റെ ഭരണസീമയിൽ അനധികൃതമായി കൈകടത്താൻ ശ്രമിച്ചപ്പോൾ അന്ത്യോഖ്യ പാത്രിയർക്കീസിനെ ഒന്നാം പ്രതിയാക്കി അദ്ദേഹം കേസ് ഫയൽ ചെയ്തു. നൂറ്റാണ്ടു കടന്ന മലങ്കര സഭാ തർക്കത്തിൽ അന്ത്യോഖ്യ പാത്രിയർക്കീസ് പ്രതിയാകുന്ന ആദ്യ കേസായിരുന്നു അത്. ഒരു പക്ഷേ ഏക കേസും. 1962-ൽ ആകസ്മികമായി അദ്ദേഹം കാലം ചെയ്തില്ലായിരുന്നെങ്കിൽ പ. ഗീവർഗീസ് ദ്വിതീയന്റെ പിൻഗാമിയായി അദ്ദേഹം വാഴിക്കപ്പെടുമായിരുന്നെന്നും എങ്കിൽ 1970-കളിലെ പാത്രിയർക്കീസിന്റെ വിളയാട്ടം നടക്കില്ലായിരുന്നു എന്നും സയുക്തികം വിശ്വസിക്കുന്നവർ അനേകരുണ്ട്.

യോജിച്ച സഭയിലെ മെത്രാന്മാരുടെ അധികാര വിഭജനം ഒന്നൊഴികെ എല്ലാം ലളിതമായിരുന്നു. മാർ ക്ളീമീസ്, മാർ ഗ്രീഗോറിയോസ്, മാർ സേവേറിയോസ് എന്നിവർക്ക് യഥാക്രമം ക്നാനായ, അങ്കമാലി, കൊച്ചി എന്നീ അവർ മുമ്പ് ഭരിച്ചിരുന്ന ഭദ്രാസനങ്ങൾ തന്നെ പൂർണ്ണമായും ഭരമേല്പിച്ചു. കണ്ടനാട് ആണ് കീറാമുട്ടിയായത്. ഔഗേൻ മാർ തീമോത്തിയോസ് (പിന്നീട് പ. ഔഗേൻ പ്രഥമൻ), പൗലൂസ് മാർ പീലക്സീനോസ് എന്നിവരെ ഉൾക്കൊള്ളേണ്ടിയിരുന്നു. അവസാനം ഇരുവരേയും കണ്ടനാടിന്റെ ജോയിന്റ് മെത്രാന്മാരായി നിയമിച്ചു.

മലങ്കരസഭയ്ക്കു പറ്റിയ ഏറ്റവും വലിയ പാളിച്ച അതായിരുന്നു. പിൽക്കാലത്ത് ഉടലെടുത്ത ക്നാനായ, മലബാർ, ബാഹ്യകേരളം എന്നിവ ഒഴിവാക്കിയാൽ 1877-ൽ പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് വരച്ച *ഏഴു ഭദ്രാസനങ്ങൾ* എന്ന മാസ്മരിക സംഖ്യയിൽ കുടുങ്ങിക്കിടന്നവർ മുമ്പെങ്ങുമുണ്ടാകാത്ത *ജോയിന്റ് മെത്രാപ്പോലീത്താമാർ* എന്ന വിചിത്ര സൃഷ്ടിയെ രൂപകല്പന ചെയ്തത് പിൽക്കാല ദുരന്തങ്ങൾക്ക് വഴിമരുന്നായി.

സമാധാനം കൈവരിച്ചിട്ടും ഒറ്റപ്പെട്ട മുറുമുറുക്കലുകൾ അവിടവിടെ നിലനിന്നിരുന്നു. ഇടവകപ്പട്ടത്തിൽനിന്നും ഭദ്രാസനപ്പട്ടത്തിലേക്കുള്ള പരിവർത്തനം ഉൾക്കൊള്ളാനാവാത്ത കുറച്ചു കത്തനാരന്മാർ ആയിരുന്നു അവരിൽ ഭൂരിപക്ഷവും. സഭാ ഭരണഘടനയെന്നല്ല, ഒരു വളയത്തിനുള്ളിൽക്കൂടിയും ചാടാൻ വിമുഖരായ കുറച്ചുപേരും അക്കൂടെ കൂടി. ഇത്തരക്കാരാണ് പൗലൂസ് മാർ പീലക്സിനോസിനെ മുമ്പിൽ നിർത്തി 1962-ൽ *അന്ത്യോഖ്യൻ മൂവ്മെന്റ്* സ്ഥാപിച്ചത്. മീഖായേൽ മാർ ദീവന്നാസ്യോസിന്റെ കാലശേഷം പാത്രിയർക്കീസ് ഭാഗത്തെ കോട്ടയം മുതൽ തെക്കോട്ടുള്ള ഭദ്രാസനങ്ങളുടെ മുഴുവൻ ചുമതല വഹിച്ചിരുന്ന പൗലൂസ് മാർ പീലക്സിനോസിന് തന്നെ കണ്ടനാടിന്റെ *ജൂണിയർ മെത്രാൻ* മാത്രമാക്കി ചുരുക്കിയത് സ്വാഭാവികമായും അദ്ദേഹത്തെ അസഹ്യനാക്കി. ഇവിടെയും വില്ലനായത് *ഔഗേ*. ആ അസംതൃപ്തി വിഘടിതരും പാത്രിയർക്കീസും മുതലാക്കി എന്നുമാത്രം. മാർ പീലക്സിനോസിന്റെ മുടക്കിൽ കലാശിച്ച ഈ നാടകം 1964-ൽ മാർ തീമോത്തിയോസ് കാതോലിക്കാ സ്ഥാനത്ത് അവരോധിക്കപ്പെടുകയും മാർ പീലക്സിനോസിനു കണ്ടനാടിന്റെ പൂർണ്ണ ചുമതല ലഭിയ്ക്കുകയും ചെയ്തതോടെ കെട്ടടങ്ങി.

1959-ൽ കണ്ടനാട് ഭദ്രാസനം വിഭജിച്ച് ഇരു മെത്രാന്മാർക്കും സ്വതന്ത്ര ചുമതല നൽകിയിരുന്നെങ്കിൽ ഒരുപക്ഷേ 1962-ലെ അന്ത്യോഖ്യൻ മൂവ്മെന്റ്, നേതാവിനെ ലഭിക്കാതെ കെട്ടടങ്ങുമായിരുന്നു എന്നാണ് ഈ ലേഖകൻ കരുതുന്നത്. ഏതായാലും 1965-ൽ ആഡീസ് അബാബായിൽ എത്യോപ്യയുടെ ഹെയ്‌ലി സലാസി ചക്രവർത്തി ഇദംപ്രഥമമായി വിളിച്ചുകൂട്ടിയ ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സമ്മേളനത്തിൽ മലങ്കര സഭയുടെ ഔദ്യോഗിക പ്രതിനിധി സംഘത്തിൽ അംഗമാക്കി മാർ പീലക്സിനോസിന്റെ മടങ്ങിവരവിനെ സഭ അംഗീകരിച്ചു.

അന്ത്യോഖ്യാ പാത്രിയർക്കീസന്മാർക്കു സഹജമായ യാക്കൂബ് ത്രിതീയന്റെ അധികാര/ധന തൃഷ്ണയ്ക്ക് ശമനമൊന്നും 1958-ലെ പരസ്പര സ്വീകരണം കൊണ്ട് ഉണ്ടായില്ല. 1960-ൽ കൊച്ചി ഭദ്രാസനത്തിലെ ആഭ്യന്തര ഭരണത്തിൽ കൈകടത്തിയതും, 1962-ൽ മാർ പീലക്സിനോസിന്റെ വിഭാഗീയ പ്രവർത്തനങ്ങൾക്ക് പിന്തുണനൽകിയതും അറുപതുകളുടെ അവസാനത്തിൽ ഒരു ശീമ മെത്രാനെ *അന്ത്യോഖ്യാ പ്രതിനിധി* എന്ന ഇല്ലാത്ത സ്ഥാനത്ത് അവരോധിച്ചയച്ച് നേരിട്ട് ഭരണത്തിൽ കൈകടത്താൻ ശ്രമിച്ചതും ഒക്കെ ഇതിന്റെ ഉദാഹരണങ്ങൾ മാത്രം. ഇതിനിടയിൽ വികസിക്കാൻ ആരംഭിച്ച ഗൾഫ് മേഖലയിലെ പള്ളികൾ കൈയ്യടക്കാൻ ദീർഘവീക്ഷണത്തോടെ 1964-ൽ പാത്രിയർക്കീസ് നടത്തിയ വിലപേശലും, മലയാളി ഉള്ളേടത്തെല്ലാം പള്ളി വെക്കുമെന്നു മലങ്കരസഭയുടെ മറുപടിയും ഇതിനോട് കൂട്ടി വായിക്കേണ്ടതാണ്.

പ. ഗീവർഗീസ് ദ്വിതീയനും ഇരു ഭാഗത്തേയും മെത്രാന്മാരും നേതാക്കളും ജനങ്ങളും പരസ്പര സ്വീകരണത്തിന്റെ ആത്മാവിനെ യഥാർത്ഥ അർത്ഥത്തിൽ ഉൾക്കൊണ്ടിരുന്നു. പ. ഗീവർഗീസ് ദ്വിതീയൻ ആവശ്യപ്പെട്ടതനുസരിച്ച് മുൻ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് ആണ് അദ്ദേഹത്തിന്റെ കന്തീലാ ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചത്. പിൽക്കാലത്ത് കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പായും തുടർന്ന് ചിറത്തലാട്ട് സി. വി. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പായും നിർണായകമായ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽമാരായി.

ഏതർത്ഥത്തിൽ പരിശോധിച്ചാലും 1958-ലെ സമാധാനാനന്തര കാലം മലങ്കരസഭയ്ക്ക് വസന്തമായിരുന്നു. ആത്മീയമായും ഭൗതീകമായും സഭ കുതിച്ചുയർന്നു. പഴയ സെമിനാരിയുടെ ആധുനികവൽക്കരണവും വളർച്ചയും, കോട്ടയം ബസേലിയോസ് കോളേജ്, കോലഞ്ചേരി മലങ്കര മെഡിക്കൽ മിഷൻ, മലബാർ - ബാഹ്യ കേരള ഭദ്രാസനങ്ങളുടെ അതിദ്രുത വളർച്ച... നേട്ടങ്ങളുടെ പട്ടിക അനന്തമായി നീളുന്നു. ഇവ കൂടാതെ രണ്ടു പ്രാവശ്യം പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാപ്പോലീത്തായുടേയും പിൻഗാമിയേയും അഞ്ചു മെത്രാന്മാരെയും തിരഞ്ഞെടുത്തതും അവരിൽ മൂന്നുപേരെ കോലഞ്ചേരിയിൽവെച്ച് ആഘോഷമായി വാഴിച്ചതും ഇക്കാലത്താണ്. അതിനേക്കാൾ

പ്രധാനമായി മലങ്കര സഭാ ഭരണഘടനയിലെ നാൽപ്പതോളം വകുപ്പുകൾ മുൻ പാത്രിയർക്കീസ് പക്ഷക്കാരുടെ ക്രിയാത്മകമായ പരിപൂർണ്ണ സഹകരണത്തോടെ ഭേദഗതി ചെയ്തതും ഇക്കാലത്താണ്.

1958-ലെ സമാധാനം മുഖ്യധാരാ മലങ്കര സഭയ്ക്ക് ഉണ്ടാക്കിയ നേട്ടം മനസിലാകുന്നത് 1970-കളിലെ പിളർപ്പിനു ശേഷമാണ്. അതിനു മുമ്പ് വടക്ക് ഏതാനും തുരുത്തുകളിൽ മാത്രം സ്വാധീനമുണ്ടായിരുന്ന മലങ്കര സഭ, പിളർപ്പിനുശേഷം അവിടെല്ലാം പരക്കെ നിർണായകശക്തിയായി. അതായിരുന്നു 1958-നെക്കുറിച്ചുള്ള ജനവികാരം. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മാത്രം നവവിഘടിത വിഭാഗത്തോടൊപ്പം നിൽക്കേണ്ടി വന്ന അപൂർവം ചിലരൊഴികെ 1958-നു മുമ്പ് പാത്രിയർക്കീസ് കക്ഷിയിൽ നിന്ന പ്രമുഖരും പണ്ഡിതരുമായ വൈദീക - അവൈദീക നേതാക്കളും സഭയുടെ മുഖ്യധാരയിൽത്തന്നെ തുടർന്നും ഉറച്ചുനിന്നു. കോനാട്ട് അബ്രഹാം മല്പാൻ, ഞാർത്താങ്കൽ കോരുത് മല്പാൻ, ഫാ. ഡോ. വി. സി. സാമുവേൽ, ഫാ. മത്തായി നൂറനാൽ, ഫാ. മത്തായി ഇടയനാൽ, ഫാ. ജോസഫ് വെണ്ടറപ്പള്ളി... കണക്കെടുത്താൽ ഈ പട്ടിക ഇവിടെങ്ങും അവസാനിക്കില്ല.

1958-ലെ സുപ്രീം കോടതി വിധി നടത്തിയെടുക്കാതിരുന്നതാണ് 1970-കളിലെ പിളർപ്പിനു കാരണം എന്ന വാദം നിരർത്ഥകമാണ്. ഒന്നാം സമുദായക്കേസിലെ വിധി യഥാർത്ഥത്തിൽ നടപ്പിലാക്കിയിരുന്നു. 1934 ഡിസംബർ 26-നു എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ സാധുവാണോ, അവിടെ എടുത്ത തീരുമാനങ്ങൾ - പ്രധാനമായും പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുത്തതും സഭാ ഭരണഘടന പാസാക്കിയതും നിലനിൽക്കുമോ എന്നതായിരുന്നു ഈ കേസിലെ മുഖ്യ വിഷയങ്ങൾ. ഇവയെല്ലാം സുപ്രീം കോടതി നിരുപാധികം അംഗീകരിച്ചു. ടി. ഭരണഘടനപ്രകാരം 1958 ഡിസംബർ 26-നു വിളിച്ചുകൂട്ടിയ പുത്തൻകാവ് അസോസിയേഷനിൽ പങ്കെടുക്കാൻ കൊച്ചി ഭദ്രാസനത്തിലെ പള്ളികൾക്ക് മുളയിരിക്കൽ മാർ സേവേറിയോസ് അയച്ച കല്പന, ടി. ഭരണഘടന അങ്കമാലി ഭദ്രാസനത്തിൽ പിറ്റേവർഷം മുതൽ നടപ്പിലാക്കിയുള്ള വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസിന്റെ കല്പന, ടി. അസോസിയേഷനിൽ മാർ പീലക്സീനോസിന്റെ പ്രസംഗം, 1958, 59, 62, 65, 70 വർഷങ്ങളിലെ മലങ്കര അസോസിയേഷനിൽ മുമ്പ് പാത്രിയർക്കീസ് ഭാഗത്തു നിന്ന ഇടവകകളുടെ ഭാഗഭാഗിത്വം., 1967-ൽ നടന്ന 1934 സഭാ ഭരണഘടനയുടെ വിശദമായ ഭേദഗതിയിലെ അവരുടെ സജീവമായ പങ്കാളിത്വം ഇവയൊക്കെ നിയമപരമായി നിലനിൽക്കുന്ന വിധിനടത്തിപ്പാണ്. ഇതിനേക്കാൾ ഉപരി, 1958-ലെ വിധിക്കു ശേഷം ടി. വിധിപ്രകാരം നിയമാനുസൃത മലങ്കര മെത്രാൻ എന്നു സ്ഥാപിക്കപ്പെട്ട പ. ഗീവർഗീസ് ദ്വിതീയനും അദ്ദേഹത്തിന്റെ പിൻഗാമിയായ പ. ഔഗേൻ പ്രഥമനും മലങ്കര മെത്രാന്റെ അധികാരപരിധിയിൽപ്പെട്ട വട്ടിപ്പണപ്പലിശ കൈപ്പറ്റി എന്ന വസ്തുതയും 1958-ലെ സുപ്രീം കോടതി വിധി നടത്തിയെടുത്തു എന്നതിനു നിയമപരമായ തെളിവാണ്.

1958-ലെ സുപ്രീം കോടതി വിധിപ്രകാരമുള്ള കോടതിച്ചിലവ് - അത് എത്രയാണെങ്കിലും - ഈടാക്കാതിരുന്നതാണ് 70-കളിലെ പിളർപ്പിനു കാരണം എന്ന വാദത്തിനും നിലനില്പ്പില്ല. 1958-ലെ സുപ്രീംകോടതി വിധിപ്രകാരം മലങ്കരസഭയ്ക്ക് കോടതിച്ചിലവ് ലഭിക്കേണ്ടത് ആ കേസിലെ എതിർ കക്ഷികളിൽ നിന്നാണ്. ഈ കേസിലെ എതിർ കക്ഷികളാവട്ടെ പാത്രിയർക്കീസ് വിഭാഗം കൂട്ടു ട്രസ്റ്റികളായി ഉയർത്തിക്കാട്ടിയ ഏബ്രഹാം മാർ ക്ലിമ്മീസ്, കല്ലൂപ്പറമ്പിൽ വി. എം. ഗീവർഗീസ് കത്തനാർ, പുല്യാട്ട് തുകലൻ പൗലോ അവിരാ എന്നിവരും. നിയമപ്രകാരം നിലവിലില്ലാത്ത പത്രിയർക്കീസ് കക്ഷിക്ക് അതിൽ ഒരു ബാദ്ധ്യതയുമില്ലായിരുന്നു. അവരിൽ കല്ലൂപ്പറമ്പിൽ അച്ചനെങ്കിലും പൂർവാർജ്ജിത സ്വത്തും ആത്മാഭിമാനവുമുള്ള വ്യക്തിയായിരുന്നു. തന്റെ ഭാഗം കോടതിച്ചിലവ് കെട്ടിവെക്കാൻ അദ്ദേഹത്തിനു ബുദ്ധിമുട്ടില്ലായിരുന്നു. തന്നെ പാത്രിയർക്കീസു വിഭാഗം കത്തനാർ ട്രസ്റ്റി ആയി നിയോഗിച്ചപ്പോൾ നിശ്ചിത കാലയളവിനുള്ളിൽ സഭാസമാധാനം യാഥാർത്ഥ്യമാക്കിയിരിക്കണമെന്ന നിബന്ധനവെച്ച വ്യക്തിയാണ് കല്ലൂപ്പറമ്പിൽ അച്ചൻ. അത് ഒഴിവാക്കിയാലും സഭാസമാധാനത്തിനു മുന്നിട്ടിറങ്ങിയ ഇതര മുൻ പാത്രിയർക്കീസ്പക്ഷ നേതാക്കളായ വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസിനും പാലാമ്പടം പി. റ്റി. തോമസിനും വ്യക്തിപരമായി നിയമം അനുശാസിക്കുന്ന യാതൊരു സാമ്പത്തിക ബാദ്ധ്യതയും നിലവിലില്ലായിരുന്നു.

പിന്നീട് എവിടെയാണ് ഇന്നും നിലനിൽക്കുന്ന 1970-കളിലെ വിഭാഗീയ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമുണ്ടായത്? ഈ ചോദ്യത്തിന് വിശദമായി ഉത്തരം നൽകേണ്ടിവരും. പക്ഷേ അത് ഈ ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങില്ല. എങ്കിലും അവ ചുരുക്കി ഇവിടെ പ്രസ്ഥാവിക്കാം.

1. 1960-കളിൽ മെത്രാൻ സ്ഥാനാർത്ഥികൾക്ക് കുറഞ്ഞ അടിസ്ഥാന യോഗ്യത സഭ നിർണ്ണയിച്ചു. പല ചുവന്ന കുപ്പായ മോഹികളേയും ഇത് ഭഗ്നാശരാക്കി.

2. വളയമില്ലാതെ ചാടി നടന്ന പല കത്തനാരുമാർക്കും വളയത്തിലൂടെ മാത്രമേ ചാടാവു എന്ന നിബന്ധന അസഹ്യമായി.

3. മുളയിരിക്കൽ മാർ സേവേറിയോസ്, വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് എന്നീ മുൻ പാത്രിയർക്കീസ് വിഭാഗത്തിലെ പ്രതിഭാധനരായ മെത്രാന്മാരുടെ അകാല വിയോഗം മുൻ പാത്രിയർക്കീസ് വിഭാഗത്തിൽ ഉണ്ടാക്കിയ നേതൃത്വ പ്രതിസന്ധി. അതോടെ അവസര വാദികളും സ്ഥാനമോഹികളും അസംതൃപ്തരുടെ നേതൃത്വത്തിലെത്തി. ചുരുക്കിപറഞ്ഞാൽ ദുഃഖവെള്ളിയാഴ്ച നമസ്ക്കാരത്തിൽ സൂചിപ്പിക്കുന്നതുപോലെ, *മോശയുടെ സിംഹാസനത്തിൽ കയ്യാപ്പാ കയറി ഇരിക്കുന്ന* അവസ്ഥ!

സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം ഒരു വ്യാഴവട്ടക്കാലം അധികാര/ധന തൃഷ്ണ അടക്കിവെക്കാൻ നിർബന്ധിതനായ അന്ത്യോഖ്യയുടെ യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് അവസരം മുതലാക്കി കളിച്ചു. വിപണി അറിഞ്ഞുള്ള വിപണന തന്ത്രവും രാഷ്ട്രീയ നീക്കങ്ങളുമാണ് അദ്ദേഹം നടത്തിയത്. നേരിട്ടുള്ള ഇടപെടലുകൾ പരാജയപ്പെട്ടതോടെ അദ്ദേഹം ആദ്യം മാർത്തോമ്മാ ശ്ലീഹായുടെ പട്ടത്വത്തെ നിഷേധിക്കുകയും പിന്നാലെ മുടക്ക് നൂലാമാല പുറപ്പെടുവിച്ച് കുഞ്ഞാടുകളെ ചിന്താക്കുഴപ്പത്തിലാക്കുകയും ചെയ്തു. അതിനുശേഷം മലങ്കരസഭയിൽ നിയമാനുസൃതം മേല്പട്ടസ്ഥാനം ലഭിക്കാനുള്ള യോഗ്യതയില്ല എന്ന യാഥാർത്ഥ്യം മനസിലാക്കി മോഹഭംഗം വന്നവർക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ ചുവന്നകുപ്പായം പ്രദാനം ചെയ്ത് മെത്രാൻ പട്ടം കൊടുത്തു വൈറസുകളാക്കി മലങ്കരയിലേയ്ക്കു അഴിച്ചുവിട്ടു. അവരാകട്ടെ, *കപ്യാരുസോയ്*ക്കു പോലും യോഗ്യതയില്ലാത്തവർക്ക് തലങ്ങും വിലങ്ങും *കഹനൂസാ* സ്ഥാനം കൊടുത്ത് രണ്ടാംഘട്ട ആഘാതം നിർവഹിച്ചു. എല്ലാത്തിനും മകുടം ചാർത്തി അദ്ദേഹവും അദ്ദേഹത്തിന്റെ പിൻഗാമിയും മോഹഭംഗം വന്ന രണ്ടുപേരെ ഒന്നിനു പുറകെ ഒന്നായി കാതോലിക്കാ (അതോ മപ്രിയാനായോ?) ആയി *കഴലപ്പെടുത്തി* സ്വന്തം കുഴി തോണ്ടി! അവരും കൊടുത്തു പാത്രിയർക്കീസിനെപ്പോലെ *വട്ടേന്നു വീണതും വാവലു ചപ്പിയതുമായ* കുറെ എണ്ണത്തിന് ചുവന്ന കുപ്പായം!

ഒരു കാര്യം വ്യക്തമാക്കട്ടെ, 1958-ൽ സമാധാന കൽപ്പന നൽകിയതോ കോടതിച്ചിലവ് വേണ്ടന്നു വെച്ചതോ അല്ല 1970-കളിലെ വിഭാഗീയതയ്ക്ക് കാരണം. അന്നത്തെ സഭാ സമാധാന പ്രക്രിയയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായും അദ്ദേഹത്തിന്റെ ക്രാന്തദർശികളായ ഉപദേഷ്ടാക്കളും വിജയിച്ചു എന്നത് നിസംശയമാണ്. അതു കാലം തെളിയിച്ചു. അടിസ്ഥാനപരമായി 1970-കളിലെ വിഭാഗീയതയ്ക്കു കാരണം അതൊന്നുമല്ല. മോഹഭംഗം വന്ന സ്ഥാനമോഹികളുടെയും ധനസ്രോതസ് നഷ്ടപ്പെടുന്നതിൽ വേവലാതി പൂണ്ട അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയും സംഘഗാനമായിരുന്നു അത്. അതിനേക്കാൾ ഉപരി, നസ്രാണിയുടെ സഹജമായ കലഹവാസനയും. ആർക്കും തടയിടാനാവാത്ത ഈ യാഥാർത്ഥ്യത്തിനു നേരെ കണ്ണടച്ചിട്ടു കാര്യമില്ല.

1958-ലെ സുപ്രീം കോടതി വിധിക്കു ശേഷം ഉണ്ടായതുപോലെ ഒരു മാന്യമായ ഒത്തുതീർപ്പ് 2017 വിധിക്കുശേഷം എന്തുകൊണ്ട് ഉണ്ടാകുന്നില്ല എന്ന ചോദ്യത്തിനും ഉത്തരമുണ്ട്. വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ്, കല്ലൂപ്പറമ്പിൽ വി. എം. ഗീവർഗീസ് കത്തനാർ, പാലാമ്പടം പി. റ്റി. തോമസ് മുതലായവരെപ്പോലെയുള്ള യാഥാർത്ഥ്യബോധമുള്ള നേതാക്കളുടെ അഭാവം ഒരു വശത്ത്. മാത്യൂസ് മാർ അത്താനാസ്യോസ്, മണലിൽ യാക്കോബ് കത്തനാർ, കെ. ചെറിയാൻ വക്കീൽ മുതലായവരെപ്പോലുള്ള സ്ഥിതപ്രജ്ഞരായ ഉപദേശകരുടെ അഭാവം മറുവശത്ത്. കൂട്ടത്തിൽ, 1958-നു വിഭിന്നമായി, *എപ്പിസ്ക്കോപ്പൽ തിണ്ടാട്ടത്തിന്റെ* (*Episcopi Vagnates*) അനന്തരഫലമായ മലങ്കര സഭയ്ക്ക് ഉൾക്കൊള്ളാനാവാത്ത കുറെ കുപ്പായ ധാരികളും!

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



മുൻ എം.എൽ.എ. യും സ്പീക്കറുമായിരുന്ന സി. എ. കുര്യൻ അന്തരിച്ചു

മൂന്നാർ: മുതിർന്ന സിപിഐ നേതാവ് സി. എ. കുര്യൻ (88) അന്തരിച്ചു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിൽസയിൽ ഇരിക്കുകയായിരുന്നു. മൂന്നു തവണ പീരുമേട് എംഎൽഎ ആയിരുന്നു.

ട്രേഡ് യൂണിയൻ രംഗത്ത് 1960ൽ എത്തിയ സി. എ. കുര്യൻ എഐടിയുസി സംസ്ഥാന സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പത്താം നിയമസഭയിൽ ഡപ്യൂട്ടി സ്പീക്കറായിരുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ സ്ഥാനാരോഹണം

സ്ഥാനം ലഭിച്ച സമയത്ത് കാപ്പയ്ക്കുള്ളിൽ ആയതുകൊണ്ട് ആരാണ് സ്ഥാനം നൽകിയതെന്ന് താൻ കണ്ടില്ലെന്നു വട്ടശ്ശേരിൽ തിരുമേനി കോടതിയിൽ മൊഴി നൽകിയെന്നതാണ് വട്ടശ്ശേരിൽ തിരുമേനിക്കെതിരെ ഉന്നയിക്കുന്ന ഒരു ആരോപണം. ഏതു കോടതിയിലാണ് പറഞ്ഞതെന്ന് തിരിച്ചു ചോദിച്ചാൽ ഉത്തരമുണ്ടാകില്ല.

കുന്നംകുളം കേസിൽ 1916 മെയ് 26-നു വട്ടശേരിൽ മാർ ദീവന്നാസിയോസ് നൽകിയ മൊഴിയിൽ ഈ ഭാഗം കടന്നു വരുന്നുണ്ട്.

ചോദ്യം: ശുശ്രൂഷാ സമയത്ത് അവിടുത്തെ തലയിൽ ആരെങ്കിലും കൈവച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരാണ്?

ഉത്തരം: എല്ലാവരുംകൂടി കൈവയ്ക്കുന്നു എന്നുള്ള സ്ഥിതിയിൽ ഏവൻഗേലിയോൻ പിടിക്കുകയും അംശവടിയിന്മേൽ എല്ലാവരും പിടിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ തലയിൻമേൽ ഓരോരുത്തർ മാറി മാറി കൈവച്ചിട്ടില്ല. അങ്ങനെ മാറി മാറി കൈവയ്ക്ക പതിവില്ല. ഒരാൾ നേരെ കൈവയ്ക്കുകയും മറ്റുള്ളവർ അതിനോടുകൂടെ സംബന്ധിക്കുകയാണ് പതിവ്. അങ്ങനെ ചെയ്തിരിക്കും.

ചോദ്യം: ഒരാൾ നേരെ കൈവയ്ക്കും എന്ന് പറഞ്ഞത് ആരാണ്?

ഉത്തരം: എന്റെ സംഗതിയിൽ അങ്ങനെ ചെയ്തത് അബ്ദള്ളാ പാത്രിയർക്കീസ് ആയിരിക്കണം.

ചോദ്യം: അബ്ദള്ളാ പാത്രിയർക്കീസ് ആയിരിക്കണം എന്നെയുള്ളോ അതോ ഓർമ്മയുണ്ടോ?

ഉത്തരം: കുർബ്ബാന ചൊല്ലുന്ന ആളാണ് അങ്ങനെ ചെയ്ക പതിവ്. അബ്ദള്ളാ പാത്രിയർക്കീസാണ് കുർബാന ചൊല്ലിയത്. അതിനാൽ അദ്ദേഹമായിരിക്കണം. മേൽപ്പട്ടസ്ഥാനമേൽക്കുന്ന ആളിന്റെ തലയും മുഖവും മിക്ക സമയങ്ങളിലും മൂടപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്ക് സ്ഥാനം തന്ന സമയത്ത് നടന്ന സംഗതികളെക്കുറിച്ച് ഒക്കെയും കണ്ടറിവായി പറവാൻ പാടില്ല.

(*മലങ്കര നസ്രാണികൾ* 4-ാം വാല്യം, ഇസ്സഡ്. എം. പാറേട്ട്, പേജ് 46, 47).

- ഡെറിൻ രാജു



കട്ടച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ നടന്ന ഓണാട്ടുകര കൺവെൻഷനിൽ അലക്സിയോസ് മാർ യൗസേബിയോസ് പ്രസംഗിക്കുന്നു.

സഭാദിനാഘോഷവും നിലയ്ക്കൽ ഭദ്രാസന സുവിശേഷസംഘം പ്രാർത്ഥനായോഗം സംയുക്ത വാർഷികവും

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ പ്രാർത്ഥനായോഗത്തിന്റെയും സുവിശേഷസംഘത്തിന്റെയും സംയുക്ത വാർഷികവും സഭാദിനാഘോഷവും 2021 മാർച്ച് 21-ന് ഞായറാഴ്ച ഉച്ചയ്ക്ക് 3.30 മുതൽ റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ ചാപ്പലിൽ വച്ച് നടത്തപ്പെടും.

ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ മലങ്കരസഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ സഭാദിന സന്ദേശം നൽകും. പ്രാർത്ഥനായോഗം ഭദ്രാസന ജനറൽ സെക്രട്ടറി എ. വി. ജോസ്, സുവിശേഷസംഘം ഭദ്രാസന ജനറൽ സെക്രട്ടറി കെ.സി. മാത്യു എന്നിവർ വാർഷിക റിപ്പോർട്ടുകൾ അവതരിപ്പിക്കും. ഭദ്രാസന സെക്രട്ടറി ഫാ. ഇടിക്കുള എം. ചാണ്ടി, സഭാ മാനേജിംഗ് കമ്മറ്റി അംഗം അഡ്വ. മാത്യൂസ് മഠത്തേത്ത്, പ്രാർത്ഥനായോഗം ഭദ്രാസന വൈസ്പ്രസിഡന്റ് ഫാ. ജോൺ സാമുവേൽ, സുവിശേഷസംഘം ഭദ്രാസന വൈസ്പ്രസിഡന്റ് ഫാ. വറുഗീസ് ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിക്കും. നിലയ്ക്കൽ ഭദ്രാസന സെന്റ് ഗ്രീഗോറിയോസ് ഗോസ്പൽ ടീം ഗാനശുശ്രൂഷ നിർവ്വഹിക്കും. സമ്മേളനത്തിന്റെ തത്സമയ സംപ്രേഷണം http://www.youtube.com/NilackalVoiceലൂടെ ഉണ്ടായിരിക്കും.




ഇടുക്കി ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'സ്വപ്നഭവനം' പദ്ധതിയുടെ ആദ്യ ഭവനം ചപ്പാത്ത് ഹെലിബറിയായിലെ നിർദ്ധന കുടുംബത്തിന് നൽകുന്നു. ഈ വീടിന്റെ ശിലാസ്ഥാപന ചടങ്ങ് യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ജസ്വിൻ അച്ചന്റെയും ഹെലിബറിയാ ഇടവക വികാരി പയസ്സ് അച്ചന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു.

വചനതീർത്ഥം

സംശയ രഹിതമായ വിശ്വാസം

(വലിയ നോമ്പിലെ ആറാം ഞായറാഴ്ച - സമ്യോ ഞായർ/പിറവികുരുടൻ മലങ്കര ഓർത്തഡോക്സ് സഭാദിനം/കാതോലിക്ക ദിനം) വി. യോഹന്നാൻ 9:1-41

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)



പിറവിയിലെ കുരുടനായൊരു മനുഷ്യനെ യേശു സൗഖ്യമാക്കുന്നു. യേശു നിലത്തു തുപ്പി, തുപ്പൽ കൊണ്ടു ചേറുണ്ടാക്കി. ചേറ് കുരുടന്റെ കണ്ണിൽ പൂശി. ശീലോഹാം കുളത്തിൽ കഴുകാൻ അവനോട് ആവശ്യപ്പെട്ടു. അവൻ കണ്ണു കാണുന്നവനായി മടങ്ങിവന്നു. അവനെ അയൽക്കാരും യഹൂദന്മാരും പരീശന്മാരും ചോദ്യം ചെയ്തു, പള്ളിഭ്രഷ്ടനാക്കി (വി. യോഹന്നാൻ 9:1-41).

ക്രിസ്തു ലോകത്തിന്റെ പ്രകാശമാകുന്നു

ക്രിസ്തുവിനെ നിർവ്വചിക്കുന്നവർക്ക് ലഭിക്കുന്ന ഉത്തരങ്ങളിൽ ഒന്നാണിത് 'ക്രിസ്തു ലോകത്തിന്റെ പ്രകാശമാകുന്നു' ദൈവം മനുഷ്യാവതാരം ചെയ്തതിന്റെ മുഖ്യകാരണങ്ങളിലൊന്നാണിത്. പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവുമായ ക്രിസ്തു ആണ് മനുഷ്യാവതാരം ചെയ്തതും ലോകത്തിൽ ജീവിച്ചതും.

യിശയ്യാവ് 9:2 'ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു. അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽപ്രകാശം ശോഭിച്ചു.' യിശയ്യാവ് 42:6 'കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽനിന്നും വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു.

പിറവിക്കുരുടനെ സൗഖ്യമാക്കുമ്പോൾ യേശു പറയുന്നു 'ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു' (വി. യോഹന്നാൻ 9:5). കുരുടൻ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് വിളിക്കപ്പെട്ടത് യേശുവിന്റെ കാരുണ്യം കൊണ്ടാണ്. ശരീരവും മനസ്സും ആത്മാവും ഇരുട്ടായവർക്ക് പ്രകാശം നൽകുവാൻ യേശു ഉണ്ടെന്ന തിരിച്ചറിവ് ഉണ്ടാകണം.

ലോകത്തിന്റെ പ്രകാശമാകുന്നു താൻ എന്നു പറയുന്ന ക്രിസ്തു 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു' (വി. മത്തായി 5:14) എന്നും പറയുന്നു. നാം പ്രകാശമാകുന്നു എങ്കിൽ പ്രകാശത്തിന്റെ മാതൃകകൾ നമ്മുടെ ജീവിതത്തിലുണ്ടാകണം. 1 യോഹന്നാൻ 2:9,10 'വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുകയും സഹോദരനെ പകെക്കയും ചെയ്യുന്നവൻ ഇന്നെയോളം ഇരുട്ടിൽ ഇരിക്കുന്നു. സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു.' എഫേസ്യർ 5:14 'ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും.'

സംശയരഹിതമായ വിശ്വാസം

യേശുവിനെ സംശയിക്കുവാൻ സാധ്യത ഉണ്ടായിരുന്ന ഒരു അനുഭവമാണിത്. പിറവികുരുടന് യേശുവിനെ കാണുവാൻ വന്നതോ, തന്റെ ആഗ്രഹം യേശുവിനു മുമ്പിൽ അവതരിപ്പിക്കുകയോ ചെയ്തതല്ല. വി. യോഹന്നാൻ 9:1 ' 9:1 'അവൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായൊരു മനുഷ്യനെ കണ്ടു;' പിറവികുരുടനെ യേശു കണ്ടെത്തിയതാണ്. അവന്റെ കണ്ണിൽ ചേറു പുരട്ടി ശീലോഹാം കുളത്തിൽ പോയി കഴുകുവാൻ യേശു ആവശ്യപ്പെട്ടു.

സീയോൻ മലയുടെ താഴ്‌വരയിലുള്ള ശീലോഹാം കുളത്തിൽ നിന്നും രണ്ടു ജലനാളികളിലൂടെ (നീർപാത്തികൾ) വെള്ളം മേലേയും താഴേയുമായി ഉണ്ടാക്കിയ രണ്ടു കുളങ്ങളിൽ സംഭരിച്ച് അവിടെ നിന്നാണ് യെരുശലേമിലെ ജലവിതരണം നടത്തിയിരുന്നത്. (യെശയ്യാവ് 7:3, 22:9). ശീലോഹാം കുളത്തിനരികെ രാജാവിന്റെ ഒരു ഉദ്യാനം ഉണ്ടായിരുന്നു. ഈ പ്രധാന സ്ഥലങ്ങളുടെ സംരക്ഷണാർത്ഥം ഉണ്ടാക്കിയതാവാം - ശീലോഹാബിലെ കാവൽഗോപുരം. ഈ കാവൽഗോപുരം തകർന്നതും പതിനെട്ടുപേർ മരിച്ചതും യേശുവിന്റെ കാലത്ത് ഒരു വലിയ സംഭവമായിരുന്നു.(വി. ലൂക്കോസ് 13:4).

പിറവികുരുടൻ, യാതൊരു സംശയവും കൂടാതെ തന്നോടു ചെയ്യുവാൻ ആവശ്യപ്പെട്ട പ്രവൃത്തി ചെയ്യുവാൻ തയ്യാറായി. കണ്ണടച്ച് അന്ധമായി വിശ്വസിച്ചു; അനുസരിച്ചു. കണ്ണിനു കാഴ്ച ഇല്ലാത്ത ഒരു മനുഷ്യനെ ഇത്രയും കഷ്ടപ്പെടുത്തണോ എന്ന് അവന് ഉള്ളിൽ ചിന്തിക്കാമായിരുന്നു. പക്ഷേ യേശുവിലുള്ള വിശ്വാസം സംശയരഹിതമായി പ്രകടിപ്പിക്കുവാൻ കുരുടന് സാധിച്ചു. യേശുവിനോട് വാദിക്കുവാനോ തർക്കിക്കുവാനോ തുനിഞ്ഞില്ല. അവൻ പൂർണ്ണമായി വിശ്വസിച്ചു; അനുസരിച്ചു; അവന് കാഴ്ച ലഭിച്ചു.

നമുക്ക് അനുഗ്രഹങ്ങൾ പല രൂപത്തിലും മാർഗ്ഗത്തിലും വന്നുചേരാം. പക്ഷേ യേശുക്രിസ്തുവിൽ വിശ്വസിക്കണം. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് പറഞ്ഞതുകൊണ്ടുമാത്രം വിശ്വാസം പൂർത്തിയാകുന്നില്ല. അത് പ്രവർത്തിയിൽ കൊണ്ടുവരണം. പ്രത്യക്ഷമായി സഭയോടുള്ള ബന്ധത്തിലാണ് അത് പ്രകടമാക്കേണ്ടത്. സഭയിലും രാജ്യത്തിലും വിശ്വസിക്കുന്നു എന്നത്, അതതിന്റെ നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും പാലിക്കുന്നതിലൂടെയാണ് പ്രകടമാക്കേണ്ടത്.

ഹൃദയദൃഷ്ടി പ്രകാശിക്കണം

മനുഷ്യനുൾപ്പെടെ എല്ലാ ദൈവസൃഷ്ടികൾക്കും കണ്ണുകൾ ഉണ്ട്. മറ്റ് സൃഷ്ടികൾക്ക് രണ്ട് കണ്ണുകൾ വീതമാണെങ്കിൽ, മനുഷ്യന് പുറമെ കാണപ്പെടുന്നത് രണ്ട് കണ്ണുകൾക്കു പുറമേ ഒരു അകക്കണ്ണ് കൂടി ഉണ്ട്. അന്തരനേത്രം, ഹൃദയദൃഷ്ടി, ആന്തരിക ദർശനം എന്നൊക്കെ പറയാറുണ്ട്. എഫേസ്യർ 1:17-ൽ പ. പൗലോസ് ശ്ലീഹായുടെ പ്രാർത്ഥനയിൽ ഹൃദയദൃഷ്ടി പ്രകാശിക്കുന്നതിനെക്കുറിച്ച് പറയുന്നു. മനുഷ്യരുടെ അകക്കണ്ണ് (ഹൃദയദൃഷ്ടി) പ്രകാശിക്കുന്നില്ലെങ്കിൽ, മൃഗങ്ങൾക്ക് തുല്യരാകും.

പിറവികുരുടനെ സൗഖ്യമാക്കിയത് അറിഞ്ഞ അയല്ക്കാരും പരീശന്മാരും യഹൂദന്മാരും അവനെ ചോദ്യം ചെയ്ത്, പള്ളിഭ്രഷ്ടനാക്കി. അത് അറിഞ്ഞ ക്രിസ്തു 'കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഈ ലോകത്തിൽ വന്നു' (വി. യോഹ. 9:39) എന്നു പറയുന്നു.

സത്യത്തെ കാണാതിരിക്കുകയും നന്മകളെ അംഗീകരിക്കാതിരിക്കുകയും മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നവർ ഹൃദയദൃഷ്ടി ഇല്ലാത്തവരാണ്. അകക്കണ്ണ് തുറക്കാതെ, അത് അടഞ്ഞിരിക്കുകയാണെങ്കിൽ, ആ മനുഷ്യർ മൃഗങ്ങൾക്ക് തുല്യരാണ്. അവർക്ക് ഭയവും കരുണയും മനസ്സലിവും പരോപകാരവും ഇല്ലാത്ത മനസ്സായിരിക്കും.

അവർക്ക് ഇടുങ്ങിയ ഹൃദയവും സങ്കുചിത മനസ്സും ആയിരിക്കും. അവർ കുരുടന്മാരാണ്. സമൂഹത്തിന് നന്മ ചെയ്യുന്നതിനെക്കുറിച്ച് അവർക്ക് താല്പര്യമില്ല. നിയമത്തിൽ ബന്ധിക്കപ്പെട്ട്, ദയയോ മനസ്സലിവോ ഇല്ലാതെ പെരുമാറാനാണ് അവർക്ക് താല്പര്യം.


മലങ്കര ഓർത്തഡോക്സ് സഭാദിനം / കാതോലിക്കാ ദിനം

വലിയ നോമ്പിലെ ആറാം ഞായറാഴ്ചയാണ് മലങ്കര ഓർത്തഡോക്സ് സഭാദിനമായി ആചരിക്കുന്നത്. മലങ്കരസഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും തദ്ദേശീയതയുടെയും പ്രതീകമാണ് പൗരസ്ത്യ കാതോലിക്കേറ്റ്. സഭാദിനം അഥവാ കാതോലിക്കാദിനം കാതോലിക്കേറ്റിന്റെ പ്രസക്തിയും മൂല്യവും സ്മരിക്കുന്നതിനും സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്നതിനുമായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മ നിറവിലേക്ക് വളരുവാനും, കുടുംബനവീകരണത്തിനും സഭാജീവിത വിശുദ്ധീകരണത്തിനും വ്യക്തിപരമായ രൂപാന്തരീകരണത്തിനുമുള്ള അവസരമാണിത്.

പ. കാതോലിക്കാ ബാവാതിരുമേനിയും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളെയും വൈദികഗണത്തേയും സന്യാസ സമൂഹങ്ങളേയും ആത്മീയ സംഘടന പ്രവർത്തകരെയും ലോകമെങ്ങുമുള്ള വിശ്വാസികളെയും ഓർത്തു പ്രാർത്ഥിക്കണം.

കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭിക്കുന്ന തുകയാണ് പ. സഭയുടെ പ്രധാന വരുമാന മാർഗ്ഗം. പരിശുദ്ധ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആത്മീയ സംഘടനകളുടെ പോഷണത്തിനും പ്രധാനമായി ആശ്രയിക്കുന്നത് കാതോലിക്കാദിന കവർ കളക്ഷനെയാണ്. സഭയോടുള്ള സ്നേഹത്തേയും കരുതലിനെയും പ്രതിസഭയുടെ പുരോഗതിക്കുവേണ്ടി ദൈവസന്നിധിയിൽ സമർപ്പിക്കുന്ന കാഴ്ചയായി ഇതിനെ കരുതണം. ദൈവസന്നിധിയിൽ അത് അംഗീകരിക്കപ്പെടുന്നതും ആയിരിക്കും.

❑



The journey of a blind to new vision

Sixth Sunday of Great Lent (Blind)

Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening: St. Mark 10 : 46 – 52, Morning: St. Matthew 9 : 27-31, Before Holy Qurbana: Deut 25: 13- 16 & 26:1 – 13, Job 42: 1-10 Malachi 3:7-12 Holy Qurbana: I Pet 4: 12-19 II Cor 9 : 6-15 OR Eph 5 : 1-14

St. John 9: 1-41

One whole chapter of St. John is dedicated to the healing of a man who was blind from his birth. Though the other three gospel writers have mentioned about healing of the blind- healing of Bartimaeus (Mk 10:46ff) / two blind men near Jericho (Mt 20:29 ff , Lk 18:35 ff) – St. John had elaborated this unique event.

a. Be part of the solution not the problem

"His disciples asked him, "Rabbi, who sinned, this man or his parents, that he was born blind?" (Jn 9:2).

As the disciples travelled along with Jesus, they came across a blind man. They were travelling with their Master and like any other good student trying to impress their teacher; they tried to gain some 'practical knowledge'. They came across a subject of study – a theological issue of sickness. It appears that they wanted to ponder over the theological aspects of suffering and sickness. They were very eager to know the cause of sickness. In their eagerness to unravel the age old mystery of suffering they forgot about the man and his real suffering. Once a building was on fire and as the people ran to put out the fire, there was one person who was trying to figure out what might have caused the fire. Instead of helping others to extinguish the fire, he was pondering how it might have started.

When we come across people in need or problematic situations how do we respond? Do we only just comment without trying to resolve it? Do our words/ deeds aggravate the situation? Or could we do our bit to resolve the problem. If we are not able to resolve it can we at least point towards Him who could handle the situation?

b. Beyond human comprehension

"Neither this man nor his parents sinned," said Jesus, "but this happened so that the works of God might be displayed in him" (Jn 9:4).

Human mind, from age immemorial, has been grappling with the questions, 'Why good people suffer?' and 'What causes sickness?. Illness was mainly viewed as wrath of God; punishment for the sins committed by the person or someone related to the person. It was believed that 'the children would be punished for the iniquity of parents, to the third and the fourth generation' (Exodus 20:5, 34:7 & Numbers 14:18). The forty years of wilderness journey is also attributed to the sin of the ancestors (Num 14: 33). This belief is seen in the prophets also (Jer 32:18). By the time of Prophet Ezekiel this belief was put on the backburner and the prophet directed that it is wrong to claim that "the parents have eaten sour grapes, and the children's teeth are set on edge"? (Ezk 18:2). He emphatically stated that "it is only the person who sins that shall die" (Ezk 18:4).

Jesus is opening a new dimension to the entire discourse. Though some diseases can be traced to sin (eg. Healing of the crippled -Lk 13: 10-17; paralytic - Mk 2: 1-12), it would be a folly to view all sick as sinners. We would not be able to comprehend or explain everything that happens in our lives. We need to trust Him and His ways. As St. Paul exclaims in Romans 11:33-34, "O the depth of the riches and wisdom and knowledge of God! How unsearchable are his judgments and how inscrutable his ways!" We need to remind ourselves that we are mere instruments in His mighty hands and we need to blindly trust His thoughts, which may not be our thoughts, and His ways, which may not be our ways' (Is 55:8).

c. Attaining Spiritual Vision

Two miracles took place in the passage: the man got his sight and he attained spiritual vision. The initial opinion of the blind man, just after he received eyesight, was 'Jesus is yet another person who performed miracle'. "The man called Jesus made mud, spread it on my eyes" (9:11). As he discussed the healing incident with the Pharisees, he realised that Jesus may not be an ordinary man but a prophet; "He is a prophet." (9:11). Later as the Pharisees tried to prod him more, he understood that Jesus is bigger than a prophet, he is from God " (9:33). The 2nd confrontation with Jesus made him realise that Jesus 'is Lord and he worshiped him'(9:38).

There are many who view Jesus as a good human being or as a good teacher. They are happy to follow some of the teachings of Jesus, especially related to social living. Some others place him on the pedestal of a 'prophet'; a social leader/ reformer like Mahatma Gandhi or prophet Mohammed. There are also a few who are willing to treat him as a demigod or even as one among many gods like Budhha. When we interact with people who have these blurred visions about Jesus (Jesus as only a teacher or social leader or a minor god) it is our duty to humble and gently help them to have a complete vision about Christ. The conversations with the Pharisees, who were reluctant to believe and accept Jesus, helped the blind to grow in his realisation about Christ and ultimately he could gain a proper spiritual vision. Our dialogues with people of other faith would help them and ourselves to have a clear vision about God.

Conclusion

Jesus has a mission. He is obliged to fulfill. That mission is to be the "Light of the world ". This is the mission we the disciples share with him. Our circumstances are an opportunity to shine brightly for the lord and share God's overcoming truth with those around us. Let us be that light to those around us.

Keep shining. The world needs your Light.

❑



പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടന്ന Excellence അവാർഡ് മീറ്റിംഗ് ഡോ. തോമസ് മാർ അത്താനാസ്യോസ് ഉദ്ഘാടനം ചെയ്യുന്നു.

രാജ്യാന്തര സുറിയാനി സംഗീത സമ്മേളനത്തിൽ ശ്രുതിയും

കോട്ടയം: ജനീവയിൽ 21 വരെ നടക്കുന്ന രാജ്യാന്തര സുറിയാനി സംഗീത സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു മലങ്കര ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ഭാഗമായ ശ്രുതി ആരാധനാ സംഗീത വിദ്യാലയവും പങ്കെടുക്കും. ഇറാഖ്, ലബനൻ, സിറിയ, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സംഗീതജ്ഞർ പങ്കെടുക്കുന്ന സമ്മേളനമാണിത്.

21 നു നടക്കുന്ന സുറിയാനി സംഗീത പരിപാടിയിൽ ഫാ. ഡോ. എം. പി. ജോർജിന്റെ നേതൃത്വത്തിൽ മൂന്നൂറിൽ പരം പേർ അണിനിരക്കുന്ന ഗായക സംഘം സുറിയാനി ഗീതങ്ങൾ അവതരിപ്പിക്കും.

ശ്രുതി ഡയറക്ടർ ഡോ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത, വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഫാ. ഡോ. എം. പി. ജോർജ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ശ്രുതി അസിസ്റ്റന്റ് ഡയറക്ടർ ഫാ മാത്യു വർഗീസിന്റെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു.

കാതോലിക്കാദിന ആഘോഷം

മദ്രാസ്: ഭദ്രാസനത്തിൻറെ ആഭിമുഖ്യത്തിലുള്ള കാതോലിക്കാദിന ആഘോഷം മാർച്ച് 21 ഞായറാഴ്ച ഉച്ചക്ക് 2 മണിക്ക് നടത്തപ്പെടും. സൂം ഓൺലൈനായി നടത്തപ്പെടുന്ന ആഘോഷ പരിപാടിയിൽ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും. നാഗ്പൂർ സെൻറ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോസി ജേക്കബ് മുഖ്യസന്ദേശം നൽകും. ഭദ്രാസനത്തിലെ ചെന്നൈ, കോയമ്പത്തൂർ, ആൻഡമാൻസ്, ഓസ്ട്രേലിയ, ന്യൂസിലൻറ്, സിംഗപ്പൂർ, മലേഷ്യ മേഖലകളിലെ വൈദീകരും സഭാമക്കളും ആഘോഷത്തിൽ പങ്കു ചേരും. ഭദ്രാസന സെക്രട്ടറി ഫാ. ജിജി മാത്യു സ്വാഗതം ആശംസിക്കും. ജോസഫ് തളിയാപ്പറമ്പിൽ കോർ-എപ്പിസ്കോപ്പ കാതോലിക്കാ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. സഭാ മാനേജിംഗ് കമ്മിറ്റി അംഗം ഫാ. ഏബ്രഹാം ജേക്കബ് കൃതജ്ഞത പ്രകാശിപ്പിക്കും. ചെന്നൈ ബ്രോഡ്‌വേ സെൻറ് തോമസ് കത്തീഡ്രൽ ക്വയർ കാതോലിക്കാ മംഗള ഗാനം ആലപിക്കും.



വലിയ വെള്ളിയാഴ്ചയുടെ കബറടക്ക ശുശ്രൂഷക്ക് ആവശ്യമായിട്ടുള്ള സാധനങ്ങൾ അടങ്ങിയ കിറ്റ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ **MOC** പബ്ലിക്കേഷൻ സെൻററിൻറെ എല്ലാ ഔട്ട്ലെറ്റിലും ഇപ്പോൾ ലഭ്യമാണ്. വില 1500/- മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് കൊറിയർ ആയി അയച്ചു കൊടുക്കുന്നതാണ്. **Contact No: 0481 2561305, Mob: 9496161305 8111925411,8848197432**



നിലമ്പൂർ സെന്റർ മർത്തമറിയം വനിതാ സമാജം സെന്റർ മീറ്റിംഗും, നോമ്പുകാല കൺവെൻഷനും പാലുണ്ട സെന്റ് മേരിസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നു.

കാതോലിക്കാദിന വാഹനറാലി

മാവേലിക്കര: ഭദ്രാസന പശ്ചിമമേഖലാ യുവജനപ്രസ്ഥാനത്തിന്റെ കാതോലിക്കാദിന വാഹനറാലി 2021 മാർച്ച് 21 ഉച്ചക്ക് 01 മണിക്ക് കാർത്തികപ്പള്ളി കത്തീഡ്രലിൽ നിന്ന് ആരംഭിക്കും. റാലി ചേപ്പാട് തിരുമേനിയുടെ കബറിങ്കൽ എത്തി പ്രാർത്ഥന നിർവ്വഹിച്ചു കറ്റാനം പള്ളിയിൽ എത്തിച്ചേരുന്നതും അവിടെ നിന്ന് ദക്ഷിണ, മധ്യമേഖലകളോട് ചേർന്ന് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കട്ടച്ചിറ പള്ളിൽ എത്തിച്ചേരുന്നതുമാണ്.



കുന്നംകുളം ബഥനിയിലെ ആദ്യകാല അന്തേവാസി, ഔസേഫ് ഉപദേശിയുടെ 70-ാമത് ഓർമ്മ അർത്താറ്റ് മഹാഇടവകയിൽ ജോസഫ് റമ്പാൻ വിശുദ്ധ കുർബാന അർപ്പിച്ചു. കല്ലറയിൽ ജോസഫ് റമ്പാൻ, വികാരി ഫാ. പത്രോസ് പുലിക്കോട്ടിൽ, ഫാ. ബെഞ്ചമിൻ ഒപ്പം ധൂപപ്രാർത്ഥന നടത്തി.



World Human Rights Protection Commission കേരളത്തിൽ ഉണ്ടായ പ്രളയ കാലത്ത് ചെയ്ത മനുഷ്യ ഉപകാരപ്രദമായ പ്രവർത്തനങ്ങളെ മാനിച്ച് ഇടവങ്കാട് സെന്റ് മേരീസ് ഇടവകാംഗം പടാരത്തിൽ ശ്രീ. പി. എം മാത്യുസിന് - ബ്ലെസൻ ഡോക്ടറേറ്റ് നൽകി ആദരിച്ചു.